'പെസഹാ തിരുനാൾ ആരംഭിക്കുന്നതിനുമുമ്പേ, ഈ ലോകത്തിൽനിന്നു തന്റെ പിതാവിന്റെ പക്കലേക്കുള്ള പ്രത്യാഗമനത്തിന്റെ സമയം അടുത്തിരിക്കുന്നു എന്നു ഈശോ അറിഞ്ഞു. അവിടുന്നു തന്റെ സ്വന്തമായിരുന്നവരെ, ലോകത്തിൽ താൻ വിട്ടുപോകാനിരുന്നവരെ അപ്പോഴും സ്നേഹിച്ചിരുന്നു. തന്റെ സ്നേഹത്തിന്റെ ഏററം വലിയ തെളിവു അക്കവ നൽകുവാൻ അവിടുന്നാഗ്രഹിച്ചു.'

—യോഹന്നാൻ XIII: 1

# സത്യദീപം

'പ്രലോഭനങ്ങൾ, അവ ഉപദ്രവകരങ്ങളും സങ്കടകരങ്ങളുമാണെങ്കിലും, മനുഷ്യനു പലപ്പോഴും വളരെ ഗുണകരമാണു', എന്തുകൊണ്ടെന്നാൽ അവമൂലം അവൻ വിനീതനും വിശുദ്ധനും വിജ്ഞനുമായിത്തീരുന്നു. എല്ലാ സിദ്ധന്മാരും ഒട്ടുവളരെ കഷ്ടപ്പാടുകളേയും പ്രലോഭനങ്ങളേയും തരണം ചെയ്യുകയും അവ അവർക്കു പ്രയോജനകരമാകുകയും ചെയ്തിട്ടുണ്ടു്.

—ക്രിസ്ത്വനുകരണം.

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

Reg. No. M. 2293. | 1957 ഏപ്രിൽ 17—ബുധനാഴ്ച | Vol. 30, No. 35

## ഗെത്തസേമിനിയിൽ പീഡകളുടെ മദ്ധ്യേ പ്രാർത്ഥനാനിരതനായ ക്രിസ്തു



"എന്റെ പിതാവേ, കഴിവുണ്ടെങ്കിൽ ഈ പാനപാത്രം എന്നെ കടന്നു പോകട്ടെ; എങ്കിലും ഞാൻ ഇച്ഛിക്കുന്നതുപോലെയല്ല; നീ ഇച്ഛിക്കുന്നതുപോലെ"—മത്തായി 26:39.

# "രക്തസാക്ഷിണിയുടെ നാട്ടിൽ"

(ഫാദർ വർഗ്ഗീസ് പഴേമഠം, റോം)

റോമാനഗരത്തിൽനിന്നും ഏതാണ്ടു് മുപ്പതുമൈൽ അകലെയാണതു്. ഇററലിയുടെ ഒരു തൊടുകുറിയായി പ്രശോഭിക്കുന്ന പച്ചപിടിച്ച ചുററുപാടുകൾ, ചേതോഹരമായ പ്രകൃതിസൗകുമാര്യം. എന്തിനധികം! മനോഹരമായ ഒരു ഭൂപ്രദേശം. നീലിമകലർന്ന മദ്ധ്യധരണ്യാഴി അതിനെ തഴുകി തലോടിക്കൊണ്ടിരിക്കുകയുമാണു്. പക്ഷേ അരശതാബ്ദത്തിനുമുമ്പു് അധികമാരും അതിനെ ഗൗനിച്ചിരുന്നില്ല ഇന്നത്തെപ്പോലെ എന്നുമാത്രം. ഇന്നെന്താണെന്നോ അതിന്റെ പ്രത്യേകത?

1950-ലെ വിശുദ്ധവത്സരം. തന്റെ ചുററും കൂടിയിരുന്ന യുവതീയുവാക്കളോടു് ഒരു വെല്ലുവിളിയെന്നോണം ഒരു ചോദ്യമുന്നയിച്ചു പരിശുദ്ധപിതാവു്, വിശ്വാസത്തിനും വിശുദ്ധപുണ്യത്തിനുമായി വീരോചിതമായ ത്യാഗങ്ങൾ സഹിക്കുവാൻ സന്നദ്ധരാണോ എന്നു്? അവരുടെ ദൃഢനിശ്ചയം ഏകകണ്ഠമായി വിളിച്ചുപറയപ്പെട്ടപ്പോൾ ആ പിതൃഹൃദയം ആനന്ദമണിഞ്ഞു. അവരുടെ മാർഗ്ഗദർശനത്തിനായി ആയിടെ—ജൂൺമാസം 24-ാംനു—വിശുദ്ധരുടെ പട്ടികയിൽ ചേർത്ത ഒരു രക്തസാക്ഷിണിയെ പരിശുദ്ധപിതാവു് ചൂണ്ടിക്കാണിച്ചു. മരിയഗൊരേററി. പിഞ്ചിളംപ്രായത്തിൽതന്നെ കന്യാത്വം കാക്കുവാനായി കഠാരിക്കുമുമ്പിൽ ചഞ്ചലിക്കാതെനിന്നു വീറോടെ പോരാടിയ ഒരു ധീരകുമാരിയായിരുന്നു അവൾ. ചാരിത്ര്യസൂനത്തെ കവർന്നെടുക്കുവാൻ കരുതിപ്പുറപ്പെട്ട കശ്മലന്റെ മുമ്പിൽ അവൾ ഒരു സിംഹിയായി രൂപംപൂണ്ടു. ഒടുവിൽ അവൾ നിസ്സഹായയായി നിലംപതിച്ചു, ഒന്നിനു പിറകെ ഒന്നായുള്ള കഠാരിപ്രയോഗങ്ങളേററു്, വേടന്റെ ക്രൂരമ്പേററ മാൻപേടയ്ക്കു സമം. അവൾ ജീവിച്ചിരുന്ന വീടും, പെരുമാറിയിരുന്ന ചുററുപാടുകളും, അവളുടെ ഇടവകപ്പള്ളിയും, അവളുടെ നാടുതന്നെയും ഒരു തീർത്ഥകേന്ദ്രമായി മാറിയിരിക്കുകയാണു്. അതാണതിന്റെ പ്രത്യേകത. രക്തസാക്ഷിണിയുടെ നാടാണതു്—നെററൂണോ, അതാണാ സ്ഥലം.

ഇററലിയിലെത്തുന്ന ഏവരും നെററൂണോയിലേക്കാകർഷിക്കപ്പെടുകയാണു്. മരിയ നടന്ന പാതയിൽക്കൂടി നടക്കണമവർക്കു്; അവളെ സംസ്കരിച്ച സ്ഥലം ദർശിച്ചു പ്രാർത്ഥിക്കണമവർക്കു്; അവളെ കിടത്തി ചികിത്സിച്ച ആശുപത്രി സന്ദർശിക്കണമവർക്കു്; അവളുടെ പൂജ്യാവശിഷ്ടങ്ങൾ അന്തിമവിലയംകൊള്ളുന്ന ഇടവകപ്പള്ളിയിൽ കയറി പ്രാർത്ഥിക്കണമവർക്കു്. ജീവിച്ചിരുന്ന കാലത്തു് സമീപസ്ഥർക്കുപോലും അജ്ഞാതയായി കഴിച്ചുകൂട്ടിയിരുന്ന ഗ്രാമീണബാലിക നാടിനു വരുത്തിയ പരിവർത്തനം! അവളോടൊത്തു പഠിച്ചിരുന്നസമവയസ്കരായ യുവതീയുവാക്കന്മാരിൽ പലരും ഇന്നും ജീവിച്ചിരിപ്പുണ്ടു്. അറുപത്തിയേഴോടടുത്ത വയസ്സുമാത്രമേ അവർക്കു പ്രായമുള്ളു. പക്ഷേ മരിയയുടെ ജീവിതം ക്ഷണികമെന്നാകിലും എത്രയോ ധന്യധന്യം.

"സാധിച്ചുവേഗമഥവാ
നിജജന്മകൃത്യം
സാധിഷ്ഠർ പോട്ടിഹ
നിശിപാന്ഥപാദം
ബാധിച്ചു രൂക്ഷശില
വാഴ്‌വതിൽനിന്നു മേഘ-
ജ്യോതിസ്സുതൻ
ക്ഷണികജീവിതമല്ലി കാമ്യം"

എന്നു നമുക്കു സമാധാനിക്കാം.

രക്തസാക്ഷിണിയുടെ നാടുകാണുവാനായി അത്യാകാംക്ഷയോടെ ഈ മാർച്ച് 14-ാംനു ഞങ്ങളും പുറപ്പെട്ടു നെററൂണോപട്ടണത്തിലേക്കു്. സമുദ്രതീരത്താണു് മരിയയുടെ ഇടവകപ്പള്ളി സ്ഥിതിചെയ്യുന്നതു്. അതിപ്പോൾ പുതുക്കിപ്പണിതുകൊണ്ടിരിക്കുകയാണു്. വരപ്രസാദനാഥയായ ദൈവജനനിക്കാണതു പ്രതിഷ്ഠിതം. മരിയ ആദ്യകുർബാന സ്വീകരിച്ചതും വേദോപദേശം പഠിച്ചതും, ദിവ്യബലിക്കണഞ്ഞിരുന്നതുമെല്ലാം അവിടെയാണു്. കാഴ്ചകാണാൻ വരുന്നവരെപ്പോലും പ്രാർത്ഥിക്കുവാൻ പ്രേരിപ്പിക്കുന്ന ഒരന്തരീക്ഷമാണു് ആ ദൈവാലയത്തിലും ചുററുപാടും കാണുക. പ്രധാനബലിപീഠത്തിനു് ഇടത്തുവശത്തായുള്ള മനോഹരമായ ചെറുഅൾത്താരയുടെ അടിഭാഗത്തു് ഏവർക്കും ദൃശ്യമാംവിധം, സ്വർഗ്ഗീയദ്യുതിപരന്ന മുഖം അല്പം വലത്തേക്കു ചരിച്ചു് ഒരു ബാലികയുടെ പൂർണ്ണകായരൂപം സ്ഥാപിച്ചിരിക്കുന്നു. ഒരു വെള്ളയങ്കിയാണവൾ അണിഞ്ഞിരിക്കുന്നതു്. അതാണു് മരിയഗൊരേററിയുടെ പ്രതിമ. അതിനുള്ളിൽ നിക്ഷേപിച്ചിരിക്കുകയാണു് ആ വിശുദ്ധയുടെ തിരുശേഷിപ്പുകൾ. ഭക്തിപൂർവ്വം അവിടെ പ്രാർത്ഥിച്ച ഞങ്ങളുടെ ഹൃദയഫലകത്തിൽ അവളുടെ ജീവചരിത്രത്തിലെ പല ഭാഗങ്ങളും പ്രതിബിംബിച്ചുകൊണ്ടിരുന്നു. വിശ്വാസവും വിശുദ്ധപുണ്യവും ആജീവനാന്തം അഭംഗം കാത്തുസൂക്ഷിക്കുവാനായി വേണ്ട അനുഗ്രഹസിദ്ധിക്കായി പ്രാർത്ഥിച്ചു ഞങ്ങൾ തീക്ഷ്ണമായി. പ്രധാന ബലിപീഠത്തിനു് ഇരുവശങ്ങളിലായി മരിയയുടെ മാദ്ധ്യസ്ഥത്താൽ ലഭിച്ച അനുഗ്രഹങ്ങളാൽ കൃതജ്ഞരായ അനേകർ നൽകിയ മെഡലുകൾ തൂക്കിയിട്ടിട്ടുണ്ടു്.

അവൾ വസിച്ചിരുന്ന വീടു കാണണമെന്നായിരുന്നു ഞങ്ങളുടെ അതിയായ ആഗ്രഹം. പള്ളിയിൽനിന്നും ഉദ്ദേശം മൂന്നു മൈലകലെയാണതു്. സസ്യശ്യാമളമായ ഗ്രാമീണഭാഗങ്ങളുടെ മദ്ധ്യേ കൂടിയുള്ള പാതയിൽക്കൂടി ഞങ്ങൾ പ്രയാണം ചെയ്തു. റോമിൽക്കാണാവുന്ന പട്ടണത്തിന്റെ പ്രൗഢിയോ, ബ്രഹ്മാണ്ഡമായ കെട്ടിടങ്ങളോ ഒന്നും അവിടെ കാണുകയില്ല. പക്ഷേ പ്രകൃതിരമണീയമായ ആ ഗ്രാമപ്രദേശത്തിനു് ഒരു പ്രത്യേക ആകർഷണീയതയാണുണ്ടായിരുന്നതു്. പൊതുനിരത്തിൽനിന്നും തൊട്ടകലെ, ഉയരംകുറഞ്ഞ രണ്ടുനില കെട്ടിടത്തിന്റെ മുൻഭാഗത്തു് ഞങ്ങളുടെ കാർ നിന്നു. അടുത്തുണ്ടായിരുന്ന കെട്ടിടത്തിൽ കുട്ടികളെ പഠിപ്പിച്ചിരുന്ന രണ്ടു കന്യാസ്ത്രീകൾ ഞങ്ങൾക്കു സ്വാഗതമരുളി, പ്രസ്തുത രണ്ടുനിലക്കെട്ടിടത്തിന്റെ മുകൾത്തട്ടിലേക്കാനയിച്ചു. അവിടെയാണു് മരിയയുടെ വാസസ്ഥാനം. ഇപ്പോൾ അവിടെ ആരും പാർക്കുന്നില്ല. ആകെ ആറു മുറികളുണ്ടു്. വലത്തുവശത്തുള്ള മൂന്നു മുറികളാണു് മരിയയുടെ വീട്ടുകാരുടേതു്. അവയിൽ മദ്ധ്യത്തിലുള്ള മുറിയായിരുന്നു മരിയയുടേതു്. അധികം വിസ്താരമില്ലാത്ത ഒരു മുറി. കെട്ടിടത്തിന്റെ ഇടത്തുവശത്തുള്ള രണ്ടു മുറികളിലാണു്, (അവളുടെ ഘാതകനായ) അലക്സാണ്ടറും പിതാവും താമസിച്ചിരുന്നതു്. ഇടയ്ക്കുള്ള വിശാലമായ മുറിയാണു്, ഇരുകുടുംബക്കാരുടേയും പൊതുവായുള്ള പാചകശാല. വീട്ടുകാരുടെ ആവശ്യത്തിനുള്ള പൊതുവായ കോവണി ഈ മുറിയിലേക്കാണു് ഘടിപ്പിച്ചിരുന്നതു്. ആ പാചകമുറിയിൽ ഇപ്പോൾ, ദിവ്യബലി അർപ്പിക്കുന്നതിനായി ബലിപീഠം തീർത്തിട്ടുണ്ടു്. ഗോവണിയിൽനിന്നും മുറിയിലേക്കുള്ള പ്രവേശനഭാഗത്തു് ഉൾവശത്തായി കരളലിയിക്കുന്ന ഒരു രൂപം കാണാം, ഘാതകന്റെ കുത്തേററു്, തണ്ടൊടിഞ്ഞ ചെന്താമരപോലെ മരിയ രക്തത്തിൽ കുളിച്ചുകിടക്കുന്നതായ ഒരു രൂപമാണതു്. ആ സ്ഥലത്തുവച്ചാണു് മരിയ കുത്തേററു നിലംപതിച്ചതു്. ഇപ്പോൾ മരിയയുടെ വീടു് പീഡാനുഭവസഭയിൽപെട്ട കന്യാസ്ത്രീകളുടെ മേൽനോട്ടത്തിലാണു്. വീടിനു തൊട്ടടുത്തുതന്നെയാണു്, സംഭവസമയത്തു് മരിയയുടെ മാതാവും മററും ജോലിചെയ്തിരുന്ന ഗോതമ്പുവയൽ. പ്രസ്തുത സ്ഥലമെല്ലാം ചുററിനടന്നു കണ്ടശേഷം ഞങ്ങൾ, മരിയഗൊരേററി കിടന്നു മരിച്ചതായ ആശുപത്രിയിലേക്കു തിരിച്ചു. വീട്ടിൽനിന്നും മൂന്നരമൈൽ അകലെ, നെററൂണോ പട്ടണത്തിൽതന്നെയാണതു്. ഓപ്പറേഷനു ശേഷം അവൾ കിടന്നു മരിച്ചതായ ആ ചെറുമുറി, ഒരു കപ്പേളയായി രൂപംപ്രാപിച്ചിരിക്കുകയാണിന്നു്. അന്നത്തെ ആശുപത്രി ഇന്നിവിടെ കാണുകയില്ല. ദൈവപരിപാലനാഭവനമെന്ന പേരിൽ ഒരു അനാഥമന്ദിരം നടത്തുകയാണവിടെ. മരിയയുടെ ഓപ്പറേഷനുപയോഗിച്ചതായ ഉപകരണങ്ങളെല്ലാം ആ കപ്പേളയിൽ സൂക്ഷിച്ചിട്ടുണ്ടു്. ഇതെല്ലാം കണ്ടു സംതൃപ്തരായ ഞങ്ങൾ, മരിയയെ സംസ്കരിച്ച കുഴിമാടത്തിങ്കലേക്കും പോയിരുന്നു. പൊതുസെമിത്തേരിയിൽത്തന്നെയാണാ സ്ഥലം. നെററൂണോയിലെ പ്രസിദ്ധമായ അമേരിക്കൻ ശ്മശാനവേദിക്കു സമീപമാണു് ആ സെമിത്തേരി. ഇവിടെനിന്നുമാണു്, മരിയയുടെ പൂജ്യാവശിഷ്ടങ്ങൾ, ഇടവകദേവാലയത്തിലേക്കു നീക്കംചെയ്തതു്.

ഈ നൂററാണ്ടിൽ നടന്ന അനുസ്മരണീയസംഭവങ്ങളുടെ മുൻപന്തിയിൽ കാണുന്ന ഒരു യാഥാർത്ഥ്യചിത്രമാണു് മരിയയുടെ രക്തസാക്ഷിത്വം. അതിനു സാക്ഷിയായ പുണ്യസ്ഥലങ്ങൾ കണ്ടു ചാരിതാർത്ഥ്യത്തോടെയാണു് ഞങ്ങൾ മടങ്ങിയതു്. മരിയയുടെ വീരമാതൃക ഏവർക്കും മാർഗ്ഗദീപമായി പരിണമിക്കട്ടെ.


## ഈശോസഭയുടെ മധുര പ്രോവിൻസ്

കേരളത്തിലൊ, തമിഴ്‌നാട്ടിലൊ, ആന്ധ്രദേശത്തൊ പ്രേഷിതവേല ചെയ്യുവാൻ സന്നദ്ധരായവരെ ആവശ്യമുണ്ടു്. ഇൻറർമീഡിയററൊ, പ്രീയൂണിവേഴ്സിററിയോ എങ്കിലും ജയിച്ചുവർക്കു് ഉടനെ സഭയിൽ ചേരാം. സ്കൂൾഫൈനൽമാത്രം പാസായവരാണെങ്കിൽ അവർ തൃശ്ശിനാപ്പള്ളി സെൻറു് ജോസഫ്സ് കോളേജിൽ പ്രീയൂണിവേഴ്സിററി ക്ലാസ്സിൽ ചേർന്നു പഠിക്കേണ്ടിവരും

ബ്രദർമാരാകുവാൻ ആഗ്രഹിക്കുന്നവർ ഒന്നുകിൽ III Form പാസായിരിക്കണം. അല്ലെങ്കിൽ ഇംഗ്ലീഷിൽ സാമാന്യജ്ഞാനവും അതോടൊപ്പം ഏതെങ്കിലും ഒരു തൊഴിൽ പരിചയവും ഉള്ളവരായിരിക്കണം.

കൂടുതൽ വിവരങ്ങൾക്കു് താഴെ കാണുന്ന മേൽവിലാസത്തിൽ അന്വേഷിക്കുക.

REV. FR. SUPERIOR,
JESUIT HOUSE,
ST. ALBERT'S HIGH SCHOOL,
ERNAKULAM-1


# ചോദിച്ചാൽ പറയാം

95. ചോ: സത്യസഭയുടെ പരമാധികാരിയായ വിശുദ്ധ പത്രോസ് ഒരു സുവിശേഷം എഴുതിയിട്ടുണ്ടായിരുന്നുവെന്നും, അതു ക്രൈസ്തവസഭ സ്വീകരിച്ചിട്ടില്ലെന്നും, പത്രോസിനു പരമാധികാരമില്ലായിരുന്നുവെന്നാണു് അതു തെളിയിക്കുന്നതെന്നും ഒരു അകത്തോലിക്കാ വൈദികൻ പറയുകയുണ്ടായി. അതു ശരിയാണോ?

(എം. ജെ. സി. വായ്പൂരു്)

ഉ: സത്യസഭയുടെ പരമാധികാരിയായ വിശുദ്ധ പത്രോസ് ഒരു സുവിശേഷം എഴുതിയതായി യാതൊരു തെളിവുമില്ലാ. പ്രാചീനകാലത്തു് വിശുദ്ധ പത്രോസിന്റെ പേരിൽ ഒരു സുവിശേഷം പ്രത്യക്ഷപ്പെട്ടിരുന്നുവെന്നതു ശരിതന്നെ. പത്രോസിന്റെ സുവിശേഷം, തോമ്മായുടെ സുവിശേഷം, ബർത്തലോമ്യായുടെ സുവിശേഷം, നിക്കോദിമൂസിന്റെ സുവിശേഷം, ഫിലിപ്പോസിന്റെ സുവിശേഷം, യാക്കോബിന്റെ സുവിശേഷം എന്നിങ്ങനെ അനേകം കൃത്രിമ സുവിശേഷങ്ങൾ ആ കാലങ്ങളിൽ പ്രത്യക്ഷപ്പെട്ടിരുന്നു. പക്ഷേ ഇവയൊന്നും ദൈവനിവേശിതഗ്രന്ഥങ്ങളായി സഭ സ്വീകരിച്ചിട്ടില്ല. അതിന്റെ പ്രധാനകാരണം, ഈ സുവിശേഷങ്ങളുടെ കർത്താക്കളെന്നു പറയപ്പെടുന്നവർ നിര്യാതരായി അനേകവർഷങ്ങൾ കഴിഞ്ഞാണു ഇവ നിർമ്മിക്കപ്പെട്ടതെന്നുള്ളതാണു്. അപ്പസ്തോലന്മാരുടെ ശിഷ്യന്മാരായ ആദിമസഭാപിതാക്കന്മാർ ഇവയെ യഥാർത്ഥങ്ങളായി അംഗീകരിച്ചിരുന്നില്ലായെന്നതാണു മറെറാരു കാരണം.

പുതിയ നിയമത്തിൽ ഉൾപ്പെടുത്തപ്പെട്ടിരിക്കുന്ന സുവിശേഷങ്ങളിലും അപ്പസ്തോലികനടപടികളിലും നമ്മുടെ കർത്താവിന്റെ ബാല്യത്തെപ്പററിയോ, അവിടത്തെ മാതാവിനെപ്പററിയോ, വിശുദ്ധ പൗലോസ് ഒഴികെയുള്ള അപ്പസ്തോലന്മാരുടെ പ്രവർത്തനങ്ങളെപ്പററിയോ വിസ്തരിച്ചൊന്നും പറഞ്ഞിട്ടില്ലല്ലോ. ജനങ്ങൾക്കു അവയെപ്പററി കൂടുതലായി അറിയുവാൻ ആഗ്രഹമുണ്ടാകുക സ്വാഭാവികമാണു്. ഇതു മനസ്സിലാക്കിയ രണ്ടാം നൂററാണ്ടിലെ ചില ഗ്രന്ഥകാരന്മാർ തങ്ങൾ കേട്ടിട്ടുള്ള സംഗതികളെ രേഖപ്പെടുത്തുകയും, അവയുടെ വിശ്വാസ്യതക്കായി അപ്പസ്തോലന്മാരുടെ നാമങ്ങൾ അതിനോടു ബന്ധിക്കുകയുമാണു് ഉണ്ടായിട്ടുള്ളതു്. അങ്ങനെ കർതൃത്വത്തിൽ തന്നെ അവ കൃത്രിമങ്ങളും വ്യാജനിർമ്മിതങ്ങളുമായിരിക്കുന്നു. ഇനി ഉള്ളടക്കം സംബന്ധിച്ചാണെങ്കിൽ, അവയിൽ വസ്തുതകളെന്നപോലെ കിംവദന്തികളും അതിശയോക്തികളും വളരെയധികം കടന്നുകൂടിയിട്ടുണ്ടു്. ഇക്കാരണങ്ങളാലാണു സഭ അവയെ ദൈവനിവേശിതഗ്രന്ഥങ്ങളായി അംഗീകരിക്കാതിരുന്നിട്ടുള്ളതു്.

ഇപ്പോൾ വേദപുസ്തകത്തിൽ ഉൾപ്പെടുത്തപ്പെട്ടിരിക്കുന്ന ഗ്രന്ഥങ്ങൾ എല്ലാം ദൈവനിവേശിതങ്ങളായി ആദിമസഭാപിതാക്കന്മാർ അംഗീകരിച്ചിരുന്നു. വിശുദ്ധ ജസ്റ്റിൻ, ടാഷ്യൻ, കൊറിന്ത്യായിലെ വിശുദ്ധ ഡെനീസ് മുതലായ സഭാപിതാക്കന്മാരുടെ ഗ്രന്ഥങ്ങൾ ഇതിനു തെളിവാണു്. ഇവരാരും പത്രോസിന്റെ സുവിശേഷത്തെപ്പററി അനുസ്മരിക്കുന്നതേയില്ല. എ. ഡി. 202-ൽ നിര്യാതനായ ഇരനേവൂസാകട്ടെ വേദപുസ്തകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന നാലു സുവിശേഷങ്ങളെ മാത്രമേ ദൈവനിവേശിതങ്ങളായി സ്വീകരിക്കുന്നുള്ളു. സുവിശേഷനാമങ്ങളോടെ പ്രത്യക്ഷപ്പെട്ടിരിക്കുന്ന ബാക്കിയെല്ലാം കൃത്രിമങ്ങളായി അദ്ദേഹം തിരസ്കരിച്ചിരിക്കുന്നു. തെർത്തുല്യൻ, അലക്സാന്ത്രിയായിലെ ക്ലെമൻറു് മുതലായവരുടെ നിലയും ഇങ്ങനെ തന്നെ.

ആകയാൽ "പത്രോസിന്റെ സുവിശേഷ"വും വിശുദ്ധ പത്രോസിന്റെ പരമാധികാരവും തമ്മിൽ യാതൊരു ബന്ധവുമില്ലെന്നു വ്യക്തമാണല്ലോ.

96. ചോ: ക്രിസ്തുവർഷത്തിന്റെ ആരംഭം ക്രിസ്തു ജനിച്ച അന്നുമുതലാണെങ്കിൽ, എല്ലാ കൊല്ലവും ക്രിസ്തുമസ് ആഘോഷിക്കേണ്ടതു ജനുവരി ഒന്നാം തീയതിയല്ലേ?

(സി. എ. കരാഞ്ചിറ)

ഉ: ഇപ്പോൾ ലോകത്തിൽ സാർവ്വത്രികമായി അംഗീകരിച്ചുപോരുന്ന കാലഗണന ക്രിസ്തുവർഷമാണു്. റോമയിൽ താമസിച്ചിരുന്ന ഒരു സിതിയൻ സന്യാസിയായ ഡയോണിഷ്യസ് എക്സിഗ്വൂസ് ആണു് എ. ഡി. 527-ൽ ഈ വർഷഗണന നടപ്പാക്കിയതു്. റോമാനഗരത്തിന്റെ സ്ഥാപനാനന്തരം 753-ാം വത്സരത്തിൽ ക്രിസ്തു ജനിച്ചുവെന്നു അദ്ദേഹം കണക്കാക്കി. ആ അടിസ്ഥാനത്തിലാണു അദ്ദേഹം ക്രിസ്തുവർഷം ആരംഭിച്ചതും. അങ്ങനെ റോംവത്സരം 753, എ ഡി. 1-ാം വത്സരമായി കണക്കാക്കപ്പെട്ടു. ക്രിസ്തുവർഷത്തെ ആനോ ദോമിനി (Anno Domini) എ. ഡി. എന്നും, ക്രിസ്തുവിനു മുൻപുള്ള വർഷങ്ങളെ ആൻെറ ക്രിസ്തും (Ante Christum A. C. or Before Christ B. C.) എന്നും നാമകരണം ചെയ്യപ്പെട്ടു.

എന്നാൽ ഡയോണിഷ്യസിന്റെ ഈ കാലഗണനയിൽ പ്രമാദം പററിയിട്ടുണ്ടെന്നു അഭിപ്രായമുള്ള പണ്ഡിതന്മാരുണ്ടു്. ക്രിസ്തു ജനിച്ചതു് റോമാവർഷം 750-ൽ (ബി. സി. 3-ൽ) ആണെന്നാണു അവരുടെ അഭിപ്രായം. അങ്ങനെയെങ്കിൽ ക്രിസ്തുവിനു 3 വയസ്സുള്ളപ്പോഴാണു് ക്രിസ്തുവർഷം തുടങ്ങുന്നതെന്നു സമ്മതിക്കണം. പ്രസിദ്ധ പണ്ഡിതനായ ടി. കോർബിഷ്‌ലി എസ്. ജെ. യാകട്ടെ, ബി. സി. 8 ലാണു് ക്രിസ്തുവിന്റെ ജനനമെന്നു അഭിപ്രായപ്പെടുന്നു. ലോകചരിത്രത്തിലെ ചില സമകാലികസംഭവങ്ങളെ ആസ്പദമാക്കിയാണു് പണ്ഡിതന്മാർ ഇങ്ങനെ അഭിപ്രായപ്പെടുന്നതു്. ഇതേപ്പററി ഖണ്ഡിതമായ ഒരു തീരുമാനം ചെയ്യുക, കിട്ടിയിട്ടുള്ളിടത്തോളം വസ്തുതകൾ വച്ചുകൊണ്ടു്, സാദ്ധ്യമല്ലാതാണി

(ശേഷം 11-ാംപേജിൽ)

# പീഡാനുഭവത്തിലെ ദിവ്യസന്ദേശം

(ഏ. എഫ്. വെള്ളാനിക്കാരൻ)

മാനവചരിത്രത്തിൻെറ ചില ഘട്ടങ്ങളിൽ മനുഷ്യസഞ്ചയത്തെ ആകമാനം ആകർഷിക്കുന്നവരും സ്വാധീനിക്കുന്നവരുമായ ആരാധ്യപുരുഷന്മാരെ നമുക്കു കാണുവാൻ കഴിയും. അങ്ങനെയുള്ള മഹാന്മാരെ നാം വീരപുരുഷന്മാർ എന്നുൽഘോഷിക്കുന്നു. എന്നാൽ ഇവരുടെ പ്രാഭവവും സ്വാധീനതയും പലപ്പോഴും ദീർഘനാൾ നീണ്ടുനില്ക്കുന്നില്ല; ചിലരുടെ ജീവിതകാലത്തുതന്നെ അവർ നിഷ്പ്രഭരും തിരസ്കൃതരുമായിത്തീരുന്ന ദയനീയസംഭവങ്ങളും വിരളമല്ല.

ഈ സാധാരണഗതിയിൽനിന്നു വ്യത്യസ്തനായി നിലകൊള്ളുന്ന ഒരു മഹാപുരുഷനെ നമുക്കു ചരിത്രം കാണിച്ചുതരുന്നുണ്ടു്. അതു മററാരുമല്ല; പഴയകാലചരിത്രത്തിനു അതിർത്തിവച്ചു് പുതിയ ചരിത്രം സമാരംഭിച്ച ലോകൈകഗുരുവായ ക്രിസ്തുനാഥനാണു്. അവിടുന്നു ജീവിച്ചുമരിച്ചിട്ടു പത്തൊമ്പതരനൂററാണ്ടുകൾ കടന്നുപോയെങ്കിലും അവിടുത്തെ ചൈതന്യപ്രകർഷം തലമുറതലമുറകളായി ഭൂമുഖത്തു വെട്ടിത്തിളങ്ങിക്കൊണ്ടിരിക്കുകയാണു്. ഒരു യുഗത്തിലും ക്രിസ്തുനാഥൻ പഴഞ്ചനല്ല, പരിത്യാജ്യനല്ല. അവിടുത്തെ സ്വാധീനതയും ആകർഷണീയതയും കാലംചെല്ലുന്തോറും പൂർവ്വാധികം ജീവത്തായിത്തീരുകയാണു്. ആധുനികജീവൽപ്രശ്നങ്ങൾക്കു്, രണ്ടായിരം കൊല്ലങ്ങൾക്കു മുമ്പു് ജീവിച്ചിരുന്ന "മനുഷ്യപുത്രൻെറ" സമാധാനങ്ങൾക്കാണു് കൂടുതൽ പ്രസക്തിയും കാര്യക്ഷമതയും കാണുന്നതു്. ഒരിക്കലും നിഷ്പ്രഭമാകാത്ത ക്രിസ്തുവിൻെറ ഈ സജീവത്വം എവിടന്നാണു മുളയെടുക്കുന്നതു്? അവിടുത്തെ പീഡാനുഭവങ്ങളിലും കുരിശുമരണത്തിലുംനിന്നത്രെ. ക്രിസ്തുവിൻെറ കുരിശുമരണം ഒരു അണുബോമ്പു പൊട്ടലായിരുന്നുവെന്നു പറയാം. യുഗയുഗാന്തരങ്ങളിലുള്ള ജനപദങ്ങളുടെ ഉൾത്തടങ്ങളിൽ ക്രിസ്തീയാദർശങ്ങളുടെ പ്രസരണമാണു് അതു നിർവ്വഹിച്ചുകൊണ്ടിരിക്കുന്നതു്. ഈ വസ്തുതയാണു്, "ഞാൻ ഉയർത്തപ്പെടുമ്പോൾ എല്ലാം എന്നിലേക്കു് ആകർഷിക്കപ്പെടും" എന്നുള്ള ക്രിസ്തുനാഥൻെറ വാക്കുകളിൽ പ്രതിധ്വനിച്ചുകൊണ്ടിരിക്കുന്നതു്.

ക്രിസ്തുവിൻെറ ഇത്ര മഹത്തും ജീവദായകവുമായ പാടുപീഡകളേയും കുരിശുമരണത്തേയുംപററി ഈ അവസരത്തിൽ പരിചിന്തിക്കുന്നതു് ഉപകാരപ്രദമായിരിക്കുമല്ലോ.

പീഡാനുഭവങ്ങളുടെ പ്രഥമരംഗവും സമഗ്രപ്രതീകവും ഗദ്സെമിൻതോട്ടത്തിൽവച്ചു അവിടുന്നു അനുഭവിക്കുന്ന മനോവ്യഥയാണെന്നു പറയാം.

ഒടുവിലത്തെ അത്താഴാനന്തരം ദിവ്യരക്ഷകൻ ഗദസെമിൻതോട്ടത്തിലേക്കു് പുറപ്പെട്ടു; തൻെറ പ്രിയപ്പെട്ട അപ്പസ്തോലസംഘവും തൻെറ കൂടെയുണ്ടായിരുന്നു. അർദ്ധരാത്രിയോടടുത്തസമയം; നിശയുടെ മൂകതയും തോട്ടത്തിലെ ഏകാന്തതയും ഭീകരമായൊരു അന്തരീക്ഷംതന്നെ അവിടെ സൃഷ്ടിച്ചു. നീലാകാശത്തിൽ പകച്ചുനില്ക്കുന്ന ശശിബിംബത്തിൻെറ മങ്ങിയ പ്രകാശവീചികൾ, ഉയർന്നുനില്ക്കുന്ന ഒലിവുവൃക്ഷങ്ങളിൽ തട്ടി ചുററുപാടും നിഴൽപരത്തിട്ടുണ്ടു്. ആ മൂടുപടത്തിൽ പൊതിഞ്ഞു് അങ്ങിങ്ങായി ചിതറിക്കിടക്കുന്ന പാറക്കെട്ടുകൾ കൂടുതൽ വിരസമായി കാണപ്പെട്ടു. തങ്ങളുടെ ദിവ്യഗുരുവിനെ അനുഗമിച്ചിരുന്ന ആ ശിഷ്യഗണം അവിടെ എത്തിയതോടുകൂടി ക്ഷീണിതരും നിദ്രാധീനരുമായിത്തീർന്നിരുന്നു. ഒരുവിധഗൗരവചിന്തയും ഉത്തരവാദിത്വബോധവും അവരിൽ കണ്ടില്ല. "ഒന്നുറങ്ങിയാൽ മതി" എന്നുള്ള ക്ഷീണഭാവമാണു് അവരുടെ മുഖങ്ങളിൽ നിഴലിച്ചിരുന്നതു്. സന്ദർഭത്തിൻെറ ഗൗരവം ലവലേശം അവരെ സ്പർശിച്ചുകാണുന്നില്ല.

ക്രിസ്തുനാഥനാകട്ടെ ചിന്താകുലനായിരുന്നു. ചിന്താഭാരത്താൽ അവിടുന്നു വിവശനുമായിരുന്നു. പ്രാർത്ഥനമാത്രമാണു അവിടുത്തേക്കിപ്പോൾ ഏകാവലംബം. അവിടുന്നു തോട്ടത്തിൻെറ അന്തർഭാഗത്തേക്കു കുറേക്കൂടി നീങ്ങി തൻെറ ആത്മമിത്രങ്ങളായ പത്രോസും ജെയിംസും യോഹന്നാനും അപ്പോഴും അവിടുത്തെക്കൂടെയുണ്ടായിരുന്നു. എന്നാൽ അവരും മററുള്ളവരെപ്പോലെ ഉറക്കംതൂങ്ങുകയാണു്.


ദിവ്യനാഥൻ അവരെ ഒരിടത്തിരുത്തിയിട്ടു്, അടുത്തുള്ള ഒരു പാറക്കെട്ടിനെ സമീപിച്ചു് അവിടെ സാഷ്ടാംഗപ്രണാമംചെയ്തു ചുട്ടുനീറുന്ന ഹൃദയവ്യഥയോടുകൂടി അവിടുന്നു തൻെറ പരമപിതാവിനോടു കേണപേക്ഷിക്കുവാൻതുടങ്ങി: "പിതാവേ, കഴിയുമെങ്കിൽ ഈ കാസാ എന്നിൽനിന്നു നീക്കിത്തരേണമേ; എന്നാൽ എൻെറ ഇഷ്ടമല്ല, അവിടുത്തെ ഇഷ്ടം നിറവേറണം." ഹൃദയം പൊട്ടിപ്പുറപ്പെട്ട ഈ പ്രാർത്ഥനയുടെ മാറെറാലി നിശയുടെ നിശ്ശബ്ദതയിലൂടെ സ്വർഗ്ഗത്തിലേക്കുയർന്നു. എന്നിട്ടും ശിഷ്യന്മാർ നിദ്രയിൽപ്പെട്ടു കിടക്കുകയായിരുന്നു. അവിടുന്നു അവരെ തട്ടിയുണർത്തി ചോദിച്ചു: "നിങ്ങൾക്കു ഒരു മണിക്കൂർ നേരമെങ്കിലും എന്നോടുകൂടി ഉണർന്നിരിക്കുന്നതിനു കഴികയില്ലേ?" ഫലം ഒന്നുമുണ്ടായില്ല. നിസ്സഹായനായി അവിടുന്നു വീണ്ടും പ്രാർത്ഥനയിൽ പ്രവേശിച്ചു. കുറേക്കഴിഞ്ഞു് അവിടുന്നു ഒരിക്കൽക്കൂടി തൻെറ സ്നേഹഭാജനങ്ങളുടെ സഹകരണം തേടി. അപ്പോഴും അവർ പഴയപടിതന്നെ. ആകാശത്തിലെ ചന്ദ്രനക്ഷത്രാദികളും തോട്ടത്തിലെ ഒലിവുവൃക്ഷങ്ങളുംമാത്രമാണു് തൻെറ പാരവശ്യത്തിനു താങ്ങായി ഉണ്ടായിരുന്നതു്. സ്വാർത്ഥപ്രിയനായ മനുഷ്യനിൽനിന്നൊന്നും പ്രതീക്ഷിക്കേണ്ടതില്ലല്ലോ.

അവിടുന്നു ഏകാകിയായി പ്രാർത്ഥനതുടർന്നു. മനംതകർന്നുള്ള പ്രാർത്ഥനയുടെ തീവ്രതമൂലം അവിടുന്നു സർവ്വാംഗം ചോരവിയർത്തുതുടങ്ങി. മുട്ടുകുത്തിയിരുന്നിടം മുഴുവനും അവിടുത്തെ പരിപാവനരക്തത്താൽ നനഞ്ഞു; പാപത്താൽ വരണ്ടിരുന്ന ഭൂമി ആർത്തിയോടുകൂടി ആ ദിവ്യാമൃതം വലിച്ചുകുടിക്കുകയാണു്.

ലോകോദ്ധാരണാർത്ഥം സമരത്തിനിറങ്ങിപ്പുറപ്പെട്ടിരിക്കുന്ന ക്രിസ്തുവിൻെറ ചിത്രമാണു് നാം ഇവിടെ കാണുന്നതു്! അവിടുന്നു ഗാഗുൽത്തായുടെ ഉച്ചിവരെയെത്തുന്ന അവിടുത്തെ രക്ഷണീയസമരത്തിൻെറ വിജയസോപാനത്തിലേക്കു നീങ്ങുകയാണു്.

ക്രിസ്തുനാഥൻ സത്യമായ ദൈവവും സത്യമായ മനുഷ്യനുമാണു്. അതുകൊണ്ടു് അവിടുത്തെ മനുഷ്യപ്രകൃതി യഥാർത്ഥമാണു്, മറേറതൊരു മനുഷ്യൻേറതുപോലെതന്നെയാണു്. ഭയാനകമായ ഏതാരാപത്തിൻേറയും മുമ്പിൽ, വിജയം എത്ര സുനിശ്ചിതമായിരുന്നാലും മനുഷ്യൻ ഉൽക്കണ്ഠാഭരിതനായിത്തീരുക സ്വാഭാവികമാണു്. ഈ സ്വാഭാവികഉല്ക്കണ്ഠയാണു് നാം ക്രിസ്തുവിലും ദർശിക്കുന്നതു്.

ക്രിസ്തുവിൻെറ പാരവശ്യത്തിനു നാനാമുഖങ്ങളായ കാരണങ്ങളുണ്ടു്. ഒരുവശത്തു് അതിദാരുണങ്ങളും ദുസ്സഹവുമായ പാടുപീഡകളും ഏററവും നിന്ദ്യമായ കുരിശുമരണവും; ഒരുവിധത്തിലുമർഹിക്കാത്തതും നീതിയെ ചുട്ടുകരിക്കുന്നതുമായ ഒരു ദുഷ്ടവധമാണു് തൻെറമേൽ അടിച്ചേല്പിക്കുന്നതു്. തൻെറ ഉററമിത്രംപോലും ഇതിനു കൂട്ടുനില്ക്കുകയും ചെയ്യുന്നു. മറെറാരുവശത്തുകൂടി നോക്കുമ്പോൾ നന്ദിഹീനരായ മനുഷ്യരുടെ പാപക്രൂരതകളാണു് അവിടുത്തെ ദൃഷ്ടിയിൽ പെടുന്നതു്. ഇതോടൊപ്പം വേറൊരു ദയനീയ കാഴ്ച: എത്രയെത്ര ദുർഭഗരാണു് തൻെറ രക്ഷണീയവേലയുടെ ഫലമനുഭവിക്കാതെ നശിച്ചുപോകുക!



ഗാഗുൽത്തായിലെ മഹായജ്ഞം പൂർത്തിയാകുന്നു.
"ഞാൻ ഉയർത്തപ്പെടുമ്പോൾ എല്ലാം എന്നിലേക്കു ആകർഷിക്കപ്പെടും"

പരിഭ്രമജനകമായ ഈ പരിതസ്ഥിതിയിൽ എങ്ങനെ ക്രിസ്തുനാഥൻ ചിന്താകുലനാകാതിരിക്കും? ഇതൊക്കെ ഗ്രഹിച്ചിട്ടും ദർശിച്ചിട്ടും ക്രിസ്തുവിൻെറ മാനുഷികഹൃദയം അക്ഷോഭ്യമായിരിക്കുന്നെങ്കിലല്ലേ ആശ്ചര്യപ്പെടേണ്ടതു്?

അവിടുത്തെ അകംനീറുന്ന പ്രാർത്ഥനയുടെ നെടുവീർപ്പുകൾ അന്തരീക്ഷത്തിൽ ലയിച്ചുചേർന്നു. ശോകഭാരത്താൽ അവിടുന്നു ക്ഷീണിച്ചുതളർന്നു. രക്തകണങ്ങൾ ശരീരമാസകലം നനച്ചു. ഒരാശ്വാസമോ സഹായമോ ഒരിടത്തുനിന്നുപോലുമില്ല. "പിതാവേ" എന്നൊരു വിളിമാത്രമാണു് അവിടുത്തെ ഏകാവലംബം.

ഒടുവിൽ പിതാവിൻെറ സന്ദേശവുംകൊണ്ടു് മാലാഖാ അവിടുത്തെ തിരുസന്നിധിയിൽ പ്രത്യക്ഷപ്പെടുന്നു. സന്ദേശം മറെറാന്നുമല്ലായിരുന്നു; കൈപ്പുനിറഞ്ഞ കാസാ പാനംചെയ്യുകതന്നെവേണം. ദിവ്യനാഥനെ ഏതെല്ലാം ദർശനങ്ങൾ പരവശനും ഭയവിഹ്വലനുമാക്കിയോ അവയെല്ലാം ഒന്നൊഴിയാതെ അവിടുന്നു അഭിമുഖീകരിക്കുകതന്നെവേണമെന്നു സാരം.

മാലാഖായുടെ സന്ദേശസ്വീകരണാനന്തരം ക്രിസ്തുവിനെ നാം കാണുന്നതു്, രാജോചിതമായ ധീരോദാത്തതയോടുകൂടി ലോകം മുഴുവനും പിടിച്ചടക്കുവാൻ മുന്നേറുന്ന ഒരു വീരസേനാനിയായിട്ടാണു്. അവിടുത്തെ മുന്നേററം നൂറു ശതമാനം വിജയിക്കുകയുംചെയ്തു.

ഓരോ ക്രിസ്ത്യാനിയും മറെറാരു ക്രിസ്തുവാണെന്നുള്ളതാണല്ലോ വാസ്തവം. അതുകൊണ്ടു് ക്രിസ്തുവിൻെറ തിക്താനുഭവങ്ങൾ ഒരു ചെറിയതോതിലെങ്കിലും നമുക്കോരോരുത്തർക്കും അനുഭവപ്പെടാതിരിക്കുകയില്ല—അതാണു് ക്രിസ്തീയജീവിതം. നാം ക്രിസ്തീയജീവിതത്തിലേക്കു് ആത്മാർത്ഥമായി ഇറങ്ങിപ്പുറപ്പെടുന്ന പ്രഥമഘട്ടമായിരിക്കും ഒരുപക്ഷെ നമ്മുടെ ഏററവും വലിയ ദുർഘടസന്ധി. ആരംഭഘട്ടം വിജയപൂർവ്വം നാം തരണം ചെയ്യുകയാണെങ്കിൽ ലക്ഷ്യപ്രാപ്തി സുനിശ്ചിതമാണെന്നു പറയുകയുംചെയ്യാം.

പലക്കും ദിവസത്തിൻെറ പ്രഥമമണിക്കൂറാണു് ഏററവും പ്രയാസകരമായി കാണപ്പെടുക—സുഖനിദ്ര വെടിയണം; തുറിച്ചുനോക്കിക്കൊണ്ടിരിക്കുന്ന കുടുംബപ്രശ്നങ്ങളോടു ഏററുമുട്ടുവാൻ തയ്യാറാകണം. ഒരു തൊഴിലാളിയാണെങ്കിൽ വിശ്രമരഹിതമായ ജോലിക്കിറങ്ങിപ്പുറപ്പെടണം; എന്നാൽതന്നെ കുടുംബം പുലർത്തുന്നതിനു പ്രയാസം. പുലരിയോടുകൂടി കണ്ണുതുറക്കുന്ന രോഗി അസഹ്യതയുടെ നീണ്ട മണിക്കൂറുകളാണു് മുമ്പിൽ കാണുന്നതു്. കുടുംബിനിയായ ഒരു മാതാവിനു അനുഭവപ്പെടുന്ന ഏററവും അലോ


## മലയാററൂർ

## പുതുഞായറാഴ്ചതിരുനാൾ

ഏപ്രിൽ 22-ാംനു ആരംഭിച്ചു 28-ാംനു അവസാനിക്കുന്നതാണു്. തീർത്ഥകരുടെ യാത്രാസൗകര്യത്തിനായി വേണ്ടത്ര ഏർപ്പാടുകൾ ചെയ്തിട്ടുണ്ടു്. മേയ് 5-ാംനു പതിവുപോലെ എട്ടാമിടവും ഉണ്ടായിരിക്കും.

എന്നു വികാരി

വിമർശനപംക്തി

# മാർപ്പാപ്പാമാരെപ്പററി

ചില മനുഷ്യർക്ക് ഒരു ബലഹീനസ്വഭാവമുണ്ട്. വീണതു വിദ്യയാക്കുകയാണത്. അറിഞ്ഞോ അറിയാതെയോ ഒരു അബദ്ധത്തിൽ നിപതിച്ചുപോയാൽ, ഉടനെ അതിനെ ന്യായീകരിക്കുവാനുള്ള മാർഗ്ഗങ്ങൾ തേടുകയായി. താൻ നിപതിച്ചിരിക്കുന്നതു് അബദ്ധത്തിലാണോ, ആണെങ്കിൽ അതിൽനിന്നു രക്ഷനേടുവാനുള്ള മാർഗ്ഗമെന്താണ്, എന്നതിനേക്കാൾക്കൂടുതലായി മററുള്ളവരുടെ ദൃഷ്ടിയിൽ തന്റെ തൽക്കാലനില ന്യായീകരിച്ചു കാണിക്കുവാൻ വല്ല മാർഗ്ഗങ്ങളുമുണ്ടോ എന്നതിലാണവരുടെ ചിന്ത പോകുന്നതു്. പലപ്പോഴും ഇതു വ്യർത്ഥാഭിമാനത്തിന്റെ പേരിലായിരിക്കും. പക്ഷെ അബദ്ധം സ്വന്ത ആത്മാവിന്റെ കാര്യത്തിലായിരിക്കുമ്പോൾ, ഈ വ്യർത്ഥാഭിമാനപ്രകടനം അപകടകരമായിത്തീരുമെന്നു് അവർ അറിയുന്നില്ല.

കത്തോലിക്കാ സഭയിൽനിന്നു പിണങ്ങിപ്പിരിഞ്ഞുപോയ മിക്ക ശീശ്മകളും ഇടത്തുടുകളും അങ്ങനെ ചെയ്തതു് പത്രോസിന്റെ പരമാധികാരത്തെച്ചൊല്ലിയോ, റോമാമാർപ്പാപ്പാമാരുടെ പിന്തുടർച്ചാവകാശത്തെ പരിഗണിച്ചോ ആയിരുന്നില്ല. എന്നാൽ ശീശ്മയിലും ഇടത്തുടിലും പെട്ടശേഷം, തങ്ങളുടെ നില ന്യായീകരിക്കാനെന്നോണം അവരിൽ പലരും പത്രോസിന്റെ പരമാധികാരത്തെയും മാർപ്പാപ്പാമാരുടെ പിന്തുടർച്ചാവകാശത്തെയും ചോദ്യം ചെയ്തു. ഇങ്ങനെ ചെയ്തതിൽ മുൻപന്തിയിൽ നില്ക്കുന്നതു് 16-ാം നൂററാണ്ടിലെ പ്രോട്ടസ്റ്റൻറു മതവിപ്ലവക്കാരാണ്.

അവരിൽ ഒരുഭാഗക്കാർ പത്രോസിന്റെ പരമാധികാരത്തെ ചോദ്യംചെയ്തുനോക്കി. അതിൽ വിജയിക്കുന്നില്ലെന്നു കണ്ടപ്പോൾ മാർപ്പാപ്പാമാരുടെ പിന്തുടർച്ചാവകാശത്തെ ചോദ്യം ചെയ്യുകയായി. ചില മാർപ്പാപ്പാമാരുടെ സ്വകാര്യജീവിതത്തെ വെളിച്ചത്തുകൊണ്ടുവന്നു പരമാധികാരം നിഷേധിക്കാമോയെന്നു പരീക്ഷിച്ചു. ഇതിലേക്കു മാർപ്പാപ്പാമാരെപ്പററി ശത്രുക്കൾ പ്രചരിപ്പിച്ചിരുന്ന സകല കെട്ടുകഥകളും അവർ വേദവാക്യംപോലെ സ്വീകരിച്ചു; മാത്രമല്ല, സ്വേച്ഛാനുസൃതം പല ചരിത്രങ്ങളും സൃഷ്ടിക്കുകയും ചെയ്തു. ഇന്നും ആ കള്ളക്കഥകളെ ആലംബമാക്കി മാർപ്പാപ്പാമാരുടെ പരമാധികാരത്തെ ചോദ്യം ചെയ്യുവാനും സത്യസഭയിൽ പ്രവേശിക്കാതിരിക്കുവാനും മർക്കടമുഷ്ടി പിടിക്കുന്ന ആളുകളുണ്ട്.

മാർപ്പാപ്പാക്കെതിരായി വല്ല ഓണം കേറാമൂലകളിലും വല്ലവരും വല്ലതും എഴുതിയിട്ടുണ്ടെങ്കിൽ അതു തേടിപ്പിടിക്കുവാൻ അവർക്കു ബഹുവിരുതാണ്. എന്നാൽ ആ അബദ്ധങ്ങളെ തിരുത്തിയിട്ടുള്ള മഹാപണ്ഡിതന്മാരുടെ ഗ്രന്ഥങ്ങളെ അവർ കണ്ടാലും കാണുകയില്ല. പത്രോസിന്റെ പരമാധികാരത്തെയും മാർപ്പാപ്പായുടെ ആധിപത്യത്തെയും പററി പ്രോട്ടസ്റ്റൻറുകാർ പുറപ്പെടുവിച്ചിട്ടുള്ള എല്ലാ ആക്ഷേപങ്ങൾക്കും മറുപടി നൽകിയും, ശരിയായ ചരിത്രം ചൂണ്ടിക്കാണിച്ചും പണ്ഡിതവരേണ്യനായ ഫാദർ പ്ലാസിഡ് അവർകൾ 1935-ൽ തന്നെ, "തിരുസഭയും മാർപ്പാപ്പായും" എന്നപേരിൽ ഒരു ബൃഹത്ഗ്രന്ഥം പ്രസിദ്ധം ചെയ്തിട്ടുണ്ട്. മലയാളവായനക്കാർക്കു സൗകര്യപ്രദമായി ഇങ്ങനെയൊരു ഗ്രന്ഥം ഉണ്ടായിരുന്നിട്ടും, ഇപ്പോഴും ചിലർ അവിതർക്കിതങ്ങളെന്നപോലെ, പാപ്പാധിപത്യത്തിനെതിരായി ചില പഴഞ്ചൻവാദങ്ങൾ പൊക്കിക്കൊണ്ടു വരുന്നതാണ് വിചിത്രമായിരിക്കുന്നതു്.

ശ്രീ വി എം മാത്യു (വടക്കേക്കര, ആനിക്കാട്) ഞങ്ങൾക്ക് മാർപ്പാപ്പാമാരുടെ സ്വകാര്യജീവിതത്തെ പരാമർശിക്കുന്ന ഒരു ഡസൻ ചോദ്യങ്ങൾ അയച്ചു തന്നിരിക്കുന്നു. ഇതേവരെ ഭരണം നടത്തി ദിവംഗതരായിരിക്കുന്ന 260 മാർപ്പാപ്പാമാരിൽ 26 പേരെപ്പററിയും ഈ ചോദ്യങ്ങളിൽ അദ്ദേഹം ആക്ഷേപം ഉന്നയിച്ചിട്ടുണ്ട്. "ഉദാഹരണമായി ഇത്രയും" എന്നും മററുമുള്ള പ്രയോഗങ്ങൾ ഉള്ളതുകൊണ്ടു വേറേ മാർപ്പാപ്പാമാരെപ്പററിയും അദ്ദേഹത്തിനു പരാതി ഉണ്ടെന്നു വേണം കരുതുവാൻ. ഈ മാർപ്പാപ്പാമാരുടെ സ്വകാര്യജീവിതത്തെപ്പററിയാണ് അദ്ദേഹത്തിന്റെ ആക്ഷേപം.

ഈ ചോദ്യങ്ങൾക്കെല്ലാം തലക്കുറിപ്പായി ഗൗരവമായ ഒരു ചോദ്യം അദ്ദേഹം ഉന്നയിക്കുന്നുണ്ട്. "എന്റെ നിഗമനങ്ങൾ ശരിയാണെങ്കിൽ ഞാൻ രക്ഷയ്ക്കുവേണ്ടി റോമാസഭയിൽ ചേരണമോ?" എന്നതാണതു്. നിഗമനങ്ങൾ തെററാണെങ്കിൽ റോമാസഭയിൽ ചേരുവാൻ അദ്ദേഹം ഒരുക്കമാണെന്നു് ഇതിൽനിന്നു് അനുമിക്കുന്നതു് അബദ്ധമായിരിക്കും. എന്തെന്നാൽ രക്ഷയ്ക്കുവേണ്ടി എന്തു ചെയ്യണമെന്നല്ലാ, റോമാസഭയിൽ ചേരാതിരിക്കുവാൻ എന്തെങ്കിലും മുടന്തൻന്യായം കണ്ടുപിടിക്കുവാൻ സാധിക്കുമോയെന്ന കാര്യത്തിലാണ് അദ്ദേഹം വ്യഗ്രനായിരിക്കുന്നതു്. അങ്ങനെയുള്ളവർ രക്ഷയുടെ മാർഗ്ഗം കണ്ടുപിടിക്കുക എളുപ്പമല്ലല്ലോ. ന്യൂമാനെപ്പോലെ "ദയാപൂർണ്ണമായ പ്രകാശമേ എന്നെ നയിച്ചാലും" എന്നു ദൈവസന്നിദ്ധിയിൽ വിനീതരായി പ്രാർത്ഥിക്കുന്നവർ മാത്രം കണ്ടെത്തുന്ന ഒരു നിധിയാണതു്.

മി. മാത്യുവിന്റെ നിഗമനങ്ങൾ ശരിയാണെങ്കിൽ—അതായതു ചില മാർപ്പാപ്പാമാരുടെ സ്വകാര്യജീവിതം അധാർമ്മികമോ, കുററങ്ങൾ നിറഞ്ഞതോ ആയിരുന്നാൽ—രക്ഷയ്ക്കുവേണ്ടി അദ്ദേഹം റോമാസഭയിൽ ചേരണമോയെന്നതാണല്ലോ സംശയം. മാർപ്പാപ്പാമാരുടെ വ്യക്തിപരമായ ജീവിതത്തെ ആശ്രയിച്ചാണു നമ്മുടെ ആത്മരക്ഷ സ്ഥിതിചെയ്യുന്നതെങ്കിൽ, വളരെ ആലോചിക്കേണ്ട ഒരുസംഗതിയാണിതു്. നേരേമറിച്ചു നമ്മുടെ ആത്മരക്ഷ നമ്മുടെ വ്യക്തിപരമായ ജീവിതത്തെ ആശ്രയിച്ചാണിരിക്കുന്നതെങ്കിൽ, മാർപ്പാപ്പാമാരുടെ വ്യക്തിപരമായ ജീവിതം തിരക്കി നാം ക്ലേശിക്കേണ്ടതില്ല. മാർപ്പാപ്പാമാർ എങ്ങനെ ജീവിച്ചുവെന്നുതിരക്കി സമയം കളയാതെ, നമ്മുടെ ആത്മരക്ഷ സാധിക്കുവാൻ സത്യസഭയിൽ ചേരേണ്ടതു് അത്യാവശ്യമാണെങ്കിൽ—ആണെന്നു ക്രിസ്തു പറഞ്ഞിട്ടുണ്ടല്ലോ—ഉടനെ ചേരുകയാണു വേണ്ടതു്?

സഭാദ്ധ്യക്ഷന്മാരുടെ വ്യക്തിപരമായ ജീവിതം മോശമാണെങ്കിൽ അവരെ അനുസരിക്കുകയും അവർ ആദ്ധ്യക്ഷം വഹിക്കുന്ന സഭയിൽ ചേരുകയും ചെയ്യേണമോ? ഇതിനു അസന്നിഗ്ദ്ധമായ മറുപടി ക്രിസ്തുതന്നെ പറഞ്ഞിട്ടുണ്ട്. യഹൂദപുരോഹിതന്മാരെ ക്രിസ്തു ആക്ഷേപിക്കുകയും ശപിക്കുകയും ചെയ്തിട്ടുള്ളിടത്തോളം മററാരെപ്പററിയും കുററം പറഞ്ഞിട്ടില്ല. അവർ ഭാരമുള്ള ചുമടുകൾ മനുഷ്യരുടെ തോളിൽ വെക്കുന്നു; വിധവകളുടെ ഭവനങ്ങൾ തിന്നുകളയുന്നു; മനുഷ്യരുടെ മുൻപിൽ സ്വർഗ്ഗരാജ്യം അടച്ചുകളയുന്നു; നിയമത്തിൽ ഗുരുതരങ്ങളായ നീതിയും കരുണയും വിശ്വാസവും വിട്ടുകളഞ്ഞിരിക്കുന്നു; കുരുടരായ വഴികാട്ടികളാകുന്നു; പുറം ശുദ്ധമാണെങ്കിലും കവർച്ചയും ദുഷ്ടതയും സകലവിധ മ്ളേച്ഛതകളും കൊണ്ടു നിറഞ്ഞിരിക്കുന്ന വെള്ളയടിച്ച കുഴിമാടങ്ങളാകുന്നു; ദുഷ്ടതയും കപടഭക്തിയുംകൊണ്ടു നിറഞ്ഞിരിക്കുന്നു; സർപ്പങ്ങളും അണലിസന്തതികളും നരകശിക്ഷയിൽനിന്നു് ഒഴിഞ്ഞുമാറുക സാദ്ധ്യമല്ലാത്തവരുമാകുന്നു. (മത്തായി XXIII 4-33) എന്നിങ്ങനെ അവിടുന്നു കുററം വിധിക്കുന്നു.

വ്യക്തിപരമായ ജീവിതത്തിൽ ഇതിനേക്കാൾ അധഃപതിക്കുക ആർക്കും സാദ്ധ്യമല്ലല്ലോ. ഇങ്ങനെയുള്ള ഈ മതാദ്ധ്യക്ഷന്മാരെപ്പററി ക്രിസ്തു എന്താണുപറഞ്ഞിരിക്കുന്നതു്? "നിയമജ്ഞന്മാരും പ്രീശന്മാരും മൂശയുടെ സിംഹാസനത്തിൽ ഇരിക്കുന്നു; അതിനാൽ നിങ്ങൾ അനുസരിക്കണമെന്നു അവർ നിങ്ങളോടു പറയുന്നതൊക്കെയും നിങ്ങൾ അനുസരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുവിൻ" (മത്തായി XXIII 2, 3.) നിയമജ്ഞന്മാരും പ്രീശന്മാരും ദുഷ്ടന്മാരും കൊള്ളരുതാത്തവരുമായതുകൊണ്ടു് അവരെ അനുസരിക്കേണ്ടെന്നല്ലാ, പ്രത്യുത അനുസരിക്കുകയും പ്രവർത്തിക്കുകയും ചെയ്യണമെന്നാണ് അവിടുന്നു് ആവശ്യപ്പെടുന്നതു്. കാരണം അവർ മൂശയുടെ സിംഹാസനത്തിൽ—അതായതു് അധികാരസ്ഥാനത്തു്—ഇരിക്കുന്നു. അധികാരസ്ഥാനത്തിരിക്കുന്നവരുടെ വ്യക്തിപരമായ ജീവിതവും അധികാരപ്രയോഗവും തമ്മിൽ ബന്ധമില്ലെന്നല്ലേ ഇതു തെളിയിക്കുന്നതു്.?

വിശുദ്ധപത്രോസിനെ സഭയുടെ പരമാധികാരിയായി നിയമിക്കുമ്പോൾ, അദ്ദേഹത്തിന്റെ വ്യക്തിപരമായ ജീവിതത്തെപ്പററി ക്രിസ്തു പരിഗണിച്ചിരുന്നില്ലായെന്നാണു വേദപുസ്തകം ചൂണ്ടിക്കാണിക്കുന്നതു്. അവിടുന്നു പത്രോസിനു പരമാധികാരം നൽകുന്ന രംഗം വിശുദ്ധമത്തായി തന്റെ സുവിശേഷത്തിൽ ഭംഗിയായി വിവരിക്കുന്നുണ്ടു്: ക്രിസ്തു അരുളിച്ചെയ്തു: "യോനായുടെ പുത്രനായ ശിമയോനെ, നീ ഭാഗ്യവാൻ....ഞാനും നിന്നോടു പറയുന്നു നീ കേപ്പായാകുന്നു. ഈ കേപ്പായിന്മേൽ എന്റെ പള്ളി ഞാൻ പണിയും. നരകവാതിലുകൾ അതിന്മേൽ പ്രബലപ്പെടുകയില്ല. സ്വർഗ്ഗരാജ്യത്തിന്റെ താക്കോലുകൾ നിനക്കു ഞാൻ തരും. നീ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിൽ കെട്ടപ്പെട്ടിരിക്കും. നീ ഭൂമിയിൽ അഴിക്കുന്നതോ സ്വർഗ്ഗത്തിൽ അഴിഞ്ഞിരിക്കും." (മത്തായി XVI 17-19).

ക്രിസ്തു വിശുദ്ധ പത്രോസിനെ തന്റെ സഭയുടെ അസ്തിവാരമാക്കിത്തീർക്കുകയും, കെട്ടുന്നതിനും അഴിക്കുന്നതിനുമുള്ള അധികാരം അദ്ദേഹത്തിനു നൽകുകയുമാണല്ലോ ചെയ്തിരിക്കുന്നതു്. ഈ അധികാരദാനം നടന്ന ഉടനെ ഉണ്ടായ ഒരു സംഭവവും വിശുദ്ധമത്തായി വിവരിക്കുന്നുണ്ടു്. ക്രിസ്തു ആഗാമിയായ തന്റെ പീഡാനുഭവത്തെയും കുരിശുമരണത്തെയുംപററി പറഞ്ഞപ്പോൾ പത്രോസ് അങ്ങയെ തനിയെ കൂട്ടിക്കൊണ്ടുപോയി പറയുകയാണ്: "എന്റെ കർത്താവേ, നിനക്കിതു സംഭവിക്കുവാൻ ഇടയാകാതിരിക്കട്ടെ." അപ്പോൾ അവിടുന്നു തിരിഞ്ഞു പത്രോസിനോടു പറഞ്ഞു: "സാത്താനെ നീ എന്റെ പിന്നിൽ പോകുക. നീ എനിക്കു് ഇടർച്ചയാകുന്നു. എന്തെന്നാൽ നീ മാനുഷികമായിട്ടുള്ളതല്ലാതെ ദൈവികമായിട്ടുള്ളതല്ലാ വിചാരിക്കുന്നതു്." (മത്തായി XVI. 22-23) അങ്ങനെ പത്രോസ് ക്രിസ്തുവിന്റെ ഭത്സനത്തിനും ശകാരത്തിനും പാത്രമായിത്തീർന്നു. അദ്ദേഹം മാനുഷികമായിട്ടുള്ളതേ ചിന്തിക്കുന്നുള്ളുവെന്ന ആക്ഷേപംപോലുമുണ്ടായി. എന്നിട്ടും സഭയെ പത്രോസിൽനിന്നു് ഇളക്കി മാററി സ്ഥാപിക്കാമെന്നോ, കൊടുത്ത താക്കോൽ തിരികെ വാങ്ങിക്കളയാമെന്നോ ക്രിസ്തു കരുതിയില്ല.

വീണ്ടും സങ്കടപരിപൂർണ്ണമായ ആ ദിവസത്തിൽ വിശുദ്ധപത്രോസിനെ നാം പീലാത്തോസിന്റെ അരമനമുററത്തു കാണുന്നു. ഒരു പാവപ്പെട്ട വേലക്കാരിപ്പെണ്ണിന്റെ ചോദ്യംകേട്ടു മൂന്നു പ്രാവശ്യം തന്റെ ഗുരുനാഥനെ പത്രോസ് ഉപേക്ഷിച്ചു പറഞ്ഞു. ഒരു ക്രിസ്ത്യാനിക്കു ചെയ്യാവുന്നതിൽ ഏററവും വലിയ അപരാധമാണിതു്.—തന്റെ ദൈവത്തെ നിഷേധിച്ചുപറയുക. എന്നിട്ടു ക്രിസ്തു എന്തുചെയ്തു? പത്രോസിനെ സഭയുടെ പരമാധികാരസ്ഥാനത്തുനിന്നും നീക്കം ചെയ്തുവോ? ഇല്ല. നേരേമറിച്ചു് അവിടുന്നു വീണ്ടും സ്വതന്ത്രനായ ഉടനെ പത്രോസിനെ പരമാധികാരസ്ഥാനത്തിൽ ഒന്നുകൂടെ ഉറപ്പിക്കുകയാണു ചെയ്തതു്. "യോനായുടെ പുത്രനായ ശിമയോനെ...എന്റെ കുഞ്ഞാടുകളെ എനിക്കായി മേയിക്കുക...എന്റെ ആടുകളെ എനിക്കായി മേയിക്കുക...എന്റെ പെണ്ണാടുകളെ എനിക്കായി മേയിക്കുക." (യോഹ: XXI 15-17)

വിശുദ്ധ പത്രോസിന്റെ വ്യക്തിപരമായ വിശുദ്ധിയെ ആശ്രയിച്ചല്ലാ, അദ്ദേഹത്തിനു പരമാധികാരം നൽകപ്പെട്ടതെന്നു് ഇതിൽനിന്നു വ്യക്തമാണല്ലോ. പത്രോസ് ക്രിസ്തുവിനെ നിഷേധി

## ഉപകാരസ്മരണ

ബ: അൽഫോൻസാമ്മയുടെ സഹായത്താലും, ഈ. തിരുഹൃദയത്തിന്റെ അനുഗ്രഹത്താലും നടക്കാതിരുന്ന എന്റെ മകൻ ജോർജ്ജ് മൂന്നരവയസ്സിൽ നടന്നതിനു ഉപകാരസ്മരണ.

Mrs. Mariam Varkey
Alunkal Nereveetil House
Edappally

ഹ്യംപിടിച്ച അവസരം പുലർകാലമാണ്—വീട്ടുജോലികൾക്കു തയ്യാറാകണം; ഭക്ഷണമൊരുക്കണം; കുട്ടികളെ സ്കൂളിലേക്കു യാത്രയാക്കണം, ഭർത്താവിനെ ജോലിക്കൊരുക്കിവിടണം, ഇങ്ങനെ പലതും. എന്നല്ല പലപ്പോഴും നമ്മെ ഭയവിഹ്വലരും ശങ്കാധീനരുമാക്കിത്തീർക്കുന്നതു് നാം നിർവ്വഹിക്കുവാൻപോകുന്ന കാര്യത്തിന്റെ വക്കത്തെത്തുമ്പോഴാണ്. മുന്നോട്ടു നോക്കുമ്പോൾ ഒരു ഭയവും വല്ലാസ്ഥയുംതന്നെ.

തദവസരങ്ങളിൽ നാം ഒരിക്കലും ചകിതമനസ്കരായിരിക്കേണ്ടതില്ല. നമ്മുടെ ദിവ്യരക്ഷകന്റെ ധീരമാതൃകയാണ് നമ്മുടെ മുമ്പിലിരിക്കുന്നതു്. ആസന്നമായ പീഡാനുഭവരംഗത്തിലേക്കു കാലുവയ്ക്കുവാൻപോകുന്ന ആ പ്രാരംഭഘട്ടത്തിൽ അവിടുന്നു ഒന്നു ഞെട്ടി, അമ്പരന്നു. വാസ്തവംതന്നെ. എന്നിരുന്നാലും അവിടുന്നു പിന്തിരിഞ്ഞോടിയില്ല. പരമപിതാവിന്റെ കാരുണ്യവും സഹായവും അഭ്യർത്ഥിച്ചിട്ടു് ഉറച്ചവിടെ നിലകൊണ്ടു. പിതാവിന്റെ ഇംഗിതം ഗ്രഹിച്ചതോടുകൂടി അവിടുന്നു തന്റെ കൃത്യനിർവ്വഹണത്തിനു ഉശിരോടുകൂടി പുറപ്പെടുകയായി; വിജയശ്രീലാളിതനായിത്തീരുകയുംചെയ്തു.

നമുക്കും ജീവിതത്തിൽ പല ദുർഘടമേഖലകളും തരണംചെയ്യേണ്ടതുണ്ടാകും. ഓരോ ദിവസവും ഒരുപക്ഷെ കടുത്ത യാതനകളിലൂടെ കടന്നുകൂടേണ്ടതായിട്ടുമുണ്ടാകാം. എന്നാൽ നാം അവയുടെ മുമ്പിൽ നിരുന്മേഷരായി നില്ക്കേണ്ടതില്ല, ഈശോയോടു ഉള്ളഴിഞ്ഞപേക്ഷിക്കുക. അവിടുത്തെ പ്രോത്സാഹജനകമായ സ്വരം കേൾക്കുന്നതിനു കാത്തിരിക്കുക. അതു നാം ശ്രവിക്കുകതന്നെ ചെയ്യും. പിന്നെ ധൈര്യസമേതം മുന്നേറുക. ഈ മുന്നേററത്തിനു വഴിമാറിത്തരാത്ത ഒരു വിഷമസന്ധിയും നമുക്കു അഭിമുഖീകരിക്കേണ്ടിവരുകയില്ല. ഇതുതന്നെയാണ് ക്രിസ്തീയമുന്നേററമെന്നു പറയുന്നതും.

പീഡകളുടെ മുമ്പിൽ, അവയെ നേരിടുന്നതിനു പ്രാർത്ഥനാകവചം ധരിച്ചു് തയ്യാറെടുക്കുന്ന ഗദ്സെമീൻതോട്ടത്തിലെ നമ്മുടെ ദിവ്യനാഥന്റെ മഹനീയചിത്രമായിരിക്കട്ടെ നമ്മുടെ അനുദിനജീവിതമാർഗ്ഗദർശനം.




തൈക്കാട്ട് മൂസ്സ് വക
ഇ. ടി. എം. വൈദ്യശാല
ബ്രാഞ്ച്: ആലുവാ റെയിൽവെസ്റ്റേഷനുസമീപം
എല്ലാ വ്യാഴാഴ്ചയും ഉച്ചയ്ക്കു് 1 മണി മുതൽ
വൈകുന്നേരം 5 മണിവരെ
ഡി. എ. മൂസ്സ് അവർകൾ
വൈദ്യശാലയിൽ ഉണ്ടായിരിക്കുന്നതും രോഗികളെ
പരിശോധിച്ചു ചികിത്സ നിശ്ചയിക്കുന്നതുമാണു്.

ച്ചു പറഞ്ഞ അവസരത്തിലും സഭയുടെ അസ്തിവാരവും സ്വർഗ്ഗരാജ്യത്തിൻെറ താക്കോൽക്കാരനുമായിരുന്നു. പത്രോസിൻെറ വ്യക്തിപരമായ ജീവിതവിശുദ്ധിയും സഭയുടെ പരമാധിപത്യവും തമ്മിൽ ബന്ധമില്ലെന്നു കാണിക്കുവാനല്ലേ താഴെപ്പറയുന്ന വാചകങ്ങൾ ക്രിസ്തു അരുളിച്ചെയ്തതെന്നു സംശയിക്കേണ്ടിയിരിക്കുന്നു. "ശിമയോനെ ഇതാ സാത്താൻ നിങ്ങളെ കോതമ്പുകൾ എന്നപോലെ കൊഴിക്കുവാൻ അന്വേഷിക്കുന്നു. ഞാനോ നിൻെറ വിശ്വാസം ക്ഷയിച്ചുപോകാതിരിക്കുവാൻ നിന്നെക്കുറിച്ചു പ്രാർത്ഥിച്ചു. നീയും ഒരിക്കൽ (മാനസാന്തരപ്പെട്ടു) നിൻെറ സഹോദരന്മാരെ വീണ്ടും ഉറപ്പിക്കുക." (ലൂക്കാ: XXII, 31-32) സാത്താൻെറ കൊഴിക്കലിൽ പത്രോസിൻെറ വിശ്വാസം ക്ഷയിച്ചുപോകാതിരിക്കുവാൻ മാത്രമേ ക്രിസ്തു പ്രാർത്ഥിക്കുന്നുള്ളു. വ്യക്തിപരമായ ജീവിതവിശുദ്ധി, അതു പത്രോസിൻെറ തന്നതു കാര്യമായി അവിടുന്നു വിട്ടിരിക്കുകയാണു്.

പത്രോസിനെന്നപോലെ പത്രോസിൻെറ പിൻഗാമികളായ മാർപ്പാപ്പാമാർക്കും പരമാധികാരം നിക്ഷിപ്തമായിരിക്കുന്നതു അവരുടെ വ്യക്തിപരമായ ജീവിതവിശുദ്ധിയിലല്ല. അവരുടെ വിശ്വാസം ക്ഷയിച്ചുപോകാതിരിക്കാനേ ക്രിസ്തു പ്രാർത്ഥിക്കുന്നുള്ളു. സഭയുടെ പരമാധികാരത്തെ സംബന്ധിച്ചിടത്തോളം കാര്യമായിട്ടുള്ളതു് അതു മാത്രമാകുന്നു. ആകയാൽ ചില മാർപ്പാപ്പാമാർ വ്യക്തിപരമായ ജീവിതത്തിൽ തെററിപ്പോയെന്നിരുന്നാൽതന്നെ, അവരുടെ പരമാധികാരത്തിനു കോട്ടം സംഭവിക്കുന്നില്ല. അവരുടെ ഭരണത്തിനു വിധേയമായ സഭയ്ക്കു പിശകുപററുന്നുമില്ല. അപ്പോഴും അവർ "മൂശയുടെ സിംഹാസനത്തിൽ" ഇരിക്കുന്നതിനാൽ "അവർ പറയുന്നതൊക്കെയും അനുസരിക്കുകയും പ്രവർത്തിക്കുകയും" ചെയ്യേണ്ടിയുമിരിക്കുന്നു.

"ആകയാൽ ന്യായാനുസൃതം തിരിഞ്ഞെടുക്കപ്പെടുന്ന അധികാരികൾ ദുഷ്ടന്മാരായാൽതന്നെ അധീനർ അവർക്കു കീഴ്പ്പെടുകതന്നെവേണം. ഒരു വ്യക്തി എന്ന നിലയിലല്ലാ മിശിഹായുടെ പ്രതിപുരുഷൻ എന്ന നിലയിലാകുന്നു അധികാരിയെ നാം പരിഗണിക്കേണ്ടതു്. തത്വനിർണ്ണയങ്ങൾ ചെയ്യുന്ന വിഷയത്തിൽ തന്നെയും അധികാരികൾ, ചഞ്ചലത, വിവേകശൂന്യത, മുതലായവ പ്രദർശിപ്പിച്ചേക്കാം. ഭരണവിഷയത്തിൽ മുഖദാക്ഷിണ്യം, ദുരാലോചന ആദിയായവയും അവർ അധീനരാകയെന്നതും അസംഭാവ്യമല്ല. പക്ഷെ ഇവയൊന്നും തത്വനിർണ്ണയത്തിലുള്ള അപ്രമാദിത്വത്തെയോ അവർ പ്രാപിച്ചിരിക്കുന്ന അധികാരത്തെയോ ഹനിക്കുന്നില്ല. പ്രസ്തുത ചപലതകളെല്ലാം വ്യക്തിപരങ്ങളോ കാര്യങ്ങളോ മാത്രമാകുന്നു.

"അധികാരികൾ അന്യരെ വിശുദ്ധിയിൽ അഭ്യസിപ്പിക്കേണ്ടവരാണെങ്കിലും അതിനു അവർതന്നെ വിശുദ്ധിയുള്ളവരായിരിക്കണമെന്നില്ല. വിശുദ്ധിയിലുള്ള അഭ്യസനത്തിനു തത്വോപദേശങ്ങൾ ധാരാളം മതിയാകുന്നതാണു്" ......ഈ ഉദ്ദേശതത്വങ്ങൾ പഠിപ്പിക്കുന്നതിൽ ദുർമ്മാർഗ്ഗികളായ അധികാരികൾപോലും ഔദ്യോഗികമായി തെററിലുൾപ്പെടുകയില്ല. ...മതതത്വങ്ങൾക്കനുസരണമായി ജീവിക്കേണ്ട ചുമതല അധീനരിൽ സ്ഥിതിചെയ്യുന്നുണ്ടു്...... അപ്രകാരം പ്രവർത്തിക്കാതിരുന്നാൽ അധികാരികൾ എത്രതന്നെ വിശുദ്ധിയുള്ളവരായിരുന്നാലും അധീനർ ഒരിക്കലും വിശുദ്ധിപ്രാപിക്കുകയില്ല...ഒരാളിലുള്ള വിശുദ്ധി അയാളുടെ സ്വന്തവും തന്മൂലം വ്യക്തിപരവുമാകുന്നു. തത്വോപദേശങ്ങളാകട്ടെ വ്യക്തിപരമായ വിശുദ്ധി കൂടാതെതന്നെ അന്യരെ പഠിപ്പിക്കുവാൻ പാട്ടുള്ളവയത്രേ." (തിരുസഭയും മാർപ്പാപ്പായും, പുറം 68)

അങ്ങനെ മാർപ്പാപ്പായുടെ പരമാധികാരം വ്യക്തിപരമായ വിശുദ്ധി കൂടാതെതന്നെ പ്രയോഗിക്കപ്പെടാവുന്നതാണു്. അതിനാൽ അവരുടെ വ്യക്തിപരമായ വിശുദ്ധി എന്തെന്നു നോക്കാതെതന്നെ, സ്വന്ത ആത്മാവിൻെറ രക്ഷ ആഗ്രഹിക്കുന്ന ഏതൊരുവനും അവരുടെ പരമാധികാരത്തെ സ്വീകരിക്കേണ്ടതും അവർ പരമാധികാരം വഹിക്കുന്ന സത്യസഭയെ ആശ്ലേഷിക്കേണ്ടതുമാകുന്നു. സത്യസഭയെ ആശ്ലേഷിക്കാതെ മാർപ്പാപ്പാമാരുടെ വ്യക്തിപരമായ ജീവിതചെയ്തികളിൽ തേടിപ്പോകുന്നവർ തങ്ങളുടെ ജീവിതം വ്യർത്ഥമാക്കുകയും ആത്മാവിനെ നശിപ്പിക്കുകയുമാണു ചെയ്യുന്നതു്. ഇനി ചിലർ വിഭാവനചെയ്യുന്നതുപോലെ റോമാമാർപ്പാപ്പാമാരുടെ ജീവിതം അത്ര ദുഷ്ടവും ഭ്രഷ്ടാചാരപൂർണ്ണമായിരുന്നോ?

(തുടരും)

## മാളയിലെ ഏകാന്തധ്യാനം

സ്ഥലത്തെ വിൻസെൻറു ഡി പോൾ സഖ്യത്വത്തിൻെറ ആഭിമുഖ്യത്തിൽ വലിയ ബുധനാഴ്ച (ഏപ്രിൽ 17) രാത്രി മുതൽ പതിവനുസരിച്ചുള്ള ഏകാന്തധ്യാനം ആരംഭിക്കുന്നതാണു്. ഉയിർപ്പു ഞായറാഴ്ച രാവിലെ ധ്യാനം സമാപിക്കുന്നതാണു്. സുപ്രസിദ്ധ പ്രാസംഗികനായ റവ. ഫാദർ ജോസഫ് വടക്കൻ അവർകളായിരിക്കും ധ്യാനം നടത്തുന്നതു്. ധ്യാനാർത്ഥികൾക്കു സ്ഥലം സെൻറു് ആൻറണീസ് ഹൈസ്കൂളിൽ താമസസൗകര്യങ്ങൾ ചെയ്തിട്ടുണ്ടു്.

ആദ്ധ്യാത്മികവീഥി

## ദൈവവിളി—കുടുംബം

ദൈവത്തിൻെറ വത്സലമക്കളേ,

കുടുംബത്തിൽ അനാർഭാടമായ ലളിതജീവിതം നയിക്കുകയും കുട്ടികളെ നല്ല ശിക്ഷണത്തിൽ വളർത്തുകയും വൈദികരോടു ബഹുമാനം കാണിക്കയും ചെയ്യുന്നതുകൊണ്ടുമാത്രം ദൈവവിളിയെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ചുമതല നിർവ്വഹിച്ചുകഴിഞ്ഞു എന്നു പറയുവാൻ പാടില്ല. മേല്പറഞ്ഞവയെല്ലാം കളമൊരുക്കൽമാത്രമാണു്. യഥാർത്ഥ ദൈവവിളി ഉണ്ടെങ്കിൽ അതു നഷ്ടപ്പെടാതിരിക്കുന്നതിനുള്ള മുൻകരുതലുകളായിട്ടേ അവയെ ഗണിക്കേണ്ടതുള്ളു.

ദൈവവിളി എന്ന വാക്കിൽ നിന്നു തന്നെ വ്യക്തമാകുന്നതുപോലെ ദൈവമാണു് നമ്മുടെ കുട്ടികളെ വൈദികാന്തസ്സിലേക്കോ സന്യാസാന്തസ്സിലേക്കോ വിളിക്കാനുള്ളതു്. കുടുംബത്തിൽ ദൈവശുശ്രൂഷയ്ക്കായി പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ട ഒരാളെങ്കിലും ഉണ്ടാകുന്നതു ഒരു മഹാഭാഗ്യമാണെന്നുള്ള ബോധ്യത്തോടുകൂടി അതിനായി മക്കളെ വിളിക്കുന്നതിനു മാതാപിതാക്കന്മാർ തീവ്രമായി നിരന്തരം പ്രാർത്ഥിക്കുകയുംകൂടി വേണം. ദൈവത്തിനു വളരെ പ്രസാദജനകമായ പ്രാർത്ഥനയാണതു്.

ദൈവം തൻെറ മഹത്വത്തിനായിട്ടാണല്ലോ ലോകത്തേയും അതിലുള്ള സകല ചരാചരങ്ങളേയും സൃഷ്ടിച്ചിരിക്കുന്നതു്. ദൈവമഹത്വത്തിനു വിരുദ്ധമായി മനുഷ്യൻ ചെയ്ത പാപത്തെ പൂർണ്ണമായി പരിഹരിച്ചു് സ്വർഗ്ഗത്തിലെപ്പോലെതന്നെ ഭൂമിയിലും പിതാവിനെ മഹത്വപ്പെടുത്തുന്നതിനുള്ള മാർഗ്ഗം നിർദ്ദേശിക്കുകയും അതിനായി ചിലരെ അധികാരപ്പെടുത്തുകയും ചെയ്യുന്നതിനു പുത്രൻതമ്പുരാൻതന്നെ ലോകത്തിലേക്കു ഇറങ്ങിവന്നു. തൻെറ സ്വർഗ്ഗാരോഹണത്തിനുശേഷവും തൻെറ ജോലി ലോകാവസാനംവരെ തുടർന്നുകൊണ്ടുപോകുന്നതിനു നിശ്ചയിക്കപ്പെട്ടിട്ടുള്ളവരാണു് വൈദികർ. ദൈവമഹത്വത്തിനും ആത്മാക്കളുടെ രക്ഷയ്ക്കുംവേണ്ടി ഒരു വൈദികൻ ചെയ്യുന്ന ജോലിയോളം വിശിഷ്ടമായ വേറെയാതൊരു ജോലിയും ഇഹത്തിലില്ല. ലോകസൃഷ്ടിയുടെ ലക്ഷ്യപ്രാപ്തിക്കു ഇന്നത്തെ ദൈവപരിപാലനക്രമത്തിൽ വൈദികനെക്കൂടാതെ കഴിയുകയില്ലെന്നു നിസ്സംശയം പറയാം. അതുകൊണ്ടാണു് വൈദികരെ നമ്മുടെ കുടുംബങ്ങളിൽനിന്നു വിളിക്കണമെന്നു അപേക്ഷിക്കുന്നതു് ദൈവത്തിനു പ്രസാദജനകമാണെന്നു പറഞ്ഞതു്.

സഭയിലെ പല വൈദികശ്രേഷ്ഠന്മാരും സ്വമാതാപിതാക്കന്മാരുടെ അനേകകൊല്ലത്തെ നിരന്തരപ്രാർത്ഥനയുടെ ഫലമായി ദൈവത്താൽ വിളിക്കപ്പെട്ടവരാണു്. കുടുംബത്തിലെ കൂട്ടപ്രാർത്ഥനയിൽ ഒരു സ്വകൃതജപമെങ്കിലും ഈ ഉദ്ദേശത്തോടുകൂടി ചൊല്ലുന്നതു വളരെ ഉപകാരപ്രദമായിരിക്കും.

എന്നു
പ്രാർത്ഥനയുടെ ഐക്യത്തിൽ
സ്വന്തം ആത്മപിതാവു്

## ഇടവകവാർത്തകൾ

കോടിക്കുളം: സ്ഥലം ചെറുപുഷ്പം പൊതുഗ്രന്ഥശാലയുടെ വാർഷികപൊതുയോഗം ഏപ്രിൽ 7-ാംനു ഞായറാഴ്ച കൂടി. ബഡ്ജററും കണക്കുകളും പാസ്സാക്കി. അനന്തരം അടുത്തവർഷത്തെ ഭരണസമിതിയിലേക്കു അംഗങ്ങളെ തിരിഞ്ഞെടുത്തു. ഗ്രന്ഥശാലയ്ക്കു വേണ്ടി ടൗണിൽ 18 സെൻറു് സ്ഥലം 1085 രൂപയ്ക്കു വിലയ്ക്കെടുക്കാൻ തീരുമാനിക്കയും ധനശേഖരാർത്ഥം ശ്രീ സി വി കുര്യൻ കൺവീനറായി ഒരു കമ്മിററിയെ സംഘടിപ്പിക്കുകയുമുണ്ടായി.

വണ്ടമററം: സ്ഥലത്തു പുതുതായി സ്ഥാപിതമായിരിക്കുന്ന സെൻറു് ജോർജ്ജ്സ് ദേവാലയത്തിൻെറ വെഞ്ചരിപ്പുകർമ്മം, കോതമംഗലംരൂപതയുടെ വികാരി ജനറാൾ റൈററു് റവ മോൺ: ടി കെ നമ്പ്യാപറമ്പിൽ അവർകൾ ഏപ്രിൽ 6-ാംനു ശനിയാഴ്ച നിർവ്വഹിക്കുകയുണ്ടായി. തദർത്ഥം അന്നേദിവസം 4 മണിക്കു സ്ഥലത്തു വന്നുചേർന്ന മോൺസിഞ്ഞോർ അവർകൾക്കു ഒരു സ്വീകരണം നൽകപ്പെടുകയുണ്ടായി. റവ ഫാദർ പോൾ കുഴിക്കാട്ടു് ബി എ ശ്രീ കുരുവിള. സി കാപ്പൻ എന്നിവർ അനുമോദനപ്രസംഗങ്ങൾ നടത്തി.

ചെമ്പംതൊടി: സ്ഥലം പള്ളിയിൽ വി ഗീവർഗീസ് സഹദായുടെ തിരുനാളും അതിനോടനുബന്ധിച്ചു് തലശേരിരൂപതയുടെ അഭിവന്ദ്യമെത്രാനച്ചൻ തിരുമനസ്സിലെ മഹനീയാദ്ധ്യക്ഷതയിൽ ചെറുപുഷ്പം സ്കൂൾവാർഷികവും മംഗളമായി നടത്തപ്പെട്ടു. ബ്രദർ പോൾ റാവു ശ്രദ്ധേയമായ ഒരു പ്രസംഗം ചെയ്യുകയുണ്ടായി. കുട്ടികളുടെ വിവിധകലാപ്രകടനങ്ങൾ ഹൃദയാവർജ്ജകങ്ങളായിരുന്നു തുടർന്നു സ്ഥലത്തു പണിതിട്ടുള്ള വായനശാലയുടെ ഉൽഘാടനം ഡിസ്ട്രിക്ട് കലക്ടർ ശ്രീ ചന്ദ്രഭാനു ഐ ഏ എസ് അവർകൾ നിർവ്വഹിക്കുകയുണ്ടായി. സ്വാഗതപ്രസംഗത്തിൽ സ്ഥലത്തു നടപ്പിൽ വരുത്തേണ്ടതും ഗവമെൻറു് സഹായം ആവശ്യപ്പെടുന്നതുമായ വിഷയങ്ങളെക്കുറിച്ചു് സ്ഥലം പള്ളിവികാരി റവ ഫാദർ ജേക്കബ്ബ് കുന്നപ്പറമ്പിൽ, ഡിസ്ട്രിക്ട് കലക്ടർ അവർകളെ വിശദമായ രീതിയിൽ ധരിപ്പിക്കയും, കലക്ടരുടെ സമുചിതമായ മറുപടിപ്രസംഗത്തോടുകൂടി ചടങ്ങുകൾ സമംഗളം പര്യവസാനിക്കയുംചെയ്തു.

മാള: ഇവിടെ സമാരംഭിച്ചിട്ടുള്ള "കർദ്ദിനാൾ തിസ്സരാങ്ങ് വിവാഹസഹായനിധി" അത്യുന്നത കർദ്ദിനാൾ തിസ്സരാങ്ങ് തിരുമേനിയുടെ അനുഗ്രഹസഹായങ്ങൾക്കു വീണ്ടും പാത്രമായിരിക്കുന്നു. നാളതുവരെയുള്ള നിധിയുടെ പ്രവർത്തനത്തിലും പുതുതായി സമാരംഭിച്ചിട്ടുള്ള വിവാഹസഹായ നിക്ഷേപത്തിലും തിരുമേനിക്കുള്ള സന്തോഷത്തിൻെറ സൂചകമായി ഗണ്യമായ ഒരു സംഭാവന തൃശ്ശൂർമെത്രാൻ റൈററു് റവ ഡോക്ടർ ജോർജ് ആലപ്പാട്ടു് തിരുമേനിവഴി ഒരു ആശംസാസന്ദേശസഹിതം സെക്രെട്ടറിക്കയച്ചുതന്നിരിക്കുന്നു. അതിൽ നിധിയുടെ പ്രവർത്തനങ്ങളെ അഭിനന്ദിക്കുകയും, നിധിയിൽനിന്നും സഹായംലഭിക്കുന്ന നവദമ്പതികളോടു് കർദ്ദിനാൾ തിരുമേനിയുടെ സ്വന്തം രൂപതയിലെ നവദമ്പതികൾക്കുവേണ്ടി പ്രാർത്ഥിക്കണമെന്നു നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ടു്.

തിടനാട്ടു്: അഖിലകേരള ചെറുപുഷ്പമിഷൻ ലീഗിൻെറ ഒരു സാധാരണയോഗം ബ്രദർ സെബാസ്റ്റ്യൻ പൊട്ടനാനി എസ് വി ഡി അവർകളുടെ അദ്ധ്യക്ഷതയിൽ സൺഡെസ്കൂൾഹാളിൽ ഏപ്രിൽ 7-ാംനു കൂടി അടുത്ത വർഷത്തേക്കുള്ള ഉദ്യോഗഭാരവാഹികളെ തിരിഞ്ഞെടുത്തിരിക്കുന്നു.

—o—

## മൗനഘോഷയാത്ര

കമ്മ്യൂണിസ്റ്റുരാജ്യങ്ങളിൽ പീഡനമനുഭവിക്കുന്ന ക്രിസ്ത്യാനികളോടു സഹാനുഭൂതി പ്രകടിപ്പിക്കുവാനായി 40 000-ത്തിൽപരം കത്തോലിക്കർ ചേർന്നു ലണ്ടൻ തെരുവുകളിലൂടെ കഷ്ടാനുഭവഞായറാഴ്ചയായ ഏപ്രിൽ 7-ാംതീയതി ഒരു മൗനഘോഷയാത്ര നടത്തിയിരിക്കുന്നു. രണ്ടു മൈൽ ദൈർഘ്യം വന്ന ഈ ഘോഷയാത്രയിൽ പോളണ്ടു്, ഹങ്കറി, ചെക്കോസ്ലോവാക്യ തുടങ്ങിയ യൂറോപ്യൻരാജ്യങ്ങളിൽനിന്നുമുള്ള അഭയാർത്ഥികളും സംബന്ധിച്ചിരുന്നു. വെസ്റ്റ്മിനിസ്റ്റർ, സതാക്ക്, ബ്രെസ്റ്റ്വുഡ്, നോത്താംപ്ടൺ, പോർട്ടസ്മത്തു് ഈ രൂപതകളിൽപെട്ട കത്തോലിക്കർ—സ്ത്രീകളും കുട്ടികളും ഇതിൽ സംബന്ധിക്കുവാൻ അനുവദിച്ചിരുന്നില്ല—ആണു് ഘോഷയാത്രയിൽ പങ്കെടുത്തതു്. ജപമാലയല്ലാതെ പതാകകൾ യാതൊന്നും സംവഹിക്കപ്പെട്ടിരുന്നില്ല. ഹൈഡ്പാർക്കിൽനിന്നു സ്ലോണിസ്ക്വയർ, ബൽഗ്രാവിയാ ഈ വീഥികളിലൂടെ വെസ്റ്റ്മിനിസ്റ്റർ ഭദ്രാസനദേവാലയത്തിലേക്കു നടത്തപ്പെട്ട ഈ ഘോഷയാത്രയെ പ്രമുഖരായ അൽമായനേതാക്കന്മാരാണു നയിച്ചിരുന്നതു്. ഭദ്രാസനദേവാലയത്തിൽവെച്ചു വെസ്റ്റ്മിനിസ്റ്റർ മെത്രാപ്പോലീത്താ ഗോഡ്ഫ്റേ തിരുമനസ്സുകൊണ്ടു ദിവ്യകാരുണ്യാശീർവാദം നൽകി.






# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസീഞ്ഞോർ ജേക്കബ്ബ് നടുവത്തുശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 30. || 1957 APRIL 17 || No. 35.


## നാടകീയമായ ആ രംഗം

ലോകചരിത്രത്തിൽ ക്രിസ്തുവിന്റെ മേലുള്ള കുററാരോപണവും, ന്യായാധിപവിസ്താരവും, മരണശിക്ഷാവിധിയുംപോലെ നാടകീയമായ വേറൊരുസംഭവം എടുത്തുകാണിക്കാൻ സാദ്ധ്യമല്ല. ചരിത്രപഠിതാക്കൾ സശ്ശരീരകമ്പം സമ്മതിക്കുന്ന ഒരു വസ്തുതയാണിതു്. പരമനീതിമാനായ, മാനവസ്നേഹിയായ, പതിതബന്ധുവായ, കാരുണ്യമൂർത്തിയായ, അത്ഭുതപ്രവർത്തകനായ, അതിമാനുഷനായ, സർവ്വസംഗപരിത്യാഗിയായ, പാപരഹിതനായ ഒരു വ്യക്തിയെ ദുർമ്മൂർത്തികളായ, വിദ്വേഷവിവശരായ, വികാരാന്ധരായ ഒരുവിഭാഗം ജനങ്ങൾക്കൂടി അനീതിയായും അകാരണമായും അതിദയനീയവും ഹീനതമവുമായ കുരിശുശിക്ഷയ്ക്കു വിധേയമാക്കുന്നു! തലേഞായറാഴ്ച "ഓശാന"പാടി രാജകീയമായ ആഡംബരസമന്വിതം ദാവീദിന്റെ നഗരത്തിലേക്കു സ്വീകരിച്ച അതേ ജനംതന്നെയാണു് ആറാം ദിവസം "അവൻ ക്രൂശിക്കപ്പെടണം" എന്നാർത്തുപറയുന്നതു്. ഈ വിരോധാഭാസം വാസ്തവത്തിൽ നാടകീയമല്ലേ? ഉപരിപ്ലവദർശനത്തിൽ വെറും നാടകീയമായ ഈ സംഭവത്തിൽ അനർഘവും അപരിമേയവുമായ ഒരു വസ്തുത ഒളിഞ്ഞുകിടക്കുന്നുണ്ടു്—ദൈവസ്നേഹം. അപാരമായ ദൈവസ്നേഹത്തിനുമാത്രമേ ഈ നാടകത്തിന്റെ ആന്തരാർത്ഥത്തെ വിശദീകരിക്കാൻ സാദ്ധ്യമാവുകയുള്ളൂ. സ്നേഹത്തിനുമാത്രമേ അതിൽ ഒളിഞ്ഞുകിടക്കുന്ന നിരവധി മൗക്തികങ്ങളെ തപ്പിയെടുക്കുവാൻ കഴിയുകയുള്ളൂ. കുരിശിൽ പ്രകാശിതമായിരിക്കുന്ന വിരോധാഭാസം ലോകത്തെ എന്നും ഇരുചേരികളായി അണിനിരത്തുകയാണു്, അന്നത്തെ യഹൂദരെ എന്നപോലെ. അവിടുത്തെ നീതിമാനെന്നു വിളിച്ചുപറയുന്നവരും, അവനെ ക്രൂശിക്കുക എന്നട്ടഹസിക്കുന്നവരും; ക്രിസ്തുവിനെപ്രതി പീഡിപ്പിക്കപ്പെടുന്നവരും, ക്രിസ്തുവിനെ പുറംതള്ളുന്നതിനുവേണ്ടി മല്ലനംനടത്തുന്ന രാഷ്ട്രാരാധകരും.

ക്രിസ്തുവിനെതിരായി സംഘടിതമായ ഒരുപജാപം ഇന്നും നടമാടുന്നുണ്ടു്. നിരീശ്വരപരവും നിർമ്മതാത്മകവുമായ കമ്മ്യൂണിസം അതിനെ പ്രതിനിധാനംചെയ്യുന്നു. കമ്മ്യൂണിസ്റ്റ്‌രാഷ്ട്രശക്തി അതിന്റെ പ്രവർത്തനോപാധിയാണു്. ക്രിസ്തുവിന്റെ മൗതികശരീരമായ കത്തോലിക്കാസഭയെ ക്രൂശിക്കുവാൻ അതിന്നു കുരുക്കളൊരുക്കുകയാണു്. പാവപ്പെട്ട പൊതുജനങ്ങളുടെ ഹൃദയങ്ങളുടെ ഉള്ളറകളിൽ അതിന്റെ നാരകീയകിങ്കരന്മാർ ഒളിവിലും തെളിവിലും വിദ്വേഷവിഷം കുത്തിനിറയ്ക്കുകയാണു്, അതിനെ ക്രൂശിക്കുക എന്നു ആർത്തട്ടഹസിപ്പിക്കുവാൻ. അതുകൊണ്ടു് അന്ധകാരജടിലമായ ഈ നിശാസന്ധിയിൽ ഉപജാപകവൃന്ദത്തിന്റെ കുരുക്കുകളിൽപെടാതിരിക്കുവാൻ ഓരോരുത്തരും ഉണർന്നുപ്രവർത്തിക്കേണ്ടിയിരിക്കുന്നു. പീഡാരംഗത്തേക്കു് ധീരോദാത്തമായി പ[illegible] മുന്നേറുന്ന ക്രിസ്തുവിന്റെ ആഹ്വാനം ശ്രവിക്കുക: "പരീക്ഷയിൽ ഉൾപ്പെടാതിരിക്കുവാൻ നിങ്ങൾ ഉണർന്നിരുന്നു പ്രാർത്ഥിക്കുവിൻ."

വഴിപിഴച്ച രാഷ്ട്രമേധാവിത്വം ഒരു നാടകീയരംഗത്തേക്കു ജനതയെ ഇന്നു വലിച്ചിഴയ്ക്കുകയാണു്. ദൈവം ഓരോ വ്യക്തിക്കും വിവേചനാബോധവും ഇച്ഛാശക്തിയും നൽകിയിരിക്കുന്നു. വ്യക്തിഗതമായ അവയുടെ സദ്വിനിയോഗത്തിനു പ്രതിസമ്മാനമായിട്ടാണു് അവൻ നിത്യഭാഗ്യം അർഹിക്കുക. ഈ കൃത്യത്തിൽ അവനെ സഹായിക്കുക എന്നുള്ളതുമാത്രമാണു് ബാഹ്യമായ ഏതൊരു ഘടകത്തിനും കരണീയമായിട്ടുള്ളതു്. അതിൽനിന്നു വിഭിന്നമായിട്ടുള്ളതെല്ലാം ഉപജാപവൃത്തിയിൽ പെടുന്നു. ഈയിടെ പരിശുദ്ധ പിതാവു് പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ ഒരുഗണം ഇററാലിയൻവ്യവസായികളോടു പറഞ്ഞ ഒരു പ്രസംഗത്തിൽ ജനങ്ങൾ അവരുടെ വ്യക്തിഗതമായ സ്വാതന്ത്ര്യത്തെ സംരക്ഷിക്കുകയും ന്യായവിരുദ്ധമായ രാഷ്ട്രത്തിന്റെ കൈകടത്തലുകൾ പ്രതിരോധിക്കുകയും ചെയ്യേണ്ടതിന്റെ ആവശ്യകത വിശദീകരിക്കുകയുണ്ടായി. "കത്തോലിക്കരാൽ നടത്തപ്പെടുന്നവയുൾപ്പെടെ, ഇന്നത്തെ ചില സമ്പത്ത്‌വിഷയകമായ കോൺഗ്രസ്സുകളുടെ പ്രവർത്തനങ്ങളെപ്പററി പഠിക്കുമ്പോൾ, അവയിൽ രാഷ്ട്രത്തിന്റെ ഇടപെടൽ ക്ഷണിച്ചുവരുത്തുന്നതിനുള്ള ഉത്സാഹം വർദ്ധിച്ചുവരുന്നതായി കാണുവാൻ സാധിക്കുന്നുണ്ടു്. ഏതദ്‌വിഷയത്തിൽ അതുമാത്രമാണു് ആലംബമാക്കാവുന്നതും ലഭ്യമാകാവുന്നതുമായ പ്രതിവിധിയെന്നുള്ള ഒരു ധാരണയാണു് തന്മൂലമുണ്ടാകുന്നതു്. കത്തോലിക്കാസഭയുടെ സാമൂഹികസിദ്ധാന്തമനുസരിച്ചു്, മനുഷ്യസമുദായത്തിന്റെ രൂപവല്ക്കരണത്തിൽ സ്റ്റേററിനു തീർച്ചയായും അതിന്റെ പ്രത്യേകമായ ഭാഗം നിർവ്വഹിക്കാനുണ്ടു്. അതു സാധിക്കുന്നതിനു് സ്റ്റേററു ബലിഷ്ഠവും അധികാരമുള്ളതുമായിരിക്കണം. എന്നാൽ എല്ലാക്കാര്യത്തിനും സ്റ്റേററിനെ ആശ്രയിക്കുകയും സകല ഉത്തരവാദിത്വവും അതിനു ഒഴിഞ്ഞുകൊടുക്കുകയും ചെയ്യുന്നവർ അതിനെ നാശത്തിലേക്കു നയിക്കുകയും ചില പ്രബലതല്പരകക്ഷികളുടെ കളിപ്പാട്ടമായി അതിനെ വിട്ടുകൊടുക്കുകയുമാണു ചെയ്യുന്നതു്.........

"നേരേമറിച്ചു്, ഓരോ പൗരനും മനസ്സിലാക്കണം, അവൻ ആവശ്യപ്പെടുന്നതായ രാഷ്ട്രത്തിന്റെ ഇടപെടൽ, പൊതുജനതയുടെ തന്നെ ഇടപെടലാണെന്നും, തദ്വാരാ അവൻതന്നെ സ്വയം വിധേയമാകുന്നതിനു സന്നദ്ധമല്ലാത്ത കടമകളേയോ ഉത്തരവാദിത്വങ്ങളേയോ കെട്ടിയേല്പിക്കുന്നതിനു സ്റ്റേററിനെ പ്രേരിപ്പിക്കുവാൻ അവനു അവകാശമില്ലെന്നും. യഥാർത്ഥത്തിൽ, സാമ്പത്തികമോ സാമൂഹികാഭിവൃദ്ധിപരമോ ആയ പ്രശ്നങ്ങളിൽ നിയമത്തിന്റെ പിടിമാനം വളരെ ഉപരിപ്ലവം മാത്രമാണു്. അവ ആന്തരികമായും അനിവാര്യമായും ബന്ധപ്പെട്ടിരിക്കുന്നതു് മനുഷ്യന്റെ വ്യക്തിത്വത്തിന്മേലാണു്, അതായതു് ഉത്തരവാദിത്വം പേറാനുള്ള അവന്റെ സന്മനസ്സിന്മേലും ധാർമ്മികശക്തിയിന്മേലും. ഈദൃശവ്യക്തികളെ സൃഷ്ടിക്കുവാൻ രാഷ്ട്രത്തിനു കഴിവില്ല. പ്രത്യുത, രാഷ്ട്രത്തിന്റെതന്നെ നാശത്തിനു നിദാനമായ വിധത്തിൽ സമ്മതിദാനം നിർവ്വഹിക്കപ്പെടുന്ന ആബദ്ധ്യത്തെ തടയത്തക്കവണ്ണം ഉൽബുദ്ധമായ ഒരു ജനവിഭാഗത്തിൽനിന്നുവേണം അവർ ആവിർഭവിക്കുവാൻ."

പൊതുജനങ്ങളെ അന്ധരാക്കുന്ന ഇന്നത്തെ രാഷ്ട്രീയ ചരടുവലികളാണു് ഇവിടെ പരിശുദ്ധ പിതാവു് ചൂണ്ടിക്കാണിക്കുന്നതു്. വ്യക്തിയുടെ അവകാശാധികാരങ്ങളെ കൈയടക്കി രാഷ്ട്രങ്ങൾ രാക്ഷസസമാനം വളരുന്നതും, അധികാരദുർവ്വിനിയോഗം മൂലവും ബലപ്രയോഗം മൂലവും വ്യക്തികൾ വെറും മൂകസാക്ഷികളും രാഷ്ട്രത്തിന്റെ ദുർന്നടപടികൾക്കു ചട്ടുകങ്ങളുമായി പ്രവർത്തിക്കേണ്ടിവരുന്നതുമായ ദുരന്തമാണു് ആ ധാർമ്മികസമ്രാട്ടു് അതിൽ വിഭാവനം ചെയ്തിരിക്കുന്നതു്. ഈ സ്ഥിതിവിശേഷങ്ങളാണു് ആധുനികലോകത്തെ ഒരു ശോകനാടകത്തിന്റെ ദാരുണരംഗങ്ങളിലേക്കു വലിച്ചിഴച്ചുകൊണ്ടിരിക്കുന്നതു്. ഗാഗുൽത്തായിലെ നാടകീയരംഗങ്ങൾ ഇന്നു റഷ്യയിലും കമ്മ്യൂണിസ്റ്റുപഗ്രഹരാജ്യങ്ങളിലും, ചൈനയിലും എല്ലാം അഭിനയിക്കപ്പെടുകയാണു്. അതിനുള്ള പ്രതിവിധിയാണു് ലോകം കണ്ടെത്തേണ്ടതു്. കുരിശിന്റെ രഹസ്യം—ക്രിസ്തുവിന്റെ പീഡാസഹനചരിത്രത്തിന്റെ ഉള്ളുകള്ളികൾ—അവഗാഢം പഠിക്കുകയും അതിൽനിന്നു ലഭിക്കുന്ന ഗുണപാഠങ്ങൾ അനുദിനജീവിതത്തിൽ പ്രായോഗികമാക്കുകയും ചെയ്തെങ്കിൽ മാത്രമേ അതു സഫലമാകൂ.

## തിരുനാൾമംഗളം



തൃശ്ശൂർ മെത്രാൻ
റൈററ് റവ. ഡോക്ടർ ജോർജ്ജ്
ആലപ്പാട്ടു് ഡി. ഡി.
തിരുമനസ്സുകൊണ്ടു്
(തിരുനാൾ—ഏപ്രിൽ 23)

## പ്രസാധകക്കുറിപ്പുകൾ

### ഹങ്കറിയിലെ മർദ്ദനപരിപാടി

ഹംഗേറിയൻവിപ്ലവത്തിന്റെ യഥാർത്ഥചരിത്രം കഴിഞ്ഞതവണ ഞങ്ങൾ പ്രതിപാദിച്ചിരുന്നല്ലോ. കമ്മ്യൂണിസ്റ്റ്ഭരണത്തിന്റെ ഭീകരതയാൽ പൊറുതിമുട്ടിയ ജനത അവരുടെ സ്വാതന്ത്ര്യസമ്പാദനത്തിനും കമ്മ്യൂണിസ്റ്റ് ഭരണനുകം എറിഞ്ഞുകളഞ്ഞു് ജനകീയമായ ഒരു ഭരണം നടപ്പാക്കുന്നതിനുംവേണ്ടി ഒരു പ്രക്ഷോഭണത്തിനിറങ്ങി. അതു തല്ക്കാലം വിജയിക്കുകയുംചെയ്തു. പക്ഷെ റഷ്യയുടെ നീതിവിരുദ്ധമായ ഇടപെടലും റഷ്യയിൽനിന്നുള്ള ആയുധങ്ങളുടേയും സൈന്യത്തിന്റെയും പ്രവാഹവും തടുത്തുനില്ക്കുന്നതിനു് ആ പാവപ്പെട്ട രാജ്യത്തിനു സാധിച്ചില്ല. ജാനോസ് കാദാർ പ്രധാനമന്ത്രിയായി ഒരു പാവഗവമ്മെൻറു് അവിടെ സ്ഥാപിതമായി. അങ്ങനെ ഒരിക്കൽക്കൂടി ഹംഗേറിയൻജനത റഷ്യയുടെ മേധാവിത്വത്തിനും കമ്മ്യൂണിസ്റ്റ്ഭരണത്തിനും അടിപ്പെട്ടു കഴിഞ്ഞിരിക്കുകയാണു്. അനന്തരപരിപാടികളെപ്പററി നിർണ്ണയിക്കാനാണു് പ്രധാനമന്ത്രി കാദാറും പാർട്ടിയും ഈയിടെ മോസ്കോ സന്ദർശിക്കുകയും അവിടെവച്ചു മാർഷൽ ബുൾഗാനിനും മററുമായി ദീർഘമായ കൂടിയാലോചനകൾ നടത്തുകയുമുണ്ടായതു്. അവരുടെ പ്രസ്താവനകളിൽനിന്നും കമ്മ്യൂണിക്കേകളിൽനിന്നും ഹങ്കറിയെസംബന്ധിച്ച അടുത്ത പരിപാടികൾ എങ്ങനെയായിരിക്കുമെന്നു് മനസ്സിലാക്കുവാൻ വിഷമമില്ല. ലണ്ടൻ പ്രസ്സ്‌സർവീസ്‌വഴി മി. ആർംസ്‌മെൻകൻ കാദാറിന്റെ മോസ്കോസന്ദർശനത്തെ ആസ്പദിച്ചു് പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ലേഖനം ഇതേപ്പററി സവിസ്തരം പ്രതിപാദിക്കുന്നുണ്ടു്. ആദ്യമായിത്തന്നെ കാദാർ പ്രസ്താവിക്കുന്നതു് ഹങ്കറിയിൽ കഴിഞ്ഞ ശരൽക്കാലത്തു നടന്നതു ഒരു ജനകീയവിപ്ലവമല്ലെന്നാണു്. അതിനു അദ്ദേഹത്തിനു ന്യായവുമുണ്ടു്. എല്ലാ കമ്മ്യൂണിസ്റ്റുകൾക്കുമുള്ള ന്യായംതന്നെ. അതായതു് തൊഴിലാളികളുടെ ഏകാധിപത്യസ്ഥാപനത്തിനുവേണ്ടിയുള്ള കമ്മ്യൂണിസ്റ്റ്‌നടപടിമാത്രമാണു് ജനകീയവിപ്ലവം. ആലോകതൊഴിലാളിസർവ്വാധിപത്യം എന്നുള്ള കമ്മ്യൂണിസ്റ്റ് സിദ്ധാന്തത്തിനുവേണ്ടിയുള്ള ഏതൊരു സംരംഭവും അനുവദനീയവും ന്യായയുക്തവുമാണു്. അതിനെതിരായുള്ള പ്രസ്ഥാനങ്ങൾ ഏതുതന്നെയായാലും അതു് "തൊഴിലാളികളുടെ ഏകാധിപത്യത്തെ മറിച്ചിടാനുള്ള പ്രതിവിപ്ലവ"മാണു്. മി. കാദാറിന്റെ ഈ പ്രസ്താവത്തെ പിന്താങ്ങിക്കൊണ്ടു് റഷ്യൻപ്രധാനമന്ത്രി പറയുന്നതു്, "ജനകീയജനായത്തരാജ്യ"ത്തിനെതിരായ ഒരു സായുധാക്രമണത്തെ—കമ്മ്യൂണിസ്റ്റുകൾ കൊല്ലപ്പെടുന്ന ഒരാക്രമണത്തെ—ഒരു വിപ്ലവമെന്നു വിളിക്കാൻ കമ്മ്യൂണിസ്റ്റുകാരനു സാദ്ധ്യമല്ലെന്നാണു്. ചുരുക്കത്തിൽ "തൊഴിലാളികളുടെ ഏകാധിപത്യ"മെന്നു പറഞ്ഞാൽ കമ്മ്യൂണിസ്റ്റ് ഏകാധിപത്യമെന്നു മനസ്സിലാക്കണം. "ജനകീയജനായത്തസ്റ്റേററു്" എന്നു പറഞ്ഞാൽ സോവ്യററ്‌ഉപഗ്രഹരാജ്യങ്ങളിലെ കമ്മ്യൂണിസ്റ്റ്ഏകാധിപത്യം എന്നും. "വിപ്ലവം" എന്ന പദം കമ്മ്യൂണിസ്റ്റുകൾക്കു മാത്രം ഉപയോഗിക്കാവുന്ന ഒരു ബഹുമാന്യസംജ്ഞയാണു്. അതു ലോകം മുഴുവനിലും കമ്മ്യൂണിസ്റ്റ് ഏകാധിപത്യം സ്ഥാപിക്കുന്നതിനുള്ള ഉപാധിയാണു്. അതിനെതിരായ ഏതു പ്രസ്ഥാനവും തന്മൂലം പ്രതിവിപ്ലവമായി മുദ്രയടിക്കപ്പെടും. ഇങ്ങനെയാണു് ഒക്ടോബർമാസത്തിലെ ഹങ്കറിയിലെ ജനകീയപ്രക്ഷോഭണത്തെ അവർ ഒരു പ്രതിവിപ്ലവമാക്കി മുദ്രകുത്തി അതിനെതിരെ ഭീകരമായ സായുധനടപടികൾ സ്വീകരിച്ചതും, ആ നടപടി ശരിയാണെന്നു വാദിക്കുന്നതും, അങ്ങനെ ഹങ്കറിയിലെ കാദാറിന്റെ പാവഗവമ്മെൻറിനെ അംഗീകരിച്ചു് അതിന്റെ "തലതൊട്ടപ്പനാ"യി വർത്തിക്കുന്നതും. ഒക്ടോബർപ്രക്ഷോഭണത്തിൽ കാദാറിന്റെ പാവഗവമ്മെൻറു നിലനിന്നതു് എന്തുകൊണ്ടായിരുന്നുവെന്നു അദ്ദേഹംതന്നെ പരസ്യമാക്കുന്നുണ്ടു്. "കമ്മ്യൂണിസ്റ്റ്‌ചേരിയിലെ ഐക്യം" എന്നാണു് അതിന്റെ നല്ല പേരു്. പ്രയോഗത്തിൽ അതിന്റെ അർത്ഥം സോവ്യററ്‌റഷ്യയുടെ പിന്തുണയും അവരുടെ ആയുധവും സൈന്യവുമെന്നാണു്. ഈ കൈകടത്തലില്ലായിരുന്നെങ്കിൽ ജനകീയപ്രക്ഷോഭണം തീർച്ചയായും ഹങ്കറിയിൽ വിജയമടയുകയും ഹംഗേറിയൻജനത സ്വാതന്ത്ര്യവായു ശ്വസിക്കുകയും ചെയ്യുമായിരുന്നു. ഭാവിനടപടികളെപ്പററി പ്രധാനമന്ത്രി കാദാർ പറയുന്നതിപ്രകാരമാണു്: "ഞങ്ങളുടെ അനുഭവങ്ങളെ മുൻനിർത്തി സ്റ്റേററും തൊഴിലാളികളുടെ ഏകാധിപത്യവും സംബന്ധിച്ചു് ലെനിൻ പറഞ്ഞിട്ടുള്ളവയിൽ ഞങ്ങൾ കൂടുതൽ ശ്രദ്ധ പതിപ്പിച്ചുകൊണ്ടിരിക്കുകയാണു്. തൊഴിലാളികളുടെ ഏകാധിപത്യം ഞങ്ങൾ ശക്തമാക്കിക്കൊണ്ടിരിക്കുന്നു......വലിയ വില കൊടുത്താണു് ചരിത്രപരമായ അനുഭവങ്ങൾ നാം സ്വീകരിച്ചിട്ടുള്ളതു്. തൊഴിലാളിഏകാധിപത്യത്തിന്റെ മർദ്ദനനടപടികൾ ഊർജ്ജിതപ്പെടുത്തണമെന്നുള്ള മുന്നറിയിപ്പാണു് അവ നമുക്കു നൽകുന്നതു്." ഹങ്കറിയിൽ അവശേഷിക്കുന്ന "ബൂർഷ്വാസി"കളുടെനേർക്കു പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള ഈ ഭീഷണിയും മർദ്ദനവുമാണു് ഹങ്കറിയിലെ അടുത്ത പരിപാടി. 1921-ൽ ലെനിൻ നൽകിയ ഒരു നിർദ്ദേശമാണു് ഹങ്കറിയുടെ നയരൂപവല്ക്കരണത്തിൽ സ്വീകരിച്ചിട്ടുള്ളതെന്നും അദ്ദേഹം വിശദമാക്കുന്നു. അന്നു റഷ്യയിലുണ്ടായ ഒരു ഭക്ഷ്യമോഷണത്തെപ്പററി ലെനിൻ പരാതിപ്പെട്ടതിങ്ങനെയാണു്: "തൂക്കിലിടൽ വളരെ കുറവായിപ്പോയിരിക്കുന്നു. കോടതികൾ ഭയപ്പെടുത്തൽ ഉപേക്ഷിച്ചുകൂടെന്നു മാത്രമല്ല അതിനെ അവ താത്വികമായിത്തന്നെ നിയമാനുസരണമാക്കണം." ഹങ്കറിയുടെ ചരിത്രം ലോകത്തെവിടെയുമുള്ള രാജ്യങ്ങൾക്കു് കമ്മ്യൂണിസ്റ്റ്ഭീഷണിക്കെതിരായി അവയുടെ നിലയുറപ്പിക്കുന്നതിനുള്ള ഈ പ്രചോദനവും ആഹ്വാനവുമാണു നൽകുന്നതു്. കമ്മ്യൂണിസം ഒരുമ്മാക്കിയോ പിള്ളകളിയോ അല്ല. ആ സർപ്പദംശമേററാൽ വിഷമിറക്കുന്ന കാര്യം പരുങ്ങലിലാണു്.

x x x

### വിദ്യാഭ്യാസനയം

പുതിയ മന്ത്രിസഭാരൂപവല്ക്കരണം കഴിഞ്ഞു് കമ്മ്യൂണിസ്റ്റ്‌പാർട്ടി ഇദംപ്രഥമമായി കേരളാസ്റ്റേററിന്റെ ഭരണം ഏറെറടുത്തിരിക്കുന്ന ഈ അവസരത്തിൽ ഓരോ വകുപ്പിലും ഭദ്രമായ പരിവർത്തനങ്ങൾ നടപ്പിലാക്കാനുള്ള ശ്രമമാണു നടന്നുകൊണ്ടിരിക്കുന്നതെന്നറിയുന്നു. ജനക്ഷേമകരവും രാജ്യത്തിന്റെ ഭാവിഐശ്വര്യത്തിനു നിദാനവുമായ എല്ലാ പരിഷ്കാരങ്ങളേയും പൊതുജനങ്ങൾ സ്വാഗതം ചെയ്യാതിരിക്കുകയില്ല. ഇക്കൂട്ടത്തിൽ വിദ്യാഭ്യാസവകുപ്പും ഏതൊക്കെയോ വലിയ പരിവർത്തനങ്ങളെ പ്രതീക്ഷിക്കത്തക്കവണ്ണമുള്ള സൂചനകളും പ്രഖ്യാപനങ്ങളുമാണു് വിദ്യാഭ്യാസമന്ത്രിയുടെ പ്രസ്‌കോൺഫറൻസുകളിലും പ്രസ്താവനകളിലും കാണുന്നതു്. വിദ്യാഭ്യാസപ്രശ്നം കേരളത്തിന്റെ മികച്ച പ്രശ്നങ്ങളിൽ ഒന്നാണെന്നു പറയേണ്ടതില്ലല്ലോ. സർ സി. പി. യുടെ കാലം മുതൽ അതിനു കൂടുതൽ കുഴപ്പം സംഭവിച്ചിട്ടുണ്ടെന്നും ഓരോ കാലങ്ങളിൽ അതിന്റെ പരിഹാരത്തിനുവേണ്ടി കരുപ്പിടിപ്പിക്കപ്പെട്ട പദ്ധതികൾ ഒന്നുംതന്നെ ലക്ഷ്യപ്രാപ്തിക്കു നിദാനമായിട്ടില്ല എന്നും ഇന്നുവരെയുള്ള ചരിത്രം തെളിയിക്കുന്നു. വിദ്യ

ഭ്യാസം വെറും പൊളിററിക്കല്ലായെന്നും അതിൽ ഇടകലർന്നിരിക്കുന്ന മതപരവും സാമൂഹികവും ധാർമ്മികവും സാമ്പത്തികവും മററുമായ പ്രശ്നങ്ങളെ യഥാതഥം സമ്യക്കായി പരിഗണിച്ച് രാജ്യോൽക്കർഷപരമായ ഒരു സുദൃഢപദ്ധതിയിൽ എത്തിച്ചേർന്നെങ്കിൽ മാത്രമേ അതൊരു വിജയമാവുകയുള്ളൂ എന്നുമുള്ളതാണ് ഏതദ്വിഷയത്തിൽ പ്രത്യേകം മനസ്സിരുത്തേണ്ടതു്. വിദ്യാഭ്യാസരംഗത്തിൽ ധാരാളം പരിചയമുള്ള വിദ്യാഭ്യാസമന്ത്രി അവർകളുടെ യത്നം ഏതുവഴിക്കായിരിക്കും എന്നറിയുന്നതിനു പൊതുജനങ്ങൾക്കു കൂടുതൽ ജിജ്ഞാസയുണ്ടാവുക എന്നതും സ്വാഭാവികമാണ്.

കത്തോലിക്കാസഭ, കത്തോലിക്കാകുട്ടികൾക്കു കത്തോലിക്കാ സ്കൂളുകൾ വേണമെന്നു ശഠിക്കുന്നതിന്റെ ന്യായയുക്തതയേയും, ആവശ്യകതയേയും ഇത്തരുണത്തിൽ പ്രത്യേകം മനസ്സിലാക്കി പ്രവർത്തിക്കേണ്ടതു് അനിവാര്യമാണ്. ഈ മൗലികമായ അവകാശവാദത്തെ വിശദീകരിച്ച് "സ്റ്റെല്ലാ മാരിസ്" എന്ന ഇംഗ്ലീഷ് മാസിക ഈയിടെ പ്രസിദ്ധീകരിച്ച ഒരു ലേഖനം പ്രത്യേകം ശ്രദ്ധാർഹമായിരിക്കുന്നു. അതിപ്രകാരമാണ്: "റോമൻ കത്തോലിക്കർ അവരുടെ കുട്ടികളുടെ മതപഠനം സൺഡേ സ്കൂളുകളിൽവച്ച് ഞായറാഴ്ചദിവസംമാത്രം നടത്തുകയും മററു ദിവസങ്ങളിൽ ദേശീയവിദ്യാഭ്യാസപദ്ധതിയനുസരിച്ചുള്ള പഠനങ്ങളിൽ അവരെ ഏർപ്പെടുത്തുന്നതുകൊണ്ടു തൃപ്തിയടയുകയും ചെയ്യാത്തതെന്തുകൊണ്ടാണ്? കാരണം, കത്തോലിക്കാമതം ഞായറാഴ്ചത്തെമാത്രം ഒരു ഇടപാടല്ല. അതു ആഴ്ചവട്ടത്തിലെ എല്ലാ ദിവസങ്ങളേയും ബാധിക്കുന്ന ഒരു പരിശീലനമാണ്. കത്തോലിക്കാമതം മനഃപാഠമാക്കുന്നതിനുള്ള ഒരദ്ധ്യായമല്ല, അതു ഒരു ജീവിതസമ്പ്രദായമാണ്. മതത്തിൽനിന്നും വ്യതിരിക്തമായ ഒരു വിദ്യാഭ്യാസം വിദ്യാഭ്യാസത്തിന്റെ പൂർണ്ണമായ നിർവ്വചനത്തിനനുയോജ്യമായ വിദ്യാഭ്യാസമല്ല. ഒരു ശിശുവിന്റെ ശാരീരികവും, മാനസികവും, സദാചാരപരവും, കലാപരവുമായ എല്ലാ കഴിവുകളേയും പരിപോഷിപ്പിക്കുകയും അവനെ ഐഹികവും പാരത്രികവുമായ അവന്റെ ജീവിതലക്ഷ്യങ്ങൾ പ്രാപിക്കത്തക്കവണ്ണം പരിശീലിപ്പിക്കുകയും ചെയ്യുന്നതാണ് യഥാർത്ഥമായ വിദ്യാഭ്യാസം. ഒരു കത്തോലിക്കാ വിദ്യാലയത്തിലെ അന്തരീക്ഷം കത്തോലിക്കാവിശ്വാസത്തിന്റെ സൗരഭ്യംകൊണ്ടു പരിപൂരിതമായിരിക്കും. ഓരോ ക്ലാസ്സുകളും പ്രാർത്ഥനകൊണ്ടാരംഭിക്കുകയും പ്രാർത്ഥനയിൽ പര്യവസാനിക്കുകയും ചെയ്യും. ഓരോ ക്ലാസ്സുമുറിയിലും ക്രൂശിതരൂപവും പ്രാർത്ഥനാപീഠവുമുണ്ടായിരിക്കും. തിരുസഭ ആചരിക്കുന്ന ഓരോ പ്രധാന തിരുനാളുകളും പ്രത്യേകകാലങ്ങളും അവരുടെ ശ്രദ്ധയ്ക്കു വിഷയമാക്കപ്പെടും... മതമെന്നതു് വെള്ളംചോരാത്ത അറകളിൽ സൂക്ഷിക്കപ്പെടുന്ന ഏതോ ഒന്നാണെന്നുള്ള മിഥ്യാബോധം നമ്മുടെ കുട്ടികളുടെ മനസ്സിൽ കടന്നുകൂടുവാൻ ഇടയാകരുതു്; പ്രത്യുത, അതു് വ്യക്തിയുടെ ജീവിതത്തെ മുഴുവനും സ്പർശിക്കുന്ന ആന്തരികവും ജീവദായകവുമായ ഒരു ശക്തിവിശേഷമാണെന്നു അവർക്കു ബോദ്ധ്യമാവണം. ഏതൊന്നിനുവേണ്ടി ജീവിക്കുകയും, ഏതൊന്നിനുവേണ്ടി മരിക്കുകയും ചെയ്യുവാൻതക്ക യോഗ്യമായ ജീവിതത്തിലെ അനർഘനിധിയാണതെന്നുള്ള വസ്തുത അവർക്കു വിശദമാകണം." ഇതാണ് സാക്ഷാത്തായ കത്തോലിക്കാ വിദ്യാഭ്യാസാദർശത്തിൽ അന്തർലീനമായിരിക്കുന്ന തത്വം. കത്തോലിക്കാ വിദ്യാഭ്യാസസ്വാതന്ത്ര്യം അനുഭവിക്കുന്നു എന്നു നാം അഭിമാനിക്കുന്നു. എന്നാൽ മൗലികമായ നമ്മുടെ അവകാശങ്ങളിൽ എത്രമാത്രം പരിമിതികൾക്കു വിധേയരായിട്ടാണ് യഥാർത്ഥത്തിൽ കഴിഞ്ഞുകൂടുന്നതെന്നു്, ഇന്നത്തെ നാമമാത്രമായ കത്തോലിക്കാ വിദ്യാഭ്യാസസൗകര്യങ്ങൾകൊണ്ടു തൃപ്തിപ്പെട്ടുപോരുന്നവരായ നാം വേണ്ടത്ര ചിന്തിക്കാറില്ല. ന്യായയുക്തമായ നമ്മുടെ അവകാശങ്ങളെ നിഹനിക്കുന്നതിനും സ്വാതന്ത്ര്യങ്ങളെ തടയുന്നതിനും വഴിതെളിക്കുന്ന അനേകം നിബന്ധനകളും നിർബന്ധങ്ങളുമാണ് ഓരോ വിധത്തിൽ നമ്മുടെ വിദ്യാഭ്യാസപ്രവർത്തനങ്ങളെ നിയന്ത്രിക്കുവാനും അതിന്റെ ലക്ഷ്യങ്ങളെ വിഫലമാക്കാനും നമ്മുടെ മേൽ കെട്ടിയേല്പിക്കപ്പെട്ടിട്ടുള്ളതു്. അതുകൊണ്ടു് ഭാവിതലമുറയുടെ ഐഹികവും പാരത്രികവുമായ സൗഭാഗ്യസമ്പാദനത്തിൽ പ്രാഥമ്യം വഹിക്കുന്ന ഉപാധിയായ വിദ്യാഭ്യാസത്തെ സംബന്ധിച്ച് നമ്മുടെ മൗലികമായ അവകാശങ്ങളും സ്വാതന്ത്ര്യങ്ങളും ബലികഴിക്കപ്പെടാതിരിക്കുവാൻ നാം ദത്തശ്രദ്ധരായിരിക്കേണ്ടതത്യാവശ്യമാണെന്നു ഞങ്ങൾ ഏവരേയും ഉൽബോധിപ്പിച്ചുകൊള്ളട്ടെ.


## വിജ്ഞാപനം

വലിയ ആഴ്ച പ്രമാണിച്ചു ആപ്പീസ് ഒഴിവാകയാൽ അടുത്ത ബുധനാഴ്ച പത്രം ഉണ്ടായിരിക്കുന്നതല്ല.

മാനേജർ

ഗദ്യകവിത

# കാൽവരിയിൽ



കുരിശിൻ ചുവട്ടിലെ കരളലിയിക്കുന്ന സമാപനരംഗം

I

ഹൃദയമില്ലാത്ത ലോകമേ! നീ ആ കണ്ണുനീരിന്റെ കാഴ്ചയൊന്നു കാണുമോ?...വേദനയേറുന്ന നെടുവീർപ്പുകളുടേയും, അന്തമററ "ആത്മദാഹ"ത്തിന്റേയും അവിസ്മരണീയമായ ആ അന്തിമരംഗം നീയൊന്നു ദർശിക്കുമോ?...

നഷ്ടപ്രഭമായ വിശ്വസൗന്ദര്യങ്ങളിലും, ക്ഷണികമായ ജഡികസുഖങ്ങളിലും, ശൂന്യമായ ജീവിതാനന്ദങ്ങളിലും നിർല്ലീനമായി കഴിയുന്ന മർത്ത്യവംശമേ! ഈ പാരിലും ഒരു നവീന "വാനലോകം" നിർമ്മിക്കുവാൻ—സ്വർഗ്ഗീയമായ പ്രകാശരശ്മികളെ പരത്തുവാൻ—സ്വജീവിതംപോലും പരമബലിയായി സമർപ്പിച്ച സ്നേഹരൂപനായ ക്രിസ്തുനാഥന്റെ കയ്പേറിയ സങ്കടങ്ങൾക്കും, ഭീകരമായ കഷ്ടാനുഭവങ്ങൾക്കും, പാടുപീഡകൾക്കും മൂകസാക്ഷ്യം വഹിച്ച ആ കാൽവരിമലയിലേക്കു നിന്റെ കണ്ണുകളൊന്നു തിരിക്കുമോ??...

സുഖലോലുപതയുടെ നടുവിലും സമ്പത്തിന്റെ ബഹുലതയിലും ആനന്ദസാന്ദ്രമായ നിമിഷങ്ങളുടെ ത്വരിതഗതിയിലും ഒരു പക്ഷെ നീ ആ കാഴ്ചകളൊന്നും കണ്ടില്ലെന്നുവരാം; തങ്കനാണയങ്ങളുടെ നിക്വണിതങ്ങളും, മങ്കമാരുടെ മധുരാലാപങ്ങളും, വർണ്ണശബളിമയുള്ള വേഷഭൂഷകളും കൊണ്ടു മതിമറന്ന നിനക്കു്, ആ പ്രേമമൂർത്തിയുടെ നെടുനിശ്വാസങ്ങളും, ഈടുററ ഹൃദയത്തുടിപ്പുകളും ശ്രവിക്കുവാൻ സമയമില്ലായിരിക്കാം. എന്നാൽ, ഇരുപതു നൂററാണ്ടുകൾക്കു മുൻപു്, ലോകാന്തരങ്ങളിൽ മുഴങ്ങിക്കേട്ട ആ മരണമണിനാദവും ആർത്തരോദനങ്ങളും ആർപ്പുവിളികളുമെല്ലാം കാലങ്ങൾ അനേകം കടന്നുപോയിട്ടും, ഇന്നും നിന്റെ ശ്രവണപുടങ്ങളിൽ മുഴങ്ങിക്കേൾക്കുന്നില്ലേ? സ്മരണാമണ്ഡലത്തിലൂടെ നീ ഏകനായി സഞ്ചരിക്കുമ്പോൾ നിന്റെ ഹൃദയവിപഞ്ചികയിൽനിന്നും പുറപ്പെടുന്ന വേദന നിറഞ്ഞ സ്വരങ്ങൾ, അന്നു്, ആ കപാലഗിരിമുകളിൽ മുഖരിതമായ ചുററികയടിയുടേയും ഇരുമ്പാണികളുടേയും സങ്കലിതശബ്ദത്തിന്റെ പ്രതിദ്ധ്വനിപോലെ തോന്നുന്നില്ലേ?....നിനക്കുവേണ്ടിയും; അനന്തരതലമുറകൾക്കു വേണ്ടിയും തന്റെ അനർഘജീവൻവരെയും നിസ്തന്ദ്രമായ ത്യാഗസന്നദ്ധതയോടെ സംത്യജിച്ച ആ ത്യാഗസമ്പന്നന്റെ മഹത്ജീവിതത്തിലെ അവസാനനാഴികകളുടെ ഓർമ്മകളുമായി നീ ഒരു മണിക്കൂറെങ്കിലും ഉണർന്നിരുന്നു പ്രാർത്ഥിക്കുകയില്ലേ??...

II

അതാ! നീ അങ്ങോട്ടൊന്നു നോക്കൂ!...; കാലമാകുന്ന മയക്കുമരുന്നുകൊണ്ടോ, സംഭവങ്ങളാകുന്ന തിരമാലകളാലോ, ബാഷ്പധാരമൂലമോ മായിക്കാനും മറക്കാനും സാദ്ധ്യമാവാത്ത ആ അവിസ്മരണീയരംഗങ്ങൾ അല്പം ക്ഷമയോടെ നീ കാണുക; എല്ലാ ലൗകികകൃത്യങ്ങളിലും ചിന്തകളിലും നിന്നു സ്വയം വിമുക്തനായി, നിന്റെ അന്തർനേത്രങ്ങളിലൂടെ ഏതാനും നിമിഷനേരത്തേക്കെങ്കിലും അവ വീക്ഷിക്കുന്നെങ്കിൽ നിനക്കു മനഃസമാധാനം ലഭിക്കും.... തേജോരൂപനെങ്കിലും, വിവശമായ കളേബരത്തോടും, രുധിരപൂരിതമായ മുറിവുകളോടും കൂടി ആ കണ്ടകാകീർണ്ണമായ വഴിത്താരയിലൂടെ മന്ദംമന്ദം നീങ്ങുന്ന മഹനീയവ്യക്തിയെ നീയറിയുമോ? ശാന്തഗംഭീരമെങ്കിലും നയനാംബുപൂരണ്ട കവിൾത്തടങ്ങളും, സ്വേദബിന്ദുക്കളണിഞ്ഞ ഫാലസ്ഥലവും, രക്തനിറം കലന്ന നയനങ്ങളുമുള്ള ആ "മനുഷ്യൻ" ആരെന്നു് നീ മനസ്സിലാക്കിയോ?? പുതുപുഷ്പങ്ങളുടെ സൗന്ദര്യാഭയും വെൺമഞ്ഞിന്റെ ധവളിമയുമുള്ള ആ മനോമോഹനന്റെ വദനബിംബം അവനമ്രമായിരിക്കുന്നതു് എന്തുകൊണ്ടാണ്? കനകോജ്ജ്വലനായ ആ കുമാരന്റെ തിരുമൗലിയിൽ സ്വർണ്ണക്കിരീടത്തിന്റെ സ്ഥാനത്തു് അടിച്ചുതറച്ചുവച്ചിരിക്കുന്നതു് ഒരു മുൾമുടിയല്ലേ? പനിനീർപ്പൂവിനേക്കാളും പവിത്രതയും, മാടപ്പിറാവിനേക്കാളും മനോഹാരിതയും മഴവില്ലിന്റെ അഴകുമുള്ള ആ മഞ്ജുളാംഗം മുഴുവൻ കീറിമുറിഞ്ഞു്, അവിടുന്നു് ശകലിതഗാത്രനായിത്തീർന്നു കഴിഞ്ഞല്ലോ. നിത്യശ്വേതശോഭമായ ആ നിലയങ്കി കടുനിണധാരയിൽ മുങ്ങിനനഞ്ഞു് ശരീരഭാഗങ്ങളോടു ഒട്ടിപ്പിടിച്ചു കഴിഞ്ഞിരിക്കുന്നു. പ്രണിതമാനസനായി—താപവിവശനായി—വിങ്ങിവിങ്ങി കരയുന്ന ആ മനോജ്ഞപുരുഷന്റെ തിരുത്തോളിലേക്കു ഒന്നു നോക്കൂ!...ഹാവൂ! ഭാരമേറിയ ഒരു മരക്കുരിശല്ലേ നീ അവിടെക്കാണുന്നതു്? താങ്ങാനാവാത്ത ആ തടിക്കഷണത്തിന്റെ കനവും നിർദ്ദയത്വവും നിമിത്തം ആ നടുവു കുനിഞ്ഞു്, തോൾ വളഞ്ഞു്, വാമഹസ്തം കാൽമുട്ടിൽ താങ്ങി ഇഴഞ്ഞിഴഞ്ഞുനീങ്ങുന്ന ആ യാത്ര നീയൊന്നുകൂടി ദർശിക്കൂ!... ഹൊ! കേവലം ബലിമൃഗത്തെപ്പോലെ വലിച്ചിഴയ്ക്കുവാൻ, കൊലപ്പുള്ളിയോടെന്നതുപോലെ നിഷ്ക്കരുണം പ്രവർത്തിക്കുവാൻ അദ്ദേഹം എന്തപരാധങ്ങളാണ് ചെയ്തതു്? ഇത്ര ഘോരമായ പീഡനങ്ങൾക്കും അവജ്ഞകൾക്കും അവഹേളനങ്ങൾക്കുംവിധേയനാകുവാൻ ആ "പുമാൻ" ഇതിനു മുൻപു് എന്തു കുററം ചെയ്തു??... ആ വലിയ ജനക്കൂട്ടം ഇത്രയുച്ചത്തിലും വൈരാഗ്യചിന്തയോടും കൂടി അട്ടഹസിക്കുന്നതും അലറുന്നതും എന്തിനായിരിക്കുമോ??... ആ വഴിയിൽ കിടക്കുന്ന മൺതരികളും, പുൽക്കൊടികളും, പച്ചിലകൾപോലും ചൂടുള്ള രക്തബിന്ദുക്കൾ വീണു നനയുന്നതു് നീ കണ്ടില്ലേ?......പറവകളും, ലതകളും, പുഷ്പങ്ങളും, കരിങ്കൽക്കഷണങ്ങൾ പോലും ആ പരവശന്റെ പരമദയനീയമായ അവസ്ഥയും, ദുഃഖഭാവവും രക്തവിവർണ്ണമായ മുഖകമലവും കണ്ടു് അതാ പൊട്ടിക്കരയാനൊരുങ്ങുന്നു!!

അതാ! ആ യാത്ര അങ്ങെത്തിക്കഴിഞ്ഞു; ആ മലമുകളിൽ; സ്ത്രീജനങ്ങളും, പുരുഷവർഗ്ഗവും വിയർപ്പിൽ കുളിച്ചിരിക്കെ, ഇലകളും വല്ലികളും പുഷ്പങ്ങളും ചണ്ഡഭാസ്കരന്റെ ഉഗ്രകിരണങ്ങളേററു വാടിക്കരിഞ്ഞുകൊണ്ടിരിക്കെ, പാടിത്തളർന്ന പറവകളും, വീശിയലഞ്ഞ മാരുതനും, ഒഴുകിമടുത്ത പർവ്വതകല്യകളും കാൺകെ അതിവിവശനായ ആ മഞ്ജുഗാത്രന്റെ തിരുവസ്ത്രം ഉരിഞ്ഞു മാററ

## കൃതജ്ഞത

തിരുക്കുടുംബത്തിന്റേയും വി. യൂദാശ്ലീഹായുടേയും മാദ്ധ്യസ്ഥതാൽ അസാദ്ധ്യമെന്നു കരുതിയിരുന്ന ഒരു കാര്യം സാധിച്ചതിനു കൃതജ്ഞത.

ഒരു വിശ്വാസി

പ്പെടുന്നു; പകരം നഗ്നത മറയ്ക്കാൻ ഒരു കീറത്തുണി മാത്രം!...ദാഹിക്കുന്നതിനു വെറും കൈയ്പുനീരം!!

അതാ! ചുററികയടി മുഴങ്ങുന്നു...ഒന്ന്...രണ്ട്...മൂന്ന്...ഗംഭീരമായ ആ സ്വരം പല തവണ അന്തരീക്ഷത്തിൽ പ്രതിദ്ധ്വനിക്കുന്നു...അതെ! ലോകത്തെ നടുക്കുന്ന ആ ശബ്ദം നിന്റെ ഹൃദയത്തിലേക്കും ആഞ്ഞു കയറുന്നില്ലേ?...പച്ചമാംസത്തിലേക്കു ആ ഇരുമ്പാണികൾ തുളഞ്ഞു കയറുന്നതു കണ്ടിട്ടും, കുരിശിനോടു ശരീരം അമർത്തിച്ചേർക്കുമ്പോൾ ആ അസ്ഥികളും ഞരമ്പുകളുമെല്ലാം ഞെരിയുന്നതു കേട്ടിട്ടും വജ്റഹൃദയനായ നിന്റെ കരൾക്കെട്ടുകൾ പൊട്ടിത്തകരുന്നില്ലേ? നിന്റെ ചിന്തകൾക്കും വികാരങ്ങൾക്കും ചലനം സംഭവിക്കുന്നില്ലേ? എന്ത്? നീയിത്രയ്ക്കും ഭയങ്കരനാണോ? നിന്റെ കണ്ണുനീരിന്റെ ഉറവിടം വററിപ്പോയോ? നിന്റെ ഹൃദയത്തിന്റെ സ്പന്ദനങ്ങൾ നിലച്ചുപോയതാണോ?...

ഇല്ല; ഇതുകൊണ്ടും തീർന്നില്ല; സഹോദരാ! നീയെന്തിനു കണ്ണു പൊത്തുന്നു; എന്തിനു പിൻതിരിയാൻ ഭാവിക്കുന്നു? നിന്നെ രക്ഷിക്കുവാൻ — ജനകോടികളെ വാനോളമുയർത്തുവാൻ— പാടുപെടുന്ന ആ ദയാനിധിയുടെ ജീവിതയാത്രയുടെ അവസാനംകൂടി കാണുക.

അതാ! ആ മരക്കുരിശ് കാൽവരിയുടെ ഉത്തുംഗഭാഗത്തുതന്നെ നാട്ടപ്പെടുന്നു; പാർശ്വഭാഗങ്ങളിലെ മരക്കാലുകളിൽ ഭീകരന്മാരായ രണ്ടു തസ്കരന്മാരും!

മൂന്നു ലോകത്തേയും രക്ഷിക്കുവാൻവന്ന മന്നവൻ ഇതാ മൂന്നാണികളിൽ തൂങ്ങിക്കിടന്ന് മരണവേദന അനുഭവിക്കുന്നു; തീവ്രമായ യാതനകൾ സഹിക്കുന്നു. അതും ഒരു നിമിഷനേരത്തേക്കല്ല. നീണ്ട മൂന്നു മണിക്കൂർസമയം! ലോകത്തിന്റെ പാപത്തേയും സങ്കടങ്ങളേയും പരിഹരിക്കുവാൻ വന്ന് നാഥനു ലഭിച്ച ആ മലർമെത്ത നീ കാണുക, കുരിശ്; തിരുമൗലിയിൽ അണിഞ്ഞത്, മുൾക്കിരീടം; രാജചിഹ്നമോ, ആണി; കൊടുംദാഹം വന്നപ്പോൾ കുടിക്കാൻ ലഭിച്ചത്, കയ്പുനീർമാത്രം; പട്ടുവസ്ത്രങ്ങളാൽ അലങ്കരിക്കേണ്ട തിരുമേനിക്കു നഗ്നതമറയ്ക്കാൻ ലഭിച്ചത് ഒരു കീറത്തുണിയും; എന്തൊരു വിരോധാഭാസമാണിത്? അദ്ദേഹം സ്ഥാപിച്ച സാമ്രാജ്യമെവിടെ? സിംഹാസനമെങ്ങ്? ജനതയെത്?


അതാ! അദ്ദേഹത്തിന്റെ നനവാന്ന കണ്ണുകൾ അംബരസീമയിലേക്കു ഉയരുന്നു. വിളർത്തിരിക്കുന്ന അധരങ്ങളനങ്ങുന്നു; നാവു ചലിക്കുന്നു: "പിതാവേ! ഇവരോടു നീ ക്ഷമിക്കേണമേ! എന്തെന്നാൽ ഇവർ ചെയ്യുന്നതെന്തെന്നു ഇവരറിയുന്നില്ല!"

തന്നെ കുരിശേററിയവർക്കും, നിന്ദിച്ചവർക്കും, പാപികൾക്കും വേണ്ടി പരമപിതാവിനോടു അദ്ദേഹം ആ അന്ത്യവിനാഴികകളിലും ക്ഷമ ചോദിക്കുന്നു. അഹോ! നിസ്തുലസ്നേഹത്തിന്റെ പാരമ്യം; അനുകമ്പാതിരേകം!

ആ നിമിഷങ്ങൾ അതാ! സമീപിച്ചുകഴിഞ്ഞു. മറക്കാൻ വഹിയാത്ത അന്ത്യനിമിഷങ്ങൾ! താൻ സ്നേഹിച്ച അജഗണങ്ങളോടും ദുഷ്ടജനങ്ങളോടും, പാപികളോടും ഈ ലോകത്തോടുതന്നെയും ക്രിസ്തു യാത്രചോദിക്കുന്ന ആ നിമിഷങ്ങൾ!

ഭൂമിയിലെങ്ങും അന്ധകാരം നിറഞ്ഞു; സൂര്യന്റെ പ്രകാശം മങ്ങി; കൊടുങ്കാററുകൾ വീശി. തിരമാലകൾ കരകളെ അടിച്ചുതകർത്തു. ദേവാലയത്തിലെ തിരശ്ശീല രണ്ടായി പിളർന്നുപോയി. കപടജനങ്ങൾ ഭയന്നുവിറച്ചു; എവർക്കും ഒരുൾക്കിടിലമുണ്ടായി.... "എന്റെ ദൈവമേ! എന്റെ ദൈവമേ! നീയെന്നെ കൈവിട്ടതെന്ത്?" എന്ന് അദ്ദേഹം സങ്കടപ്പെടുന്നത് നീ ശ്രവിക്കുക. അതാ! തണ്ടൊടിഞ്ഞ നളിനം പോലെ ആ ശിരസ്സ് വലത്തുഭാഗത്തേക്കു തളർന്നു ചാഞ്ഞുകഴിഞ്ഞു; ആ കണ്ണുകളും, അധരങ്ങളും, അവയവങ്ങളും നിശ്ശേഷം നിശ്ചലമായി; ആ പാവനാത്മാവ് ശരീരത്തിൽനിന്നും വേർപിരിഞ്ഞു!

(പൊൻകുന്നം തോമസ്)



ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ

K. T. J.

## കാത്തലിക് സമ്മർ സ്കൂൾ

1957 ഏപ്രിൽ 28-ാംനു മുതൽ മേയ് 5-ാംനു വരെ സെന്റ് ആൽബർട്ട്സ് കോളേജിൽവച്ച്, വരാപ്പുഴ അതിരൂപത കത്തോലിക്കാ സംഘത്തിന്റെ ആഭിമുഖ്യത്തിൽ ഇക്കൊല്ലത്തെ കാത്തലിക് സമ്മർസ്കൂൾ നടത്തപ്പെടുന്നതാണ്. ഏപ്രിൽ 28-ാംനു ഞായറാഴ്ച വൈകുന്നേരം 5 മണിക്ക് സമ്മർസ്കൂൾ ഉൽഘാടനവും കഴിഞ്ഞ തവണത്തെ മത്സരപ്പരീക്ഷയിൽ വിജയികളായവർക്കു സമ്മാനദാനവും നടക്കുന്നതായിരിക്കും. 29-ാംനു തിങ്കളാഴ്ച വൈകുന്നേരം മൂന്നരമണിമുതൽ അഞ്ചരമണിവരെ മലയാളത്തിൽ പഠനക്ലാസുകൾ ഉണ്ടായിരിക്കും. എന്നാൽ ചൊവ്വാഴ്ച മുതൽ ശനിയാഴ്ച ഉൾപ്പെടെ എല്ലാദിവസവും കാലത്തു 10 മണിമുതൽ 1 മണി വരേയും, ഉച്ചതിരിഞ്ഞ് 3 മണി മുതൽ 5 മണിവരേയും ക്ലാസുകൾ നടത്തപ്പെടും. യുവതീയുവാക്കന്മാർ, അദ്ധ്യാപികാദ്ധ്യാപകന്മാർ, സന്യാസിനികൾ തുടങ്ങിയ എല്ലാവർക്കും പ്രസ്തുതക്ലാസ്സുകളിൽ സംബന്ധിക്കാവുന്നതാണ്.

പഠനവിഷയങ്ങൾ

1. ദൈവശാസ്ത്രം—"സഭയും രാഷ്ട്രവും" പ്രസംഗകൻ: റവ ഫാ. ആൻറണി പനയ്ക്കൽ, പിഎച്ച്, എൽ., ബി. ഡി., ബി. എ. (ഓണേഴ്സ്)

2. തിരുസ്സഭാചരിത്രം—"കത്തോലിക്കാ സഭയും ലോകപുരോഗതിയും" പ്രസംഗകൻ: ശ്രീ പി റ്റി തോമസ് എം. എ. എൽ. ററി.

3. സാമൂഹ്യശാസ്ത്രം—"സാമൂഹ്യശാസ്ത്രത്തിന്റെ മൗലികതത്വങ്ങൾ" പ്രസംഗകൻ: റവ. ഫാദർ തെയോഫിൻ, ഒ. സി. ഡി. എം., ബി. എ. ബി.ററി.

പഠനക്ലാസ്സുകളിൽ സംബന്ധിക്കുന്നവരെ ഉദ്ദേശിച്ച് മേയ് 5-ാംനു ഞായറാഴ്ച കാലത്ത് 10 മണിക്കു ഒരു മത്സരപ്പരീക്ഷ നടത്തുന്നതും, സമ്മാനാർഹർക്കു സമ്മാനങ്ങളും പാസ്സാകുന്നവർക്കു ഡിപ്ലോമാകളും നൽകുന്നതുമായിരിക്കും. സമ്മർസ്കൂളിന്റെ ഉപസംഹാരയോഗം മേയ് 5-ാംനു ഞായറാഴ്ച വൈകുന്നേരം 5 മണിക്ക് നടത്തപ്പെടും. കൂടുതൽ വിവരങ്ങൾക്കു താഴെക്കാണുന്ന മേൽവിലാസത്തിൽ എഴുതുക.

Fr. Francis Payapilly
Pius X Hostel
I. S. Press Road, Ernakulam-1

## ചരമവാർത്തകൾ

നായരമ്പലം: ഞാറയ്ക്കൽ പള്ളി ഇടവക പുല്ലൻ വറീതു ഭാര്യ ഏലി ഏപ്രിൽ 2-ാംനു ചൊവ്വാഴ്ച 76-ാമത്തെ വയസ്സിൽ കർത്താവിൽ നിദ്രപ്രാപിച്ചിരിക്കുന്നു. ശവസംസ്കാരം പിറേറദിവസം ബുധനാഴ്ച വൈകുന്നേരം 5 മണിക്ക് പല ബ. വൈദികരുടേയും ദർശനസമൂഹങ്ങളുടെയും ബന്ധുമിത്രാദികളുടെയും സാന്നിദ്ധ്യത്തിൽ ഞാറയ്ക്കൽപള്ളി സിമിത്തേരിയിൽ യഥാവിധി നിർവ്വഹിക്കപ്പെട്ടു.

മറ്റത്തൂർ: ഈ ഇടവക വടക്കഞ്ചേരി ഔസേപ്പ് ആഗസ്തി അവർകളുടെ ഭാര്യ ത്രേസ്യ ഏപ്രിൽ 8-ാംനു തിങ്കളാഴ്ച 71-ാമത്തെ വയസ്സിൽ കർത്താവിൽ നിദ്രപ്രാപിച്ചിരിക്കുന്നു. ശവസംസ്കാരകർമ്മം പിറേറദിവസം കാലത്തു പരേതയുടെ പുത്രൻ റവ. ഫാദർ ലൂയിസ് വടക്കഞ്ചേരി അവർകളുടെ പ്രധാനകാർമ്മികത്വത്തിലും 13-ൽപരം വൈദികരുടെ സഹകരണത്തിലും യഥോചിതം നടത്തപ്പെട്ടു. വെരി റവ. ഫാദർ ചെറിയാൻ പാറയ്ക്കൽ അവർകൾ ചരമപ്രഭാഷണം നിർവ്വഹിച്ചു. പരേതയ്ക്കു 7 പുത്രന്മാരും 3 പുത്രിമാരുമാണ് ജീവിച്ചിരിപ്പുള്ളത്. ബോംബെ ശാന്തിനഗറിലെ സെന്റ് ആൻസ് കോൺവെൻറിലെ ശ്രേഷ്ഠത്തിയമ്മ റവ. സിസ്റ്റർ അന്നാ ജോസഫും ആമ്പക്കാട് തിരുക്കുടുംബമഠത്തിലെ റവ. സിസ്റ്റർ ആൻറണീററയും പരേതയുടെ പുത്രികളാണ്.

ചെമ്പംതൊട്ടി: ഈ പള്ളി ഇടവക കാര്യാത്ത് തൊമ്മൻ തോമസ് തന്റെ 28-ാമത്തെ വയസ്സിൽ ഏപ്രിൽ 7-ാംനു കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു. ശവസംസ്കാരം പിറേറദിവസം ചെമ്പംതൊട്ടിപള്ളി സിമിത്തേരിയിൽ, വികാരി റവ. ഫാദർ ജേക്കബ് കുന്നപ്പള്ളി അവർകളുടെ പ്രധാനകാർമ്മികത്വത്തിലും ഒരു വലിയ ജനാവലിയുടെ സാന്നിദ്ധ്യത്തിലും നടത്തപ്പെട്ടു.

പേരാവൂർ: ഈ ഇടവക വെമ്പള്ളിക്കുന്നേൽ ജോസഫ് ഭാര്യ മറിയം ഏപ്രിൽ 3-ാംനു ബുധനാഴ്ച കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു. ശവസംസ്കാരകർമ്മം പിറേറദിവസം റവ. ഫാദർ ഫിലിപ്പ് മറിഞ്ഞകല്ലേൽ അവർകളുടെ കാർമ്മികത്വത്തിൽ നടത്തപ്പെട്ടു.

തെ. പറവൂർ: ഈ പള്ളി ഇടവക പുന്നപ്പുഴ ശ്രീ വർക്കി വറുഗീസ് തന്റെ 60-ാമത്തെ വയസ്സിൽ ഏപ്രിൽ 13-ാംനു ശനിയാഴ്ച വെളുപ്പിനു അന്ത്യകൂദാശകളെല്ലാം സുബോധത്തോടെ കൈക്കൊണ്ട് കർത്താവിൽ നിദ്രപ്രാപിച്ചിരിക്കുന്നു. ശവസംസ്കാരം ഞായറാഴ്ച ഉച്ചയ്ക്കുശേഷം യഥാവിധി നടത്തപ്പെട്ടു.

ഓച്ചന്തുരുത്ത്: ഈ ഇടവക പള്ളത്തുശ്ശേരിൽ ശ്രീ റാഫേൽ അന്തപ്പൻ 85-ാമത്തെ വയസ്സിൽ ഏപ്രിൽ 6-ാംതീയതി കർത്താവിൽ ഭാഗ്യമരണമടഞ്ഞിരിക്കുന്നു. പിറേറദിവസം വൈകിട്ട് 5 മണിക്കു 30-ൽപരം ബ. വൈദികരുടേയും ഒരു വലിയ ജനക്കൂട്ടത്തിന്റേയും സഹകരണത്തിൽ റവ. ഫാദർ ജോസഫ് പള്ളത്തുശ്ശേരിയുടെ പ്രധാനകാർമ്മികത്വത്തിൽ ശവസംസ്കാരം യഥാവിധി നിർവ്വഹിക്കപ്പെട്ടു. കൂനമ്മാവു വികാരി റവ. ഫാദർ പള്ളത്തുശ്ശേരി, കോട്ടയം കോൺവെൻറിലെ റവ. സിസ്റ്റർ ഇസിദോർ എന്നിവർ പരേതന്റെ സന്താനങ്ങളാണ്.

നീറിക്കോട്: നരിവേലിപ്പള്ളിഇടവക പുതിയടത്ത് (കൊരട്ടിക്കാട്ടുതറ) ഔസേപ്പ് തൊമ്മൻ മാർച്ച് 20-ാംതീയതി 82-ാമത്തെ വയസ്സിൽ കർത്താവിൽ നിദ്രപ്രാപിച്ചു. ശവസംസ്കാരം അന്നു നാലുമണിക്ക് വമ്പിച്ച ജനാവലിയുടെ സാന്നിദ്ധ്യത്തിലും ബ. പല വൈദികരുടെയും കാർമ്മികത്വത്തിലും നടത്തപ്പെട്ടു.

R. I. P.

## ഉപകാരസ്മരണ

നിത്യസഹായമാതാവിന്റെ മാദ്ധ്യസ്ഥതാലും ബ. അൽഫോൻസാമ്മയുടെ സഹായത്താലും എന്റെ സുഖക്കേട് മാറിയതിനു ഉപകാരസ്മരണ.

മിസ്സിസ് സി. ടി. ലൂസി
മുരുക്കുംപാടം

## അത്ഥിനികളെ ആവശ്യമുണ്ട്

ഉപവിയുടെ സഹോദരികൾക്കു ബംഗാളിൽ മിഷ്യനറിമാരായി വിവിധജോലികൾ ചെയ്യുന്നതിനു—ആസ്പത്രികൾ, വിദ്യാലയങ്ങൾ, അനാഥമന്ദിരങ്ങൾ, രോഗീകേന്ദ്രങ്ങൾ, വിധവാലയങ്ങൾ, ശിശുസംരക്ഷണാലയങ്ങൾ എന്നീ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നതിനും, ഗ്രാമങ്ങളിൽ മിഷ്യനറി ജോലിക്കും—അത്ഥിനികളെ ആവശ്യമുണ്ട്. പ്രസ്തുത സഭയിലെ സഹോദരികൾ, ഏപ്രിൽ ഒടുവിൽ കേരളം സന്ദർശിക്കുന്നുണ്ട്. കൂടുതൽ വിവരങ്ങൾക്ക് എഴുതുക.

Very Rev Mother Provincial,
Sisters of Charity,
14/1 Convent Road, Entally P. O.
Calcutta-14.


## അടുത്തയാഴ്ചയിൽ

ഏപ്രിൽ

18 വ്യാ: തിരുവ്യാഴം
19 വെ: ദുഃഖവെള്ളി
20 ശ: ദുഃഖശനി
21 ഞാ: നമ്മുടെ കർത്താവിന്റെ ഉയിർപ്പ്
22 തി: വി. അവുദീശോ
23 ചൊ: വി. ഗീവറുഗീസ്
24 ബു: വി. എഗ്ബർട്ട്





സംഭവകഥ

# വികാരി അച്ചൻ മനസ്സുതിരിഞ്ഞു

(ജെ. പി. വി.)

(തുടർച്ച)

ആഞ്ചെലാ പരിഭ്രമത്തോടെ ആരാഞ്ഞു: "എൻെറ കുഞ്ഞു മരിക്കുമോ ബെപ്പോ! അയ്യോ അതിനെ ഒന്നാശീർവ്വദിക്കാൻ ഒരച്ചനെപ്പോലും കിട്ടാൻ വഴിയില്ലാതായല്ലോ?"

"കുഞ്ഞിനെ മാമ്മോദീസാ മുക്കിയതല്ലേ?"

"അതേ, മാമ്മോദീസാ മുക്കി. എന്നാൽ അതിനു മററു കൂദാശകൾ കൊടുക്കേണ്ടേ? നമ്മുടെ അച്ചന്മാർ ഇങ്ങനെ ആയല്ലോ. രാത്രിയിൽ കൂദാശകൾക്കുപോലും വിളിക്കരുതെന്നു കഠിനമായി മുടക്കിയിരിക്കുന്നു. എന്തുകഷ്ടമാണ്?"

"അതുകൊണ്ടു വിഷമിക്കേണ്ടാ. മാമ്മോദീസാ മുങ്ങിയ കുഞ്ഞിനു വേറെ കൂദാശകളൊന്നും കൊടുക്കാനില്ല. ഇപ്പോൾ ഒരു ഡോക്ടറെയാണാവശ്യം. ഞാൻതന്നെ പോയി വിളിച്ചുകൊണ്ടുവരാം."

"വേണ്ടാ, പീററർ ഡോക്ടറെ വിളിക്കാൻ പോയിട്ടുണ്ട്. അദ്ദേഹം അവിടെ ഇല്ലായിരിക്കണം. എത്ര നേരമായി പോയിട്ട്."

"എന്നാൽ നമുക്കു ഈ കുഞ്ഞിനുവേണ്ടി പ്രാർത്ഥിക്കാം" സാത്തോ മുട്ടുകുത്തി. കൂടെ ആ അമ്മയും രണ്ടു മക്കളും. ദുഃഖമായ രഹസ്യങ്ങൾ ചൊല്ലികഴിഞ്ഞു് അവരെണീററു. കുട്ടിയെ ചെന്നു നോക്കിയിട്ടു് ആഞ്ചെലാ പറയുകയാണ്: "ശമ്മാസ്സോ, ഒന്നു വന്നു നോക്കിയേ. കുഞ്ഞു പുഞ്ചിരിക്കുന്നു. തീർച്ചയായും എൻെറ കുഞ്ഞിനു സുഖമാകുകയാണ്. ശമ്മാസ്സുൻെറ പ്രാർത്ഥന ദൈവം കേട്ടു."

സാത്തോ സൂക്ഷിച്ചുനോക്കി. വാസ്തവമാണ്, കുട്ടിയുടെ മുഖത്തു ശുഭസൂചകമായ ചില ലക്ഷണങ്ങൾ കാണുന്നുണ്ട്. ശ്വാസോച്ഛ്വാസം വളരെ എളുപ്പമായിരിക്കുന്നു, അദ്ദേഹം പറഞ്ഞു: "ഞാൻ ഏതായാലും ഡോക്ടർ വന്നിട്ടേ പോകുന്നുള്ളു. നാളെ രാവിലെ നിങ്ങൾക്കു ഞാൻ കുറെ പാലും കായ്കനികളും കൊണ്ടുവരാം. ഇപ്പോൾ വീട്ടിൽ പാൽ ധാരാളമുണ്ട്."

അവർ ഓരോന്നു സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ പുറത്തു കാലൊച്ചകേട്ടു. പീററും ഡോക്ടറും വന്നുകഴിഞ്ഞു. പീറററിൻെറ ശ്വാസംതന്നെ നേരെ നില്ക്കുന്നില്ല, അത്രയ്ക്കുണ്ടു് പരിഭ്രമം. ഡോക്ടർ മുറപ്രകാരം കുട്ടിയെ പരിശോധിക്കുവാൻ തുടങ്ങി. സാത്തോയും ശ്വാസമടക്കി നില്ക്കുകയാണ് ഡോക്ടറുടെ അഭിപ്രായമറിയാൻ. അതിനു കോളറായാണെന്നു പ്രഖ്യാപിച്ചാൽ ആഞ്ചെലായുടേയും പീറററിൻേറയും സങ്കടാവസ്ഥ എങ്ങനെ കണ്ടുനില്ക്കും! പരിശോധനയ്ക്കുശേഷം ഡോക്ടർ പറഞ്ഞു: "സാരമില്ല; ഈ വേനല്ക്കാലത്തു ഇത്തരം സുഖക്കേടുകൾ ധാരാളമുണ്ട്." കോളറാരോഗം തന്നെയാണ് അദ്ദേഹം സൂചിപ്പിച്ചതു്.

പീററർ:- "സാറെ, അതത്ര നിസ്സാരമൊന്നുമല്ല. ഇപ്പോൾ എന്തോ തല്ക്കാലവ്യത്യാസമാണ്. ഞാൻ പോരുമ്പോൾ അതു ശക്തിയായി വലിക്കുകയായിരുന്നു. നമ്മൾ ഇവിടെ എത്തുമെന്നു എനിക്കു ശരണമില്ലായിരുന്നു."

ആഞ്ചെലാ:- "അതു ശരിയാണ്. പക്ഷെ, നമ്മുടെ ബെപ്പോ ശമ്മാസ്സുൻ ഇതിനിടയ്ക്കു ഒരത്ഭുതം പ്രവർത്തിച്ചു. അതാണ് ഫ്റൻ സീസ്ക്കോയെ രക്ഷിച്ചതു്."

ഡോക്ടർക്കു അതു വാസ്തവമായിരിക്കണമെന്നു തോന്നി. ഇത്ര ചെറിയ കുട്ടികൾക്കു ഈ രോഗം പിടിപെട്ടാൽ അതിനെ തടുത്തു നില്ക്കാൻ സാധാരണഗതിയിൽ സാദ്ധ്യമല്ല. ഇതിലെന്തോ പ്രത്യേകദൈവാനുഗ്രഹമുണ്ടായിരിക്കണം. പീറററിൻെറ മനസ്സിലും പലവിധവികാരങ്ങൾ അലയടിച്ചു. ജോസഫ് സാത്തോയോടുള്ള കൃതജ്ഞതയും അതേസമയം വികാരിയച്ചനോടുള്ള രോഷവും. പീററർ ഒരു നല്ല ക്രിസ്തീയജീവിതം നയിച്ചിരുന്ന തൊഴിലാളിയായിരുന്നു. മുന്തിരിച്ചെടിയൊരുക്കുന്നതിൽ അയാളെ ജയിക്കുവാൻ തക്ക പാടവമുള്ളവർ കുറയും. പക്ഷെ ഫാദർ ജോൺ വാററായ് റീസിലെ വികാരിയായിവന്നതിനുശേഷം അദ്ദേഹവുമായുണ്ടായ ചില ഇടപാടുകളിൽ ആ പാവപ്പെട്ടവൻ അല്പം വഴിതെററിയാണിപ്പോൾ കഴിഞ്ഞുകൂടുന്നതു്. പീററർ ചുവന്നതൊപ്പി ധരിക്കുന്നതുകൊണ്ടു് അയാളുടെ ചാച്ചിൽ കമ്മ്യൂണിസത്തിലേക്കാണെന്നു് ചിലർ പറഞ്ഞുതുടങ്ങിയിട്ടുണ്ട്.

പീററർ പറഞ്ഞു:- "ആഞ്ചെലാ, നീ പറഞ്ഞതു ശരിയാ. നമ്മുടെ ഈ ബെപ്പോ ഒരു കൊച്ചുപുണ്യവാനാണ്. ഫാദർ ഫ്രസ്റ്റോരീനിയും ജക്രൂസിയും ഇവിടെ ഉണ്ടായിരുന്നപ്പോഴത്തെ സംഭവങ്ങൾ ഞാൻ നല്ലവണ്ണം ഓർക്കുന്നു. അവർക്കു ബെപ്പോയെ എന്തു കാര്യമായിരുന്നു. അങ്ങനെയാണ്, നല്ലവർ നല്ലവരെ അറിയും. ഇപ്പോഴത്തെ രണ്ടു സുഖിമാന്മാർ ഈ ഇടവകയേയും ജനങ്ങളേയും നശിപ്പിച്ചേ ഇവിടെനിന്നു മാറിത്തരികയുള്ളൂ. ഏതായാലും ഞാൻ നിശ്ചയിച്ചിരിക്കുകയാണ്, ഇവരെക്കുറിച്ചു ഒരു പരാതി മെത്രാനച്ചൻെറ അടുത്തുകൊടുക്കണം. സാധുക്കളോടു ദയയില്ലാത്ത അഹംഭാവികൾ!"

"പീററർ, അങ്ങനെ പറയാതെ. അവർ വൈദികരല്ലേ? പൗരോഹിത്യത്തെ നാം ബഹുമാനിക്കേണ്ടേ? പോരെങ്കിൽ അവർ നമ്മുടെ ഇടവകവൈദികരും," സാത്തോ വികാരഭരിതനായി പറഞ്ഞു.

"അതു ശരിയാണ്. നാമെന്തിന അവരെ വിമർശിക്കണം. ജോസഫ് ശെമ്മാസ്സുൻ പറഞ്ഞതു ശരിയാണ്" ഡോക്ടർ അഭിപ്രായപ്പെട്ടു.

"പീറററേ, അയ്യോ മിണ്ടല്ലേ! എന്തൊരു ദേഷ്യമാ ഇതു്? അച്ചന്മാർ വല്ലതും പറഞ്ഞെങ്കിൽ നമ്മൾ കേട്ടില്ലാ എന്നു വച്ചേക്കണം. ഇന്നാളൊരിക്കൽ രാത്രി വിളിക്കാൻചെന്നിട്ടു് വഴക്കുപറഞ്ഞതു മുതലാണ് ഇത്തരം വർത്തമാനങ്ങൾ തുടങ്ങിയിരിക്കുന്നതു്" ആഞ്ചെലായാണ് സംഗതി വിശദീകരിച്ചതു്.

"അതൊക്കെ പോകട്ടെ. നമ്മുടെ വാററായ് അച്ചൻ അത്ര ചീത്തയാളൊന്നുമല്ല. രോഗീസന്ദർശത്തിനു രാത്രിസമയം വിളിച്ചപ്പോൾ രോഗം ഗൗരവമായിരിക്കുകയില്ലെന്നുകരുതി മടിപറഞ്ഞിരിക്കാം. അത്യാവശ്യമാണെന്നു കണ്ടാൽ തീർച്ചയായിട്ടും ഉടനെ പോകാതിരിക്കുകയില്ല" സാത്തോ പറഞ്ഞു.

ഡോക്ടർ:- "കൊള്ളാം. ഞാനിറങ്ങട്ടെ. കുട്ടിക്കു ആ പൊടി ഇടയ്ക്കിടയ്ക്കു ഓരോ പൊതി കൊടുത്തുകൊണ്ടിരിക്കുക. നാളെ ഞാൻ വരാം."

Chakolas
SILK HOUSE
TRICHUR-ERNAKULAM

കല്യാണ സാരികൾ

ആവശ്യത്തിനും, അവസരത്തിനും അനുസരിച്ചുള്ള വിവിധ ജവുളിത്തരങ്ങൾ ധാരാളം സ്റ്റോക്കുണ്ട്.

EP

സാത്തോ:- "ഞാനും ഡോക്ടറുടെകൂടെ പോരാം. രാത്രിയല്ലേ; ഒന്നിച്ചുപോകാം."

V

പ്രകൃതി മുഴുവനും ശാന്തമായിരുന്നു. വഴിവിളക്കുകൾ അണഞ്ഞുകഴിഞ്ഞു. നക്ഷത്രങ്ങളുടെ പ്രകാശം റീസിലെ വെള്ളയായ ചെറുഭവനങ്ങളുടെമേൽ പതിച്ചു് പ്രതിഫലിക്കുന്നുണ്ടായിരുന്നു. വൃക്ഷങ്ങളുടെ നിഴലുകൾ ഭീകരമായ ഒരു പ്രതീതി ആ സ്ഥലത്തിനു പ്രദാനംചെയ്തു. അകലത്തിലുള്ള മലയിടുക്കുകളിൽക്കൂടി തണുത്ത കാററു വീശിക്കൊണ്ടിരുന്നു. ഒരു ശ്മശാനമൂകതയാണ് എവിടേയും കളിയാടിയിരുന്നതു്. ഡോക്ടർ വളരെ ക്ഷീണിതനായി കാണപ്പെട്ടു. അദ്ദേഹത്തിൻെറ നടപ്പ് വളരെ മന്ദഗതിയിലായിരുന്നു. ഡോക്ടർ പറഞ്ഞു: "അവരുടെ ഒരു പരിഭ്രമം. എന്നെ ഈ രാത്രിയിൽ ഇത്രയധികം കഷ്ടപ്പെടുത്തേണ്ട കാര്യമുണ്ടായിരുന്നോ? ഇതാണവരുടെ പ്രകൃതം. കഴിഞ്ഞദിവസം റോസിററായ്ക്കു മരണപ്രമാദമാണെന്നും പറഞ്ഞു് ആ മനുഷ്യൻതന്നെയാണ് വികാരിയച്ചനെ വിളിച്ചുകൊണ്ടുവന്നതു്. അതേത്തുടർന്നാണ് ഈ വഴക്കും വയ്യാവേലിയും വർദ്ധിച്ചതും."

"അതു വാസ്തവമാണ്. എങ്കിലും ആ കുഞ്ഞിൻെറ രോഗം അത്ര നിസ്സാരമായിട്ടല്ല ആദ്യം എനിക്കും തോന്നിയതു്. അതു അന്ത്യശ്വാസം വലിക്കുന്നതുപോലെ കാണപ്പെട്ടു. ആ പാവപ്പെട്ട കുടുംബത്തിൻെറ ഭാഗ്യം; അപകടം നീങ്ങിയെന്നു തോന്നുന്നു" സാത്തോ പറഞ്ഞു.

"ഇനി സാരമില്ല; അതു ഭേദമായിക്കൊള്ളും. പക്ഷെ ഇതുകൊണ്ടു കാര്യമായില്ല. നമ്മുടെ ഈ ചെറുഗ്രാമത്തിൽ കോളറാ ഒന്നു പടർന്നുപിടിക്കാനുള്ള ലക്ഷണങ്ങളാണു കാണുന്നതു്. ഞാൻ രണ്ടുമൂന്നു കേസുകൾ നോക്കിയശേഷം വീട്ടിൽ മടങ്ങിവന്നപ്പോഴാണ് പീററർ അവിടെ കാത്തിരിക്കുന്നതു്. ഒന്നു നമ്മുടെ ജിയോവാനി മർക്കോണിയുടെ കേസായിരുന്നു. അയാൾ ഇപ്പോൾ മൊരീനാപ്രഭ്വിയുടെ എസ്റ്റേററിൽ ഒരുദ്യോഗത്തിലാണ്. രോഗം കുറച്ചു കടുത്തതരമാണ്. അതുകൊണ്ടു് വികാരിയച്ചനെ കൊണ്ടുവരുവാൻ പ്രഭ്വിയുടെ വണ്ടിതന്നെ അയച്ചിരിക്കുകയാണ് ഞാൻ പോരുമ്പോൾ."

പ്രഭ്വിയുടെ വണ്ടി പള്ളിമുറിയുടെ മുൻവശത്തു വന്നതിൻെറ കാരണം ഇപ്പോൾ സാത്തോയ്ക്കു വ്യക്തമായി. പാവപ്പെട്ട വാററായിഅച്ചൻെറ ദയനീയസ്ഥിതിയെപ്പററി ഓർത്തപ്പോൾ അദ്ദേഹത്തിനു വലിയ അനുകമ്പതോന്നി. രാത്രിയിൽ രോഗീസന്ദർശനം മുടക്കപ്പെട്ടിരുന്നെങ്കിലും ഈ കേസിലെങ്കിലും അതു പാലിക്കാൻ ആ പാവത്തിനു സാധിക്കുകയില്ലല്ലോ. രോഗം ഇങ്ങനെ പടർന്നുപിടിക്കുകയാണെങ്കിൽ ധൈര്യമില്ലാത്ത, ത്യാഗമനോഭാവമില്ലാത്ത ആ വൈദികരുടെ സ്ഥിതി എത്ര ദയനീയമായിരിക്കും എന്നദ്ദേഹം ഓർത്തു സങ്കടപ്പെട്ടു. ഒരു വഴിത്തിരിവിൽ വന്നപ്പോൾ ഡോക്ടർക്കു വീട്ടിലേക്കു തിരിയേണ്ട ഇടമായി. അദ്ദേഹം യാത്രപറഞ്ഞുപിരിഞ്ഞു. സാത്തോ വീട്ടിലേക്കു പോകുന്നതിനുപകരം വീണ്ടും ദേവാലയത്തിലേക്കു യാത്രതുടർന്നു. ഇടവകവൈദികർക്കു തൻെറ സഹായം ഒരുപക്ഷെ ആവശ്യമായെങ്കിലോ എന്ന വിചാരമാണ് ഇതിനു അദ്ദേഹത്തെ പ്രേരിപ്പിച്ചതു്. (തുടരും)

## യുവതികൾക്കു് ഏകാന്തധ്യാനം

### ആലുവാ

ചുണങ്ങംവേലി അഗതികളുടെ സഹോദരിമാരുടെ ആഭിമുഖ്യത്തിൽ ആണ്ടുതോറും യുവതികൾക്കായി നടത്താറുള്ള ഏകാന്തധ്യാനം ഈ ആണ്ടിലും ആലുവാ സെൻറു മേരീസ് ഹൈസ്കൂളിൽവച്ചു് ഏപ്രിൽ 29-ാംതീയതി വൈകുന്നേരം തുടങ്ങുന്നതും മേയ് 3-ാംതീയതി രാവിലെ അവസാനിക്കുന്നതുമാണ്.

ശയ്യോപകരണങ്ങൾ ഓരോരുത്തരും കൊണ്ടുവരണം. ബോർഡിംഗ്ഫീസ് ഏഴു രൂപാമാത്രം.

ഇതിൽ സംബന്ധിക്കുവാൻ ഉദ്ദേശിക്കുന്നവർ ഏപ്രിൽ 25-ാംതീയതിക്കകം വിവരം താഴെവരുന്ന മേൽവിലാസത്തിൽ അറിയിക്കേണ്ടതാണ്.

The Rev. Mother Superior, Sisters of the Destitute,
Chunangumvely, Alwaye, Thottummukam P. O.


# THE SOUTH INDIAN BANK LIMITED

ESTD: 1929. HEAD OFFICE. TRICHUR. A SCHEDULED BANK.

**BRANCHES:**

Alleppey, Alwaye, Bhawani, Cochin, Coimbatore, Ernakulam, Gobichettipalayam, Irinjalakuda, Kollemgode, Kozhikode, Kunnamkulam, Madras, Manjeri, Mannarghat, Nilambur, Ottapalam, Palghat, Pollachi, Ponnani, Salem, Tirupur, Trichur and Wadakancheri.

**Abridged Balance Sheet As At 31st December, 1956.**

| CAPITAL & LIABILITIES | Rs. | PROPERTY & ASSETS | Rs. |
|---|---|---|---|
| Paid Up Capital (less calls in arrears) | 9,40,055 | Cash | 34,92,663 |
| Reserves | 5,93,901 | Cash with other banks | 8,26,372 |
| Deposits | 3,07,10,400 | Investments | 1,20,69,692 |
| Borrowings from other banks | 25,45,341 | Advances | 1,80,96,753 |
| Bills payable | 1,06,114 | Bank Premises | 4,54,643 |
| Bills for Collection per contra | 10,95,645 | Furniture & Fixtures | 1,33,026 |
| Acceptances, Endorsements, etc. per contra | 37,83,038 | Bills Receivable per contra | 10,95,645 |
| Other Liabilities | 3,70,446 | Constituents' Liabilities per contra | 37,83,038 |
| Net profit for the year | 2,60,946 | Other Assets | 3,83,109 |
| | | Non-banking assets | 70,945 |
| Total | 4,04,05,886 | Total | 4,04,05,886 |

**Board of Directors**

Sri C. A. Ouseph, B. A., B. L., (Chairman)
" K. A. Davies, B. A., B. L., (Deputy Chairman)
" C. D. Chakko

Sri C. L. Mathew
" K. K. Francis
" M. D. Thomas

Sri T. O. Porinchu, B. A.
" Joseph Chakkola
" A. C. Sebastian

Sri T. A. Maney,
DEPUTY GENERAL MANAGER

Sri M. V. John,
GENERAL MANAGER




# നെടുവീർപ്പുകൾ

(പൊൻകുന്നം തോമസ്)

(തുടർച്ച)

II

ഹൃദയഭേദകമായ മരണത്തിന്റെ "മൗനസന്ദേശം" ആക്കോ നൽകാനെന്നോണം, മഴത്തുള്ളികളേയും തണുപ്പിനേയും സംവഹിച്ച്, പച്ചിലക്കാടുകളേയും വൃക്ഷശാഖകളേയും തെങ്ങോലത്തുമ്പുകളേയും പിടിച്ചു കുലുക്കിവന്ന ഒരു പിശറൻകാററ് മാത്തൻചേട്ടനെ നീറുന്ന ചിന്തകളിൽനിന്നും തട്ടിയുണർത്തി. അയാൾ ദീർഘമായി ഒന്നു നിശ്വസിക്കുകയും ആ കോടക്കാററിന്റെ പരുക്കൻശബ്ദത്തോടൊത്തു് അതു് അനന്തമായ അന്തരീക്ഷത്തിൽ വിലയിക്കുകയും ചെയ്തു.

അയാളുടെ ദേഹമാകെ ഒരു കോരിത്തരിപ്പുണ്ടായി. ഹൃദയത്തിന്റെ അടിത്തട്ടിൽ എന്തെന്നില്ലാത്ത ഒരു വേദനയും ആളിക്കത്തലും; മുറിക്കുള്ളിൽനിന്നും മരണത്തിന്റേതായ നിശ്വാസനങ്ങളും, വേർപിരിയലിന്റെ വിങ്ങിപ്പൊട്ടലുകളും. തണുത്തു മരച്ച മഴത്തുള്ളികൾ തലയിലും ദേഹത്തും വീണതു് ആ പാവമറിഞ്ഞതേയില്ല.

അയാൾ ശോശാമ്മയുടെ കട്ടിലിനുസമീപം ചെന്നുനിന്നു. അവരുടെ മെല്ലിച്ചുണങ്ങിയ കൈകൾ അമ്മിണി മാറോടടുക്കിപ്പിടിച്ചുകൊണ്ടു് ഏങ്ങിയേങ്ങിക്കരയുകയാണു്. ആ തള്ള തന്റെ ചുണ്ടുകളനക്കി എന്തൊക്കെയോ പറയുന്നുണ്ടെങ്കിലും ഒന്നും വ്യക്തമല്ല. അമ്മിണിയുടെ കരച്ചിലിന്റെ കുഞ്ഞലകൾ വെളിയിലത്തെ ഒച്ചപ്പാടുകളും ശീൽക്കാരങ്ങളും കൊണ്ടു് വിദൂരതയിലേക്കുമുഴങ്ങിപ്പോകുന്നതേയില്ല. ആ വേദനിക്കുന്ന ഹൃദയങ്ങളുടെ സ്പന്ദനങ്ങൾക്കും ചൂടുപിടിച്ച വികാരചലനങ്ങൾക്കും താളം പിടിക്കുന്നതുപോലെ, ജലബിന്ദുക്കൾ പച്ചിലകളിൽ തെരുതെരെ പതിയുന്നുണ്ടു്...ആദ്യയാമം കഴിഞ്ഞു.

അതെ! പാതിരാവിന്റെ ഇരുണ്ട മണിക്കൂറുകൾ! വെളിയിൽ മഴ തകർത്തുനിന്നു പെയ്യുന്നു. ഭ്രാന്തുപിടിച്ച മഴക്കാററിന്റെ ഇരമ്പലുകളും മാമരങ്ങളുടെ ഖര...ഖര...ശബ്ദങ്ങളും, മുളങ്കാടുകളുടെ ചൂളംവിളികളും, മറെറാച്ചയും ഓശകളുമെല്ലാം ആ കനത്ത മണിക്കൂറുകളെ ഭീകരമാക്കുകയാണു്. അങ്ങു ദൂരെക്കൂടെ, ഇരുകരകളും മുററി ഇരമ്പിപ്പായുന്ന മണിമലയാറിന്റെ ഉഗ്രമായ അട്ടഹാസങ്ങളും, കോടക്കാററിൽപെട്ടുലയുന്ന റബർ മരങ്ങളുടേയും, മുതുക്കൻ തെങ്ങുകളുടേയും നിലവിളികളുമൊക്കെ, മണിമാളികകളിലും കനകസൗധങ്ങളിലും ആനന്ദനിദ്രചെയ്യുന്ന ഭാഗ്യവാന്മാർ അറിയുന്നതേയില്ല. മഴയും കാററും അവർക്കു് ആ അനർഘനിമിഷങ്ങളിൽ ഒരു താരാട്ടുപോലെയായിരിക്കും.

അങ്ങിങ്ങായുള്ള ചെററക്കുടിലുകളുടെ പഴയോലകളും, കാട്ടുകമ്പുകളും ചുററിയടിക്കുന്ന ചുഴലിക്കാററിൽപെട്ടു് ദൂരെ പാറിപ്പോയിക്കാണും. അവയിൽ പട്ടിണികിടക്കുന്ന പാവങ്ങൾ വല്ല കോണിലും തളർന്നുറങ്ങുന്നുണ്ടാവും.

മാത്തൻചേട്ടനും, അമ്മിണിയും ഇത്രയുമായിട്ടും ഉറങ്ങിയിട്ടില്ല. അവർക്കു ഉറക്കമേ വരുന്നില്ല. ആ തകരവിളക്കു് അപ്പോഴും മങ്ങിക്കത്തിക്കൊണ്ടു നിൽക്കുന്നു.

ശോശാമ്മ കട്ടിലിൽ കിടന്നു് എരിപൊരികൊള്ളുകയാണു്. അവരുടെ അടിവയററിൽനിന്നും ഒരു ഉരുണ്ടുകയററം. ശ്വാസം വിടാൻ വയ്യ. നെററിയിലും, നരച്ചുടങ്ങിയ തലമുടിയിലും ജലകണങ്ങൾ പററിനിൽക്കുന്നു. അവ മരണവിയർപ്പാണു്...അതെ! അവർ മരണത്തോടു് ഇഞ്ചിഞ്ചായി മല്ലിടുകയാണു്... ഹോ! വേദനയുടെ വെപ്രാളങ്ങൾ! വേർപാടിന്റെ നിമിഷങ്ങൾ!!

ആ കാററും പേമാരിയും തന്റെ ചെററക്കുടിൽ താഴെയിടുമോയെന്നു് മാത്തൻ ചേട്ടൻ ഭയപ്പെട്ടു. അമ്മിണി ഓലമറയെടുത്തു് വാതിലടച്ചിട്ടും, കീറപ്പായ് കെട്ടിത്തൂക്കിയിട്ടും ഊതക്കാററ് പുരയ്ക്കുള്ളിലേക്കു ആഞ്ഞുകയറാൻ ബദ്ധപ്പെടുകയാണു്.

വിദൂരതയിൽ എങ്ങോനിന്നു് വീട്ടുനായ്ക്കൾ നീട്ടി ഓലിയിടുന്നുണ്ടു്. മരപ്പൊത്തുകളിലിരുന്നു് മൂങ്ങാകളും ചില രാപ്പാടികളും ഇടയ്ക്കിടെ അപശബ്ദമുണ്ടാക്കുന്നതും ചിറകിട്ടടിക്കുന്നതുമെല്ലാം ഏതോ അപകടത്തിന്റെ സൂചനയാണെന്നു് മാത്തൻ ചേട്ടനു തോന്നി.

ചന്ദ്രിക REGD. ഔഷധസോപ്പ്
ചുണങ്ങ്, താരൻ, മുഖക്കുരു മുതലായവയ്ക്ക്
S.V.PRODUCTS, IRINJALAKUDA

പുരയുടെ മുകളിലുള്ള ഓലപ്പഴുതിലൂടെ വെള്ളത്തുള്ളികൾ അമ്മിണിയുടെ ദേഹത്തെല്ലാം വീണു. അവൾ ഞെട്ടിയെഴുന്നേററു വിളക്കു് ശോശാമ്മയുടെ അടുക്കലേക്കു നീക്കിവച്ചു.

അവൾ ഓലമറ പയ്യെ പൊക്കി വെളിയിലേക്കു കണ്ണുകളോടിച്ചു. അവളുടെ ശരീരത്താകെ ഒരു കുളിരു പരന്നു. ആകാശമാകുന്ന പടക്കളത്തിൽ കരിമുകിലുകളാകുന്ന രാക്ഷസഗണങ്ങൾ മിന്നൽപിണറുകൾകൊണ്ടു് വാൾപ്പയററുനടത്തുന്നതും, ദിഗന്തഭേദകമായ ഇടിനാദം മുഴങ്ങികേൾക്കുന്നതും, അങ്ങിങ്ങായി വൃക്ഷശിഖരങ്ങൾ ഒടിഞ്ഞു വീഴുന്നതും, കൊടുങ്കാററുപോലെ ശക്തിയുള്ള ഒരു കാററ് ഇരമ്പിവീശുന്നതുമെല്ലാം അമ്മിണിയെ ഭയവിഹ്വലയാക്കി. ആ പേപിടിച്ച കാററുംമഴയുംകൊണ്ടു് ഈ ലോകം അങ്ങവസാനിക്കാൻ പോകുകയാണോ എന്നവൾ സംശയിച്ചു. അവൾ പേടികൊണ്ടു് വിറച്ചു. ഒന്നുറക്കെ കരഞ്ഞാലെന്തെന്നുപോലും തോന്നി. പക്ഷെ ആരുകേൾക്കാനാണു്. നിലവിളിച്ചാൽത്തന്നെ മഴയുടെ ഒച്ചപ്പാടുകൾ അതിനെ ദൂരേക്കു വിടുകയില്ല. അവൾ മിണ്ടാതെ അവിടെ നിന്നു

""മോളേ!...അമ്മിണി!..." അവർ നീട്ടിയൊന്നു വിളിച്ചു. അവൾ അങ്ങോട്ടോടിച്ചെന്നു. മാത്തൻചേട്ടൻ വിളക്കിന്റെ തിരി അല്പംകൂടി നീട്ടിവച്ചു.

"എന്റെ മോളേ!...ഞാൻ...പോകട്ടെ...എനിക്കുവേണ്ടി......മോളെന്നും...പ്രാർത്ഥിക്കണം. നിന്നെ...തമ്പുരാൻ അനുഗ്രഹിക്കട്ടെ...എന്റെ പൊന്നുമോനേ!...ഞാൻ...മരിക്കാറായിട്ടു പോലും നീയൊന്നു വന്നില്ലല്ലോ...ങ്ഹും ഈശോ മറിയമേ..."

"എന്റമ്മച്ചീ!" അമ്മിണി ഹൃദയംപൊട്ടിക്കരഞ്ഞുപോയി, ശോശാമ്മയുടെ വരണ്ടതൊണ്ടയിൽനിന്നും ആ നിർജ്ജീവമായ വാക്കുകൾ കഷ്ടിച്ചു പുറത്തേക്കു വന്നപ്പോൾ. അവൾ അസ്തപ്രജ്ഞയായി നിലത്തേക്കു വീണു.

ആരോ കതകു തള്ളിത്തുറന്നു കയറുന്നതുപോലെ ഒരു ശക്തിയേറിയ കാററ് അവിടേക്കു് ആഞ്ഞടിച്ചു കയറി. പെട്ടെന്നു് വിളക്കു മണഞ്ഞു.

ചുററിലുമുള്ള ഓലമറകൾ അങ്ങോട്ടുമിങ്ങോട്ടും കിടന്നാടി. ചെററയുടെ വെളിയിൽ മറഞ്ഞുനിന്നിരുന്ന ഇരുട്ട് പുരയ്ക്കുള്ളിലേക്കു കടന്നുവന്നു. സർവ്വത്ര അന്ധകാരമയം. അംബരസീമയിൽ മിന്നിപ്പൊലിയുന്ന കൊള്ളിയാനുകളുടെ വെള്ളിവെളിച്ചം ഇടയ്ക്കിടെ എത്തിവലിഞ്ഞു് നോക്കുന്നുണ്ടെങ്കിലും യാതൊന്നും വ്യക്തമായി കാണാൻ പാടില്ല.

ഭയചകിതനായ മാത്തൻചേട്ടൻ അമ്മിണിയെ പലതവണ വിളിച്ചു. എങ്കിലും അവൾ വിളികേട്ടില്ല. അയാൾ ഇരുട്ടത്തു് കൈകൊണ്ടു് തപ്പിത്തടഞ്ഞു കട്ടിലിന്റെ ചുവട്ടിൽ ഒരു വാഴക്കുമ്പു പോലെ തളർന്നു മയങ്ങിക്കിടക്കുന്ന മകളെ അയാൾ കുലുക്കി വിളിച്ചു.

"അമ്മിണീ..." ഉത്തരമില്ല. മഴയുടെ ഇരമ്പലും, കാററിന്റെ മൂളലും മാത്രമേ കേൾക്കാനുള്ളു

"എടീ പെണ്ണേ...ഉം...ഒന്നെഴുന്നേററ" എന്നിട്ടും അമ്മിണി വിളികേട്ടില്ല; ഒന്നു ഞരങ്ങുകമാത്രം ചെയ്തു. അയാൾ അമ്മിണിയുടെ നെഞ്ചിലും കൈകളിലും നെററിയിലും കൈ വച്ചുനോക്കി. നാഡിസ്പന്ദനം സാധാരണ ഗതിയിലുണ്ടു്; ശ്വാസോച്ഛ്വാസം മന്ദഗതിയും. ഇതികർത്തവ്യതാമൂഢനായി അഞ്ചാറുനിമിഷം അയാൾ ആ നിലത്തുതന്നെ കുത്തിയിരുന്നു. എങ്ങും നിറഞ്ഞുനിൽക്കുന്ന അന്ധകാരം. കൂടെക്കൂടെ പേടിപ്പിക്കുന്ന ഇടിമിന്നലുകളും.

തീപ്പെട്ടിഅവിടെല്ലാംഅയാൾ തപ്പിനോക്കി. അതും കിട്ടിയില്ല. താഴെ തലയുംകുത്തി വീണുകിടക്കുന്ന മണ്ണെണ്ണവിളക്കു് അയാളുടെ കാലിൽ തട്ടി ശോശാമ്മയുടെ തണുത്തുമരവിച്ച കാലുകളിൽ അയാൾ അറിയാതെയൊന്നു സ്പർശിച്ചു. അയാളുടെ ചൂടു പിടിച്ചിരുന്ന ഹൃദയതലത്തിലൂടെ ഒരു കൊള്ളിയാൻ പാഞ്ഞുപോയി.

(തുടരും

ESTD. 1927

പാലാ സെൻട്രൽ ബാങ്ക് ക്ലിപ്തം

പാലാ

31-12-1956

| | | |
|---|---|---|
| പിരിഞ്ഞു കിട്ടിയ മൂലധനം | 24,87,126 | രൂപാ |
| കരുതൽ ധനം ... | 15,25,711 | രൂപാ |
| ആകെ ഡിപ്പോസിററ് ... | 7,27,75,507 | രൂപാ |
| രൊക്കമിരിപ്പും മററു ബാങ്കുകളിൽ നിക്ഷേപവും | 1,01,72,119 | രൂപാ |
| ഗവമ്മേണ്ടു കടപ്പത്രങ്ങളിലുള്ള നിക്ഷേപം ... | 2,55,79,743 | രൂപാ |
| ആകെ മുതൽ ... | 7,86,47,461 | രൂപാ |

കെ. ജോസഫ് ആഗസ്തി
മാനേജിംഗ് ഡയറക്ടർ

PC.5181

## ഈജിപ്തിനു പേപ്പൽസമ്മാനം

ഈജിപ്തിലേക്കു പുതുതായി നിയമിക്കപ്പെട്ടിരിക്കുന്ന പേപ്പൽ ഇൻറർനൺഷിയോ ആർച്ചുബിഷപ്പ് ഓഡി തിരുമനസ്സുകൊണ്ടു പ്രസിഡൻറ് നാസ്സറെ സന്ദർശിച്ചു് അധികാരപത്രങ്ങൾ സമർപ്പിച്ചിരിക്കുന്നു. ആറായിരം അറബി അഭയാർത്ഥികളെ താമസിപ്പിക്കുന്നതിനു പററിയ ആയിരം കൂടാരങ്ങൾ അദ്ദേഹം ഈജിപ്ഷ്യൻ ഗവമ്മെൻറിനു സമർപ്പിച്ചിരിക്കുന്നു. ഇതു മാർപ്പാപ്പാ തിരുമനസ്സിലെ സംഭാവനയാകുന്നു. അറബി അഭയാർത്ഥികളുടെ തൽക്കാലാവശ്യം പോണ്ടിഫിക്കൽ എയിഡു സംഘടനയുടെ പ്രസിഡൻറിൽനിന്നും പരിശുദ്ധപിതാവു മനസ്സിലാക്കിയതിനുശേഷമാണു് ഈ സംഭാവന. അമേരിക്കൻ നാഷനൽ കാത്തലിക് വെൽഫയർ കോൺഫറൻസിന്റെ റിലീഫ് സെക്ഷൻ 60000 പേർക്കു 6 മാസത്തേക്കുള്ള ഭക്ഷണസാധനങ്ങൾ അയച്ചു കൊടുക്കുന്നുണ്ടു്. മറെറാരു പരിപാടി അനുസരിച്ചു് ഒരു ലക്ഷം പേർക്കു ഭക്ഷണസാധനങ്ങൾ എത്തിച്ചുകൊടുക്കുവാൻ ഏർപ്പാടുചെയ്തുവരുന്നു. തിരുസിംഹാസനത്തിൽനിന്നുള്ള നിർദ്ദേശം അനുസരിച്ചു്, പോർട്ടുസെയിദ് ആക്രമണത്തെ തുടർന്നു് മൂന്നുവിമാനം നിറയെ ഔഷധങ്ങളും ഒരു കപ്പൽ നിറയെ വസ്ത്രങ്ങളും പുതപ്പുകളും അവർഅയച്ചുകൊടുക്കുകയുണ്ടായി.

ദി ഇൻഡ്യൻ ഇൻഷ്വറൻസ് ആൻറ് ബാങ്കിംഗ് കോർപ്പൊറേഷൻ ലിമിറഡ്,
ഹെഡാപ്പീസ്:- തൃശ്ശിവപേരൂർ.
ബ്രാഞ്ചുകൾ:— ആലുവാ, കോഴിക്കോട്, ചാവക്കാട്, സേലം, തിരൂർ, തത്തമംഗലം ആൻറ് തൃശ്ശിവപേരൂർ.

കോഴിക്കോട് ബ്രാഞ്ചിൽനിന്ന് തുടങ്ങുന്ന പുതിയ
മാസക്കുറി
28 നറക്ക്. 28 മാസം.
നറക്ക് 1ക്ക് 200ക.
ആകെ സല 5600ക
ഒന്നിടവിട്ട് ലേലവും നറക്കെടുപ്പും
ആദ്യത്തെ ലേലം 23_4_1957
ആദ്യത്തെ നറക്കെടുപ്പ് 23_5_1957
കുറിയിൽ കുറഞ്ഞതു് 12ക. 8ണ യുടെ വീതംവരെ ചേരാവുന്നതാണ്.

തിരൂർ ബ്രാഞ്ചിൽനിന്ന് തുടങ്ങുന്ന പുതിയ
ത്രൈമാസക്കുറി
24 തവണ 6 കൊല്ലം
നമ്പർ ഒന്നിൽ 4 ഗ്രൂപ്പ്.

| ഗ്രൂപ്പ് | ഓരോ ഗ്രൂപ്പിലുള്ള നറക്കുകൾ | തവണ സംഖ്യ | ഓരോ നറക്കിന്റെ സല. | ഓരോ നറക്കിന്റെ സഥിരം പലിശക്കിഴിവ് |
|---|---|---|---|---|
| A | 24 | Rs. 250 | Rs. 6,000 | Rs. 1,000 |
| B | 24 | Rs. 100 | Rs. 2,400 | Rs. 400 |
| C | 48 | Rs. 50 | Rs. 1,200 | Rs. 200 |
| D | 48 | Rs. 25 | Rs. 600 | Rs. 100 |

എല്ലാ തവണക്കും ലേലസൌകര്യം ഉണ്ടായിരിക്കുന്നതാണ്.
കുറി തുടങ്ങുന്ന ദിവസം: 13_5_1957

സേലം ബ്രാഞ്ചിൽനിന്ന് തുടങ്ങുന്ന പുതിയ
മാസക്കുറി
56 നറക്ക് 56 മാസം.
നറക്ക് ഒന്നുക്ക് 100ക.
ആകെ സല 5600ക.
ഒന്നിടവിട്ട് ലേലവും നറക്കെടുപ്പും.
ആദ്യത്തെ ലേലം 4_5_1957
ആദ്യത്തെ നറക്കെടുപ്പ് 4_6_1957
കുറിയിൽ കുറഞ്ഞതു് 6ക. 4ണ യുടെ വീതംവരെ ചേരാവുന്നതാണ്.

സ്ഥിരം പലിശക്കിഴിവിനു പുറമെ ലേലക്കിഴിവുംകൂടി കിട്ടാത്ത നറക്കുകാക്ക് വീതിക്കപ്പെടുന്നതാകുന്നു.
കൂടുതൽ വിവരങ്ങൾക്ക് ഹെഡാപ്പീസിലോ ബ്രാഞ്ചുകളിലോ അന്വേഷിക്കുക.
KRISHNA & CO.

(2-ാംപേജ് തുടർച്ച)

രിക്കുന്നതു്. ഡയോനിഷ്യസിൻെറ കാലഗണന ശരിയല്ലെങ്കിൽതന്നേയും അതുകൊണ്ടു കുഴപ്പമൊന്നുമില്ല. വർഷഗണന ഒരു വിശ്വാസസത്യമൊന്നുമല്ലല്ലോ

ഇനി ക്രിസ്തുമസ് എന്തുകൊണ്ടു് ജനുവരി ഒന്നാംതീയതി ആഘോഷിക്കുന്നില്ലായെന്നാണെങ്കിൽ, ക്രിസ്തുവർഷം ക്രിസ്തുവിൻെറ ജനനത്തീയതി തുടങ്ങുന്നില്ലായെന്നതുമാത്രമാണു് അതിനു സമാധാനം. ക്രിസ്തുമസ് ക്രിസ്തുവിൻെറ ജന്മദിനമാണല്ലോ. ക്രിസ്തുവർഷഗണനപ്രകാരം അതു ഡിസമ്പർ 25-ാം തീയതിയാണു്. അതുകൊണ്ടു് ഡിസമ്പർ 25-ാം തീയതി ക്രിസ്തുമസ് ആഘോഷിക്കുന്നു. എന്നാൽ ക്രിസ്തുവർഷം ജനുവരി 1-ാം തീയതി ആരംഭിക്കുന്നതു വളരെ ഉചിതമായിട്ടുണ്ടു്. ക്രിസ്തു ഛേദനാചാരം സ്വീകരിച്ചതും, ഈശോ എന്ന പേരു സ്വീകരിച്ചതും, ആദ്യമായി രക്തം ചിന്തിയതും ജനനത്തിൻെറ 8-ാം ദിനമായ ജനുവരി 1-ാം തീയതിയാണല്ലോ. ആദ്യമായി രക്തം ചിന്തിയ ആ ദിനത്തെത്തന്നെ രക്ഷണീയവത്സരത്തിൻെറ ഒന്നാം ദിനമായി കണക്കാക്കിയതു് ഏററവും യുക്തവും ഉചിതവുമായിരിക്കുന്നു.

97. ചോ: സ്വകുടുംബത്തിനും സമുദായത്തിനും ഭാരവും ശല്യവുമായിത്തീർന്നിരിക്കുന്ന ഒരു കുഷ്ഠരോഗി ആത്മഹത്യചെയ്യുന്നുവെങ്കിൽ, അതു പാപമായി പരിഗണിക്കുമോ?

(പി. ടി. ജെ മൂന്നാർ)

ഉ: ആത്മഹത്യ, അതിൻെറ കാരണമോ ചുററുപാടുകളോ എന്തുതന്നെയായിരുന്നാലും, ഒരുതരത്തിലും നീതീകരിക്കത്തക്കതല്ല. കൊല്ലരുതു് എന്നു അനുശാസിക്കുന്ന അഞ്ചാംപ്രമാണത്തിനു് എതിരായ ഒരു പാപമാകുന്നു അതു്. മാത്രമല്ല, അതു സ്വാഭാവികനിയമത്തിനും എതിരായിട്ടുള്ളതാകുന്നു. ദൈവം മനുഷ്യനു നൽകിയിട്ടുള്ള ഏററവും വലിയ ദാനമാകുന്നു ജീവൻ. അതു സംരക്ഷിക്കുവാൻ സ്വാഭാവികനിയമത്താൽ തന്നെ മനുഷ്യൻ ബാദ്ധ്യസ്ഥനായിരിക്കുന്നു. ദൈവികനിയമമാകട്ടെ ആത്മഹത്യയെ കർശനമായി നിരോധിച്ചിരിക്കുന്നു. ജീവൻേറയും മരണത്തിൻേറയും അധികാരി ദൈവംമാത്രമാണല്ലോ. (വിജ്ഞാനം XVI, 13) ആകയാൽ ജീവൻ ആരംഭിക്കേണ്ടതു് എപ്പോൾ, അവസാനിപ്പിക്കേണ്ടതു് എപ്പോൾ എന്നു നിശ്ചയിക്കുന്നതിനുള്ള അധികാരവും ദൈവത്തിനുമാത്രമാണുള്ളതു്.

ആത്മഹത്യ സമുദായത്തിനും എതിരായിട്ടുള്ള ഒരു തിന്മയാകുന്നു. ഒരുവൻ തൻെറ അയൽക്കാരനോടു്, സമുദായത്തോടു്, ഉള്ള ഉത്തരവാദിത്വത്തിൽനിന്നു തെററി ഒഴിയുകയാണല്ലോ ആത്മഹത്യമൂലം ചെയ്യുന്നതു്. കഷ്ടതകളും ദുഃഖങ്ങളും ക്രിസ്തുവിനെപ്രതി സഹിക്കുവാനാണു് ക്രിസ്തീയസുവിശേഷം നമ്മോടാവശ്യപ്പെടുന്നതു്. ഈ സഹനത്തിനു നിത്യസൗഭാഗ്യനികേതനമായ സ്വർഗ്ഗരാജ്യമാണു നമുക്കു വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്നതു്. മനഃപൂർവ്വം തങ്ങളെത്തന്നെ കൊല്ലുന്നവർക്കു് ക്രിസ്തീയശവസംസ്കാരംനൽകിക്കൂടായെന്നു സഭ അനുശാസിച്ചിരിക്കുന്നു. (കാനൻ 1240) ഹോളി ഓഫീസ് തിരുസംഘത്തിൻെറ 1866 മേയ് 16-ാം തീയതിയിലെ ഉത്തരവനുസരിച്ചു്, "നിരാശയാലോ, കോപാവേശത്താലോ" ആത്മഹത്യചെയ്യുന്നവർക്കു ക്രിസ്തീയമായ ശവസംസ്കാരം നൽകപ്പെടുന്നതല്ല.

ഇത്രയും പറഞ്ഞതിൽനിന്നു ചോദ്യത്തിൻെറ മറുപടി വ്യക്തമാണെന്നു വിശ്വസിക്കുന്നു. കുടുംബത്തിനും സമുദായത്തിനും ഭാരവും ശല്യവുമായിത്തീർന്നിരിക്കുന്ന കുഷ്ഠരോഗികളുടെ സ്ഥിതി ദയനീയമാണെന്നു സമ്മതിക്കാം. പക്ഷെ അതുകൊണ്ടു് ആത്മഹത്യചെയ്യാമെന്നു വരുന്നില്ല. മനുഷ്യൻ കേവലം ഒരു ശാരീരികജീവിമാത്രമായിരുന്നെങ്കിൽ ഇങ്ങനെയുള്ളവർ ജീവൻ അവസാനിപ്പിക്കുന്നതിനു് അർത്ഥമുണ്ടാകുമായിരുന്നു. പക്ഷെ അവനു് അനശ്വരമായ ഒരു ആത്മാവുമുണ്ടു് ആകയാൽ നശ്വരമായ ശരീരത്തിൻെറ കുഷ്ഠത്തെക്കാൾ ഭയപ്പെടേണ്ടതു അനശ്വരമായ ആത്മാവിൻെറ കുഷ്ഠ(പാപ)മാണു്. ആത്മഹത്യ ആത്മാവിൻെറ കുഷ്ഠമാകുന്നു. തന്മൂലം കുഷ്ഠരോഗം എത്രതന്നെ ശല്യവും ഭാരവുമായിരുന്നാലും ഒരു കുഷ്ഠരോഗി ആത്മഹത്യ ചെയ്തുകൂടാത്തതാകുന്നു.

98. ചോ: ക്രിസ്തുവിനു 4000 വർഷംമുൻപാണു് ലോകസൃഷ്ടിയെന്നു പഴയനിയമപുസ്തകത്തിൽ കാണുന്നു. എന്നാൽ ആധുനികശാസ്ത്രജ്ഞന്മാർ ലോകം ഉണ്ടായിട്ടു് അനേകകോടി വർഷങ്ങളായിട്ടുണ്ടെന്നു തെളിയിക്കുന്നു. ഇതിൽ ഏതാണു് വിശ്വസിക്കേണ്ടതു്?

(സി. സി. ടി. പള്ളിപ്പുറം)

ഉ: 79-ാം ചോദ്യത്തിനു നൽകിയിരിക്കുന്ന ഉത്തരത്തിൽ ഇതിനു ഭാഗികമായി മറുപടി നൽകിയിട്ടുണ്ടു്. ക്രിസ്തുവിനു 4000 വർഷങ്ങൾക്കുമുൻപാണു് ലോകസൃഷ്ടിയെന്നു പഴയ നിയമപുസ്തകത്തിൽ പറഞ്ഞിട്ടില്ലെന്നും, മൂശയുടെ ഉല്പത്തിപ്പുസ്തകം ഒരു ശാസ്ത്രീയഗ്രന്ഥമല്ലെന്നും ആ മറുപടിയിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. ഫാദർ പോപ്പ് എന്ന പണ്ഡിതൻ ഏതത്സംബന്ധമായി പറഞ്ഞിരിക്കുന്നതു് ഇവിടെ ശ്രദ്ധേയമാണു്.

"ബൈബിളിലെ കാലഗണനാപദ്ധതി യാതൊരുവിധത്തിലും ശാസ്ത്രീയമായിട്ടുള്ളതല്ലെന്നും, വിശദാംശങ്ങളിൽ ചിലപ്പോൾ അതു പൂർവ്വാപരവിരുദ്ധമായി തോന്നാമെന്നും ഓർത്തിരിക്കുന്നതു നല്ലതാണു്. സംഭവങ്ങളുടെ തീയതി നിർണ്ണയിക്കുന്നതിനു യാതൊരു മാർഗ്ഗവും ഉണ്ടായിരിക്കാനിടയില്ലാത്ത ആരംഭഘട്ടം മുതലുള്ള സംഗതികളാണു് ബൈബിളിൽ പറഞ്ഞിരിക്കുന്നതു്. ചരിത്രത്തെളിവുകളായിട്ടല്ല, ഓർമ്മയ്ക്കുള്ള വഴികാട്ടികളായിട്ടാണു് അവയെ കണക്കാക്കിയിരുന്നതെന്നു വരാവുന്നതാണു്. നേരെമറിച്ചു് ആ പ്രാചീനകാലത്തിലെ സംഭവങ്ങളെക്കുറിച്ചു് പണ്ഡിതന്മാർ നൽകിയിരിക്കുന്ന തീയതികൾ യാഥാർത്ഥ്യത്തോടു് അടുത്തവയെന്നു വിശ്വസിക്കുന്നതിനും തെളിവുകളില്ല. ആകയാൽ ബൈബിൾപ്രസ്താവങ്ങളെ പരീക്ഷിക്കുന്നതിനുള്ള മാനദണ്ഡങ്ങളായി അവയെ പരിഗണിച്ചുകൂടാത്തതാകുന്നു." (The Catholic Student's Aids to Bible I, 21)

ഇതുപോലെതന്നെയാണു് ആധുനികശാസ്ത്രജ്ഞന്മാരുടെ നിലയും. അവർ ആരും ലോകം ഉണ്ടായിട്ടു് അനേകകോടി വർഷങ്ങളായിട്ടുണ്ടെന്നു തെളിയിച്ചിട്ടില്ല. ഓരോരുത്തർ തങ്ങൾക്കു പ്രിയംകരങ്ങളായ ഓരോ അഭിപ്രായങ്ങൾ തട്ടിമൂളിച്ചുകൊണ്ടിരിക്കുന്നുവെന്നു മാത്രം. ഉദാഹരണമായി മനുഷ്യൻ ഈ ഗോളത്തിൽ പ്രത്യക്ഷപ്പെട്ടിട്ടു് 20,000 വർഷങ്ങളായി എന്നു പ്രസിദ്ധ നരവംശശാസ്ത്രജ്ഞനായ ആബേ ബ്രൂയിൽ പ്രസ്താവിക്കുമ്പോൾ മറെറാരു പ്രസിദ്ധ നരവംശശാസ്ത്രജ്ഞനായ സർ ആർതർ കീത്തു് പറയുന്നു, 350,000 വർഷങ്ങളായെന്നു്. ഹിമയുഗത്തിനുശേഷമുള്ള കാലഘട്ടം 5000 വർഷങ്ങളാണെന്നു മററു എന്ന പണ്ഡിതൻ വാദിക്കുമ്പോൾ 20,000 വർഷങ്ങളാണെന്നു പെങ്കു് എന്ന ശാസ്ത്രജ്ഞൻ ശഠിക്കുന്നു. ആധുനികശാസ്ത്രജ്ഞന്മാർ ഇപ്പോഴും അഭ്യൂഹങ്ങളിൽ കഴിയുന്നതല്ലാതെ ഖണ്ഡിതമായ ഒരു തീരുമാനത്തിലെത്തുവാൻ സാധിച്ചിട്ടില്ല.

അടുത്തകാലത്തു് ഈജിപ്തിലും മെസൊപ്പൊട്ടേമിയായിലും നടത്തിയ ഉൽഖനനങ്ങളുടെ ഫലമായി കിട്ടിയ ചില പുരാണവസ്തുക്കളിൽനിന്നു അവിടെ ബി. സി. 4000 മുതൽ 5000 വരെ പഴക്കമുള്ള ഒരു നാഗരികത നിലവിലിരുന്നുവെന്നു പൊതുവെ അഭ്യൂഹിക്കപ്പെടുന്നുണ്ടു്. ഇവ അനിഷേദ്ധ്യചരിത്രവസ്തുതകളായി തെളിയിക്കപ്പെട്ടാൽ, അതിനനുസൃതമായ രീതിയിൽ പഴയ നിയമപ്രസ്താവങ്ങളെ നാം വ്യാഖ്യാനിക്കണമെന്നു മാത്രമേയുള്ളൂ. അങ്ങനെ വ്യാഖ്യാനിക്കത്തക്ക നിലയിലുള്ളതാണു് വേദപുസ്തകപ്രസ്താവങ്ങൾ.

ഇക്കാര്യത്തിൽ സഭയുടെ മനോഭാവമെന്താണു്? പ്രാചീനചരിത്രം, ഭൂഗർഭശാസ്ത്രം, നരവംശശാസ്ത്രം മുതലായവയിലെ അംഗീകൃതതത്വങ്ങളുപയോഗിച്ചു് ഭൂമിയുടേയും മനുഷ്യവർഗ്ഗത്തിൻേറയും ആയുസ്സു നിർണ്ണയിക്കുന്നതിനു ശാസ്ത്രകാരന്മാർക്കുള്ള സ്വാതന്ത്ര്യത്തെ സഭ എപ്പോഴും മാനിക്കുകതന്നെയാണു ചെയ്യുന്നതു്, തങ്ങളുടെ കേവലമായ ഊഹങ്ങളെ അനിഷേദ്ധ്യസത്യങ്ങളായി പ്രഖ്യാപിക്കരുതെന്നു മാത്രമേ സഭ ഗുണദോഷിക്കുന്നുള്ളൂ. ചുരുക്കത്തിൽ ലോകം ഉണ്ടായിട്ടു് എത്ര കൊല്ലമായി എന്നു വിശ്വസിക്കുവാൻ തക്ക യാതൊരു പ്രസ്താവവും ഇന്നു നമ്മുടെ മുൻപിലില്ല.

# കത്തോലിക്കാ സാഹിത്യത്തിലെ ഒരു ശക്തികേന്ദ്രം

## "ഷീഡ് ആൻഡ് വാർഡ്"

(ജെയിംസ് പാലിയേക്കുന്നേൽ)

(തുടർച്ച)

ഇംഗ്ലണ്ടിലെ വാസത്തിനുശേഷം ആസ്ത്രേലിയായിൽ തിരിച്ചെത്തിയ ഷീഡ്, മെയ്സിയുമായി കത്തിടപാടുകൾ നടത്തിക്കൊണ്ടിരുന്നു. അവർ തമ്മിൽ വിവാഹനിശ്ചയംചെയ്തു സിഡ്നിയിൽ അഭിഭാഷകവൃത്തി തുടങ്ങാമെന്നു് ഷീഡ് തീരുമാനിച്ചു. പക്ഷെ, ഇംഗ്ലണ്ടിൽവന്നു പ്രാക്ടീസ് തുടങ്ങിയാൽ മതിയാകുമെന്നു് മെയ്സിയുടെ സവിത്രി അഭിപ്രായപ്പെട്ടു. തദവസരത്തിൽ ഒരു നവീനമണ്ഡലം തന്നെ തൻെറ മുമ്പിലുള്ളതായി അദ്ദേഹം ദർശിച്ചു. പെട്ടെന്നു് അഭിഭാഷകവൃത്തി, സമ്പത്തിനായി ശണ്ഠകൂടുന്നവർക്കു വേണ്ടി മല്ലിടുന്ന ഒരു ജീവിതമായി അദ്ദേഹം ദർശിച്ചു തല്ക്കാരണം അതുപേക്ഷിക്കുകതന്നെയെന്നു അദ്ദേഹം തീർച്ചപ്പെടുത്തി. തന്നിലുണ്ടായ ആ ഹൃദയപരിവർത്തനം വർഷങ്ങൾക്കുശേഷം അനുസ്മരിച്ചു് അദ്ദേഹം ഒരിക്കൽ ഇപ്രകാരം പറയുകയുണ്ടായി.

എനിക്കു് അന്നു 29 വയസ്സു പ്രായമുണ്ടായിരുന്നു. മററു യാതൊരു തൊഴിലിനും ഞാൻ തയ്യാറായിരുന്നില്ല. വിവാഹിതനായിത്തീരുന്നതിനു് ഞാൻ ആഗ്രഹിച്ചു. പ്രസാധകന്മാർക്കു പ്രത്യേക യോഗ്യതകളോ പരീക്ഷകളോ ആവശ്യമായിരുന്നില്ല. ആകയാൽ ഒരു പ്രസാധകനായിത്തീരുവാൻ ഞാൻ തീരുമാനിച്ചു"

ഫ്റാങ്കു് ഷീഡും മെയ്സി വാർഡും 1926-ൽ വിവാഹിതരായി. ആ വർഷം ഒക്ടോബർ മാസത്തിൽ തങ്ങളുടെ നാമം ധരിക്കുന്ന ഒരു പ്രസാധനശാല അവർ ആരംഭിച്ചു. കത്തോലിക്കാലോകം മുഴുവനും പ്രകാശമാർന്നമായ ഒരു പ്രസാധനശാലയാണു് അവരുടെ ലക്ഷ്യം. ലണ്ടനിൽ വാടകയ്ക്കെടുത്ത ഒരു ഓഫീസിൽനിന്നും ഷീഡും വാർഡും പ്രസാധനം ആരംഭിച്ചു. അവരുടെ പക്കൽ വന്നെത്തിയ ആദ്യകാലത്തെ കൈയെഴുത്തു പ്രതികൾ സി സി മാർട്ടിൻ ഡെയിൽ ജി കെ ചെസ്റ്റർട്ടൻ, ഹില്ലെയർ ബെല്ലക്കു് തുടങ്ങിയ പ്രശസ്തവ്യക്തികളുടേതായിരുന്നു. 1933-ൽ തങ്ങളുടെ ഒരു പ്രവർത്തനകേന്ദ്രം അമേരിക്കയിലെ ന്യൂയോർക്കിൽകൂടിയും അവർ സ്ഥാപിച്ചു അന്നുമുതൽ യൂറോപ്പിലെയും അമേരിക്കയിലെയും പേരെടുത്ത കത്തോലിക്കാ ഗ്രന്ഥകർത്താക്കളെ തങ്ങളുടെ വായനക്കാർക്കു് അവർ പരിചയപ്പെടുത്തി വരുന്നു. ഏററം വിസ്തൃതിയുള്ള ഗ്രന്ഥങ്ങൾ മാത്രം സ്ഥിരമായി തിരഞ്ഞെടുത്തുകൊണ്ടും തത്വശാസ്ത്രത്തിലും മതത്തിലും പ്രത്യേക ശ്രദ്ധ ഊന്നിക്കൊണ്ടും ലോകത്തെ അഭിവൃദ്ധിപ്പെടുത്തുന്നതിനു് അവർ ശ്രമിക്കുന്നു.

"വിശാലമനസ്കരും വായനാശീലന്മാരുമായ ജനസമൂഹങ്ങൾ ഇന്നു് നമുക്കു് ഏററം ആവശ്യമായിരിക്കുന്നു. വേദപഠനക്ലാസ്സുകളിൽ നമുക്കു ലഭിച്ചുകൊണ്ടിരിക്കുന്നതരം വിജ്ഞാനത്തിൻെറ അഭാവത്താൽ നമ്മുടെ ലോകം ഛിന്നഭിന്നമായിത്തീരുന്നു. നമ്മുടെ അവിശ്വാസിയായ അയൽക്കാരനു അവ വർണ്ണിക്കുവാൻ കഴിവുള്ളവർ നമ്മുടെ മദ്ധ്യേ എത്രയോ വിരളം! പാഠശാല വിട്ടിറങ്ങുന്നതോടെ മതപഠനവും നാം നിറുത്തിവയ്ക്കുന്നു. അതിനാൽ പൂർണ്ണവളർച്ച പ്രാപിച്ച ഒരു കത്തോലിക്കാമനസ്സു് സ്ഥിതിചെയ്യുന്നില്ല" എന്നിപ്രകാരം ഫ്റാങ്കു് ഷീഡു് ഒരിക്കൽ പ്രസ്താവിക്കുകയുണ്ടായി. പാകതവന്ന മനസ്സിൻെറ രൂപീകരണത്തിനുതകുന്നതരം അഗാധവും അദ്ധ്യയനത്തിനു യോജിച്ചതുമായ പുസ്തകങ്ങളുടെ പ്രസിദ്ധീകരണംവഴി പ്രായമേറിയവർക്കു ഉപരിവേദാദ്ധ്യയനം സുകരമാക്കിവരുന്നു അവർ. ജാക്കസ് മരിററയിൻ, എത്തിയന്നെ ഗിൽസൺ തുടങ്ങിയുള്ള തത്വശാസ്ത്രജ്ഞന്മാരും ഫാ. ഹെൻറി ദെലുബാക്കു്, ഫാ. ജീൻ ഡാനിയേൽ മുതലായ ദൈവശാസ്ത്രപണ്ഡിതന്മാരും "ഷീഡു് ആൻഡു് വാർഡു്" കമ്പനിയെ ധന്യമാക്കിയിട്ടുള്ള വ്യക്തികളിൽ ചിലരാണു്. പ്രസിദ്ധരായ പോൾ ക്ലോഡൽ, ജെർട്രൂഡ് വോൺ ലെ ഫോർട്ടു് തുടങ്ങിയുള്ളവരുടെ പദ്യകൃതികളും കർദ്ദിനാൾ ന്യൂമാൻ, ഫാ. ജെറാൾഡു് വാൻ, ഒ. പി. മുതലായവരുടെ ആദ്ധ്യാത്മികഗ്രന്ഥങ്ങളും ഈ കമ്പനി പ്രസിദ്ധം ചെയ്യുന്നു. വി. ഗ്രന്ഥത്തിലും കുർബാനപ്പുസ്തകങ്ങളിലും താല്പര്യം ജനിപ്പിക്കുവാൻ അവർ മോൺ. റൊണാൾഡ് നോക്സിൻെറ വേദപുസ്തകവിവർത്തനവും അതുപോലുള്ള ഇതരകൃതികളും തിരഞ്ഞെടുക്കുന്നു.

ഇതിനെല്ലാം പുറമെ ഈ കമ്പനി അതിൻെറ സ്ഥാപകരുടെ ഗ്രന്ഥങ്ങളും പ്രസിദ്ധീകരിക്കുന്നു. മെയ്സിയുടേതായി Gilbert Keith Chesterton, Return to Chesterton, The Splendor of the Rosary, This Burning Heat, The Wilfrid Wards and the Transition, Insurrection Versus Resurrection മുതലായ അനേകം കൃതികളുണ്ടു്. Communism and Man, A Map of Life, Nullity of Marriage, Theology and Sanity, Society and Sanity തുടങ്ങിയുള്ള ഗ്രന്ഥങ്ങൾ ഷീഡിൻെറ കൃതികളിൽപ്പെടുന്നു. അദ്ദേഹത്തിൻെറ അതിപ്രധാനഗ്രന്ഥങ്ങൾ ദൈവശാസ്ത്രത്തെയും മനുഷ്യസമുദായത്തേയും ആരോഗ്യവുമായി ഘടിപ്പിക്കുന്ന രണ്ടെണ്ണമാണു്. ആദ്യത്തേതു് മനുഷ്യനു ദൈവത്തോടുള്ള കടപ്പാടുകൾ സ്പഷ്ടമാക്കുമ്പോൾ രണ്ടാമത്തേതു് മനുഷ്യനു മനുഷ്യനോടു തന്നെയുള്ള ബന്ധത്തെ പരിശോധിക്കുന്നു. ചുരുക്കിപ്പറഞ്ഞാൽ പ്രസ്തുത ഇരുഗ്രന്ഥങ്ങളും ദൈവശാസ്ത്രത്തിൻേറയും സാമുദായികശാസ്ത്രത്തിൻേറയും മൂലതത്വങ്ങളെ സംബന്ധിച്ചുള്ള കത്തോലിക്കാസഭയുടെ നിലപാടിൻെറ സുസ്ഥിതിയെ വെളിപ്പെടുത്തുകയും അതിൻെറ ആവശ്യകതയെ ഊന്നിപ്പറയുകയും ചെയ്യുന്നു. കൂടാതെ അവ പ്രാഥമികതത്വങ്ങളെ, തത്വശാസ്ത്രത്തിൽ നിയമനിഷ്ഠമായ പരിശീലനത്തിനു ഭാഗ്യം ലഭിക്കാത്തവർക്കു് അത്യുത്കൃഷ്ടസമാനം സ്പഷ്ടമാക്കിക്കൊടുക്കുന്നു. മി. ഷീഡ് പ്രസ്താവിച്ചതുപോലെ "നാം ഒരു ലോകത്തിൽ ജീവിക്കുമ്പോൾ സഭ മറെറാരു ലോകത്തെക്കുറിച്ചു് പഠിപ്പിക്കുന്നു." ഈ ഇരുലോകങ്ങൾ തമ്മിൽ ഘടിപ്പിക്കുന്ന സോപാനമായി വർത്തിക്കുന്നു ഈ കൃതികൾ. ആത്മശരീരങ്ങളുള്ള ഒരു സൃഷ്ടിയായി മനുഷ്യനെ ഗണിക്കുന്ന തത്വസംഹിതമാത്രം മർത്ത്യവംശത്തിനു എന്തെങ്കിലും നന്മചെയ്യാൻ കഴിവുള്ളതായുള്ളപ്പോൾ അബദ്ധതത്വശാസ്ത്രജ്ഞർ രൂപീകരിക്കുന്ന മനുഷ്യപ്രകൃതി ഏതുതരമെന്നതു് അവർ ഗൗനിക്കുന്നില്ലെന്നു ഷീഡ് ഊന്നിപ്പറയുന്നു.

സാഹിത്യപരമായ കഴിവുകൾക്കും പ്രസംഗപാടവത്തിനും അഗാധപാണ്ഡിത്യത്തിനും ശാസ്ത്രീയവിജ്ഞാനത്തിനും പുറമെ ഷീഡും വാർഡും വിനീതരും സ്നേഹശീലരും ഫലിതപ്രിയരും ദയാർദ്രരും അക്ലിഷ്ടവും സുന്ദരവുമായ ഭാഷയിൽ എഴുതുകയും പ്രസംഗിക്കുകയും ചെയ്യുന്നവരുമാണു്. ഷീഡു് ജനങ്ങളുടെ മുമ്പിൽ ആശയങ്ങൾ വാരിയെറിഞ്ഞു് അവരെ ചിന്താശീലരാക്കുമ്പോൾ മെയ്സി മൂല്യം നിറഞ്ഞ നല്ലനല്ല കഥകൾ പറഞ്ഞു് അവരിൽ ആനന്ദം ജനിപ്പിക്കുന്നു. ആരാനും പുസ്തകങ്ങളെക്കുറിച്ചോ പ്രഭാഷണങ്ങളെക്കുറിച്ചോ തന്നെ പുകഴ്ത്തുമ്പോൾമാത്രം ഷീഡ് വാക്കുകൾകിട്ടാതെ വിഷമിക്കും. അപ്പോൾ ശാലീനനും നിഷ്കപടനുമായ യഥാർത്ഥ ഷീഡിനെ ദർശിക്കാം. സംഭാഷണവിഷയം തന്നിൽനിന്നു മാററി "ഞാൻ കണ്ടിട്ടുള്ള മററാരേയുംകാൾ സമർത്ഥയാണവൾ. അവൾക്കു കഴിയാത്തതായി യാതൊന്നുമില്ല" എന്നീ വാക്കുകളിൽ അവയെല്ലാം സ്വപത്നിയിൽ നിക്ഷേപിക്കുവാൻ അദ്ദേഹം ശ്രമിക്കും. മെയ്സിയുടെ അഭാവത്തിൽ പോപ്പ് ലെയോ XIII മെഡൽ നൽകപ്പെട്ടപ്പോൾ അദ്ദേഹം പറഞ്ഞതിപ്രകാരമാണു്: "ഈ മെഡൽ എന്നെപ്പോലുള്ള ഒരു മയനായ വൃദ്ധൻ സ്വീകരിക്കുന്നതിൽ പോപ്പ് ലെയോ XIII നു് എന്തു തോന്നുമെന്നു എനിക്കറിഞ്ഞുകൂടാ.. പക്ഷെ അതിനു സർവ്വഥാ യോഗ്യയായ എൻെറ സഹധർമ്മിണിക്കുകൂടിയാണു് ഇതു നൽകപ്പെടുന്നതെന്നറിയുമ്പോൾ അദ്ദേഹം അതിയായി സന്തോഷിക്കുമെന്നു് എനിക്കുറപ്പുണ്ടു്."

—o—

Wednesday
April 17
1957

# THE SATHYADEEPAM

(ESTD. 1927)
BROADWAY—ERNAKULAM (KERALA STATE)

Reg. No. M. 2293
Vol. 30
No. 35

## ബാലരംഗം



"ഈശോ, ഇതെന്തു ക്ലേശമാ? അല്ലാ, അങ്ങു കരയുകയാണോ?"

"എന്റെ മകനേ, ഞാൻ കരയുന്നതാണോ നിനക്കത്ഭുതം! എന്റെ പീഡകൾ നീ അറിഞ്ഞിരുന്നെങ്കിൽ!"

"എന്തിനാണ് ഈശോ, നീ ഈ പീഡകൾ സഹിക്കുന്നതു്?"

"അതൊരു നീണ്ട ചരിത്രമാണു മകനേ. അതിന്റെ നീളം ലോകാരംഭം മുതലുണ്ടു്; ലോകാവസാനത്തോളം എത്തുകയും ചെയ്യും."

"ആ കഥയൊന്നു പറയാമോ, ഈശോ? എനിക്കതറിയണം. ഇത്ര നല്ലവനായ അങ്ങെ ഇത്ര കഠിനമായി ദ്രോഹിക്കുന്ന ആ കാരണം എനിക്കറിയണം. അതു തടയാമോ എന്നു എനിക്കു നോക്കണം. അങ്ങു അതു വേഗം പറയുക."

"ഈ നീണ്ട കഥ ഞാൻ ഒററ വാക്കിൽ പറഞ്ഞു മനസ്സിലാക്കിത്തരാം. ഈ ദ്രോഹകാരണം തടയപ്പെടുന്നതിനും എനിക്കാഗ്രഹമുണ്ടു്. അതുകൊണ്ടു നിന്റെ പരിശ്രമങ്ങളെ ഞാൻ സഹായിക്കാം. പക്ഷെ, എന്റെ പൊന്നുമകനെ, നിന്റെ പിഞ്ചുകരങ്ങളും ഈ ക്രൂരകൃത്യത്തിൽ പങ്കെടുക്കാതിരിക്കുന്നില്ല എന്നു കാണുമ്പോൾ നീ ആശ്ചര്യപ്പെടുമോ?"

"ഞാനോ, എന്റെ ഈശോ, ഒരിക്കലും ഞാനിതിൽ പങ്കുചേരുകയില്ല. അങ്ങു ഒരിക്കലും എന്നെ തെററിദ്ധരിക്കല്ലേ."

"കൊള്ളാം. കേട്ടുകൊൾക. നീ തന്നെ നിന്റെ കാര്യം തീരുമാനിച്ചുകൊൾക. എന്റെ പീഡനചരിത്രം ഞാൻ തുറന്നു കാണിക്കാം. എന്റെ ശിരസ്സിൽ എന്തു കാണുന്നു? ഒരു മുൾക്കിരീടം. എന്റെ കൈകളിലും കാലുകളിലും എന്തു കാണുന്നു? രക്തമൊലിക്കുന്ന ആണിപ്പഴുതുകൾ. എന്റെ ഹൃദയത്തിലോ? കുന്തംകൊണ്ടുള്ള മുറിവു്. എന്റെ ശരീരം മുഴുവനിലുമോ? ഭയങ്കരമായ മുറിവുകളും ചതവുകളും. അല്ലേ?"

"അതേ, നാഥാ, ഇതു ഭയങ്കരമായിരിക്കുന്നു."

"ഭയങ്കരമായ ഈ പീഡകളെല്ലാം ഞാൻ സഹിച്ചതു് എന്റെ ഓമനകളായ നിങ്ങളെ ഓരോരുത്തരേയും ഉദ്ദേശിച്ചാണു്. ദൈവപിതാവിനെതിരായി പാപംചെയ്തുപോയ തെററിനെ പരിഹരിച്ചു് ആ പിതാവിന്റെ സ്നേഹാശ്ലേഷത്തിലേക്കു നിങ്ങളെ അടുപ്പിക്കുന്നതിനുവേണ്ടി മാത്രം."

"പാപത്തിനുള്ള ശിക്ഷയാണോ ഇതു്?"

"അതെ, നിത്യനാശമാകുന്ന ശിക്ഷയിൽനിന്നു മനുഷ്യരെ രക്ഷിക്കുവാൻ ദൈവവും മനുഷ്യനുമായ ഞാൻ ദൈവനീതിയുടെ മുമ്പിൽ ഏറെറടുത്ത ശിക്ഷയാണിതു്."

"അങ്ങിനെയെങ്കിൽ എന്റെ പാപങ്ങളുടെ പരിഹാരത്തിനുള്ള ഭാഗവും ഇതിലടങ്ങിയിട്ടുണ്ടല്ലോ."

"തീർച്ചയായും ഉണ്ടു്. അതാണല്ലോ ഞാൻ പറഞ്ഞതു്, എല്ലാ മനുഷ്യരെപ്രതിയും നിന്നെപ്രതിയും ഞാൻ സഹിക്കുന്നു എന്നു്."

"ഈശോ, അപ്പോൾ ഞാനും നിന്റെ ഘാതകരുടേയും പീഡകരുടേയും ഗണത്തിലാണോ?"

"നീതന്നെ ചിന്തിക്കുക. നിന്റെ പാപങ്ങളെപ്പററി പരിശോധിക്കുക. നീ ചെയ്തുപോയ ഓരോ പാപത്തിന്റെയും ചരിത്രം എന്താണു് പറയുന്നതെന്നു നോക്കുക. എന്റെ വിലതീരാത്ത രക്തംകൊണ്ടു മാത്രമേ അതിനു പരിഹാരമാവുകയുള്ളൂ. അതാണു് യാഥാർത്ഥ്യം."

"എന്റെ ഈശോ, നിന്റെ പീഡാചരിത്രം ഇപ്പോൾ ഞാൻ ഗ്രഹിക്കുന്നു. എന്റെ ഭാഗഭാഗിത്വം ഞാൻ സ്പഷ്ടമായി കാണുന്നു. അനുതാപത്തിന്റെ കണ്ണുനീർ ധാരയായി ഞാനൊഴുക്കട്ടെ. നിന്റെ കണ്ണുനീരുകളെ ചുടുചുംബനങ്ങൾകൊണ്ടു ഞാൻ തുടയ്ക്കട്ടെ. നിന്റെ സ്നേഹം എന്നിൽ കത്തികത്തിയെരിയട്ടെ. പീഡിതനായ ഈശോയാകട്ടെ ജീവിതത്തിലെ എന്റെ സ്നേഹധാമം!"

### ബാലരംഗത്തിൽ ചേർന്നവരുടെ പേരുവിവരം

| Reg. No. | |
|---|---|
| 161 | കെ. പി. ബേബി കിഴക്കേഭാഗം, വാഴപ്പിള്ളി മൂവാററുപുഴ |
| 162 | എ. എം. ജോൺ എട്ടിയിൽ, പേരാമ്പ്ര, N. മലബാർ |
| 163 | തോമസ് തോമസ് പുറയാററുവീട്, ചേനപ്പാടി |
| 164 | സി. ടി. ഇട്ടീരാ ചേന്നാട്ട്, കണ്ണിമല, എരുമേലി |
| 165 | പോൾ എ. മേനാച്ചേരി, ഫാത്തിമാനഗർ, തൃശ്ശൂർ |

### 112-ാം നമ്പ്ര് പ്രശ്നത്തിന്റെ ഉത്തരം

എന്റെ പേർ—അപകടം

### പ്രശ്നം നമ്പർ 113

(ജോസഫ് പി. സി. Reg. No. 32)

എന്നെക്കൂടാതെ യാതൊരു ജീവിക്കും ജീവസന്ധാരണം ചെയ്യാൻ സാദ്ധ്യമല്ല. ഞാൻ ശരിയായി പ്രവർത്തിക്കാതിരുന്നാൽ അവ ക്ഷീണിച്ചു് ബലഹീനരായി മൃത്യുവിനിരയായിത്തീരും. അതുകൊണ്ടു് എന്നെ ലക്ഷ്യംവച്ചു് അവ ദൈനംദിനം നല്ല പണിയെടുക്കുകയാണു്. എന്റെ പേരിനു മൂന്നക്ഷരം മാത്രമേയുള്ളു. ഒന്നാമത്തെ അക്ഷരം ആനയിലുണ്ടു്, കുതിരയിലില്ല. രണ്ടാമത്തെ അക്ഷരം മഹാന്മാരിലുണ്ടു്, സാധാരണന്മാരിലില്ല. അവസാനഅക്ഷരം ആരംഭത്തിലാണുള്ളതു്, അവസാനത്തിലില്ല. എന്റെ പേരു പറയാമോ?

(ഉത്തരം അടുത്തതിൽ)

ചെറുകഥ

### ഭ്രാന്തുപിടിച്ച ചിന്തകൾ

(ടി. കെ. തോട്ടക്കര Reg. No. 103)

മനോഹരമായ പ്രകൃതിയുടെ പുൽമെത്ത അന്തിമസൂര്യന്റെ ചെങ്കിരണങ്ങളേററു പ്രശോഭിച്ചിരുന്നു. "കുളുകുളാ"ശബ്ദവും പുറപ്പെടുവിച്ചുകൊണ്ടു് ആരെയോ തിരക്കിയോടുന്ന ആ പുഴവക്കിലുള്ള പുൽപ്രദേശം കാഴ്ചക്കാരുടെ മനംകവരുന്ന ഒന്നാണു്. പവിഴക്കുലകളെപ്പോലെ പ്രകാശിക്കുന്ന ചെന്തെങ്ങിൻകുലകളും മുത്തുമണികൾപോലെ മിന്നുന്ന കുരുമുളകുതിരികളും അതിന്റെ പശ്ചാത്തലമായി നിലകൊള്ളുന്നു. ഒതുക്കാനാവാത്ത നൈരാശ്യത്തോടും അന്തമില്ലാത്ത ചിന്തകളോടും കൂടി ഞാനവിടെ ഇരുന്നു. പടിഞ്ഞാറൻകാററോടൊപ്പം എന്റെ വിചാരവീചികളും ചക്രവാളങ്ങളിൽ ചെന്നലച്ചു് ചുററിക്കറങ്ങുകയാണു്. നൈരാശ്യത്തിന്റെയും സങ്കടത്തിന്റെയും ഒടുങ്ങാത്ത ചിന്തകൾ! ചെറുപ്പംമുതൽ എന്നെ പിന്തുടരുന്ന ഭ്രാന്തുപിടിച്ച ചിന്തകൾ!!

പിറകിൽ ഒരു കാലൊച്ചകേട്ടാണു ഞാൻ തിരിഞ്ഞുനോക്കിയതു്. ശുഭ്രമായ നിലയങ്കിധരിച്ച ഒരു വൈദികൻ. നിർമ്മലസ്നേഹത്തിൽനിന്നും ഊറിവരുന്ന ഒരു പുഞ്ചിരിയോടെ അദ്ദേഹം എന്നെ അഭിവാദ്യംചെയ്തു: "എന്താ സഹോദരാ, ഇങ്ങനെ ഇരിക്കുന്നതു്?"

എന്റെ ഏകാന്തതയെ ഭഞ്ജിച്ച അദ്ദേഹത്തോടെനിക്കു വെറുപ്പുതോന്നി. എങ്കിലും ഞാൻ പറഞ്ഞു: "ഞാൻ എന്റെ പൂർവ്വകാലാനുഭവങ്ങളെ ഒന്നു അയവിറക്കുകയായിരുന്നു."

"എന്താണു് ഇത്രമാത്രം പൂർവ്വകാലചിന്തകൾ? അതെനിക്കും അറിയുന്നതിനു വിരോധമുണ്ടോ?"

"സങ്കടവും നൈരാശ്യവും നിറഞ്ഞതാണു അക്കഥ. കഥയല്ല, കാര്യംതന്നെ. ജീവിതത്തിന്റെ കയ്പേറിയ ഏടുകൾ! അതെല്ലാം എന്തിനു പറയുന്നു? അല്ലെങ്കിൽ പറയാം." ഞാൻ തുടർന്നു: "അന്നു ഞാൻ സ്കൂളിൽ പഠിച്ചുകൊണ്ടിരിക്കുകയായിരുന്നു. എനിക്കു പല കൂട്ടുകാരുമുണ്ടായിരുന്നു. മനുഷ്യജീവിതത്തിന്റെ പൊൻപുലരിയാണല്ലോ ബാല്യം. അതു കരയാനുള്ളതല്ല; ചിരിക്കാനുള്ളതാണു്. മനുഷ്യനെ മനുഷ്യനാക്കി രൂപം കൊടുക്കാനുള്ളതാണു്. ദൈവസന്നിധിയിലേക്കു കൂടുതലായി അടുക്കാവുന്ന കാലം. ഞാൻ അക്കാലത്തു സിനിമകാണാൻ വളരെ ആശിച്ചിരുന്നു. എന്നാൽ എന്റെ മാതാപിതാക്കന്മാർ എന്നെ അനുവദിച്ചിരുന്നില്ല. എന്റെ കൂട്ടുകാർ തലേദിവസത്തെ സിനിമയെപ്പററി ക്ലാസിലിരുന്നു പറഞ്ഞു് രസിക്കുമ്പോൾ എനിക്കു അവരോടു് അസൂയതോന്നാറുണ്ടു്; ഞാൻ സ്വയം ശപിക്കാറുണ്ടു്. പക്ഷെ കാലത്തിന്റെ നെട്ടോട്ടത്തിൽ ഞാൻ വളർന്നു; എന്നോടൊപ്പം എന്റെ ആശകളും. അവയെ തൃപ്തമാക്കാനുള്ള കഴിവുകളും എനിക്കു കരഗതമായി.

ഒരുദിവസം നിശയുടെ നിശബ്ദതയിൽ; അന്ധകാരത്തിന്റെ തണലിൽ ഞാൻ സിനിമകാണാൻ പോയി. ആ ചിത്രത്തിൽ അസഭ്യമായി എനിക്കു ഒന്നും കാണാൻ കഴിഞ്ഞില്ല. ഇത്രമാത്രം നല്ലതായ സിനിമയാണോ കാണരുതെന്നു പറയുന്നതു്? ഞാൻ വിചാരിച്ചു. മുടക്കുകളുടെ പ്രാകാരം തകർന്നു തരിപ്പണമായി. ഞാൻ ഒരു സിനിമാപ്രേമിയായി. വിവേചനാബോധം എനിക്കു കാര്യമായി തോന്നിയില്ല. വീട്ടിൽ അറിയാതെ, ഓരോ സിനിമയും കാണാൻ ഞാൻ പൊയ്ക്കൊണ്ടിരുന്നു, നാരകീയപാശങ്ങൾ എങ്ങോട്ടോ എന്നെ ശക്തിയായി വലിച്ചിഴയ്ക്കുന്നുണ്ടായിരുന്നുവെന്ന വസ്തുത ഞാൻ അറിഞ്ഞില്ല. കാമത്തിന്റെയും കൊലപാതകത്തിന്റെയും രംഗങ്ങൾ എന്റെ വികാരങ്ങളെ തരിപ്പിച്ചു. ഞാൻ സിക്സ്ത്തുപാസ്സായി. വീട്ടിലെ ജീവിതം കൂട്ടിലടയ്ക്കപ്പെട്ട കിളിയുടേതുപോലെയെന്നു എനിക്കുതോന്നി. ഞാൻ വീട്ടിൽനിന്നും പുറത്തുചാടി. എന്റെ ഉത്തമനായ ഒരു സ്നേഹിതൻ ജോർജ്ജും മാതാപിതാക്കന്മാരും എന്നെ പലകുറി ഉപദേശിച്ചു. പക്ഷെ ഞാൻ വഴിപ്പെട്ടില്ല; അതിന്റെ ആവശ്യവും ഞാൻ കണ്ടില്ല. എന്റെ സ്നേഹിതൻ ജോർജ്ജ് ഒരു മിഷനറിയാണിപ്പോൾ. എവിടെയാണെന്നു അറിഞ്ഞുകൂടാ. ഈശ്വരവിശ്വാസവും മതാനുഷ്ഠാനവും നിരർത്ഥകങ്ങളാണെന്നും എല്ലാവിധ സുഖങ്ങളും യാതൊരു നിയന്ത്രണവും കൂടാതെ അനുഭവിക്കുകയാണു് ജീവിതസൗഭാഗ്യമെന്നും എന്റെ കമ്മ്യൂണിസ്റ്റ് സ്നേഹിതന്മാർ എന്നെ ഉപദേശിച്ചു. എനിക്കതു ആസ്വാദ്യകരമായിത്തോന്നി. ഞാൻ ആ പാർട്ടിയിൽ ചേർന്നു. അന്നു ഇലക്ഷന്റെ സമയമായിരുന്നു. നന്നായി പ്രസംഗിക്കാനറിയാമായിരുന്ന എന്നെ അവർ പല സ്ഥലങ്ങളിലും പ്രസംഗിപ്പിച്ചു. അങ്ങനെ ഞാൻ ലോകരുടെ മുമ്പിൽ തനി സഖാവായി. പ്രചരണമെല്ലാം കഴിഞ്ഞു. ഇതിനകം അവരുടെ കള്ളത്തരങ്ങൾ ഞാൻ വളരെയധികം കണ്ടു. ഇലക്ഷൻ കഴിഞ്ഞു. ഒരു നല്ല സഖാവാകാനുള്ള സ്വഭാവം എനിക്കില്ല. അവർക്കു ഇനി എന്നെ ആവശ്യമില്ല. അവർ എന്നെ പുറംതള്ളി. അതുകൊണ്ടു് ഞാനൊരു വിഷമവൃത്തത്തിലായി. വീട്ടിലേക്കു തിരികെ ചെല്ലുക പ്രയാസം; വളരെ പ്രയാസം. ചെറുപ്പത്തിൽ നാട്ടുകാർ എന്നെ നല്ല കൊച്ചനെന്നു വിളിച്ചിരുന്നു. ഇന്നോ? കൊള്ളരുതാത്തവനെന്നും കമ്മ്യൂണിസ്റ്റെന്നും കൊലപാതകിയെന്നും വിളിക്കും, ഇതെല്ലാം ഞാൻ പറഞ്ഞുകഴിഞ്ഞപ്പോഴേക്കും ആയിരമായിരം നക്ഷത്രങ്ങളുടെ അകമ്പടിസേവിച്ചുകൊണ്ടു് ചന്ദ്രബിംബം ഭൂമുഖത്തെ പ്രകാശിപ്പിക്കുവാൻ ആകാശത്തിൽ പ്രത്യക്ഷപ്പെട്ടു. രാത്രിയുടെ ഇരുട്ടകററുവാൻ നൽകപ്പെട്ട ദൈവദാനം. മനുഷ്യർക്കു കിട്ടുന്ന ആന്തരികവെളിച്ചത്തെ അവർ ശരിക്കു ഉപയോഗിച്ചിരുന്നെങ്കിൽ!"

ഇത്രയും സമയം മൗനമായിരുന്നു എന്റെ ദയനീയമായ ജീവിതകഥ കേട്ട ആ നല്ല വൈദികൻ എന്നെ സമാശ്വസിപ്പിച്ചു് എന്റെ ജീവിതപഥം എനിക്കു കാണിച്ചുതന്നു. അദ്ദേഹം ആരായിരുന്നു? എന്റെ പൂർവ്വമിത്രമായിരുന്ന ആ നല്ല ജോർജ്ജുതന്നെയായിരുന്നു അതു്. ഞാൻ സന്തോഷംകൊണ്ടു മതിമറന്നുപോയി. അദ്ദേഹവുമൊരുമിച്ചു ഞാൻ വീട്ടിലേക്കു തിരിച്ചുപോയി. ധൂർത്തപുത്രൻ പിതൃഭവനത്തിലേക്കു്!

—o—

## വിനോദവീഥി



"വണ്ടിപോയിട്ടു് രണ്ടുമണിക്കൂറേ ആയൊള്ളു സാറെ. പിടിന്നു് നടന്നോളു, അടുത്ത സ്റ്റേഷനിൽ വണ്ടിക്കേറാം!"

x x x

അമ്മ:- നമ്മുടെ നായയ്ക്കു എത്രമാത്രം കൂട്ടുകാരാണുള്ളതു്. അവയ്ക്കിതു് എങ്ങിനെ സാധിക്കുന്നു?

ജോണി:- അമ്മച്ചി, അതു ഞാൻ പറയട്ടെ. നായ എപ്പോഴും അതിന്റെ വാലാണു് ആട്ടുന്നതു്. അതു വളരെ ചുരുക്കമായിട്ടു മാത്രമേ അതിന്റെ നാവു് അനക്കാറുള്ളൂ."

x x x

അപ്പച്ചൻ:- ചാക്കോച്ചേട്ടാ ചേട്ടൻ ജോലികഴിഞ്ഞുവരുമ്പോൾ, എന്തെല്ലാമാണു് ഓരോ ദിവസവും സംഭവിച്ചതെന്നു ചേട്ടന്റെ ഭാര്യയോടു പറഞ്ഞുകേൾപ്പിക്കാറുണ്ടോ?

ചാക്കോ:- എന്റെ മോനേ, അതു ഞാൻ പറയേണ്ട ആവശ്യം നേരിടുകയില്ല. ഞാൻ വരുന്നതിനു മുമ്പു അവൾ അയൽവക്കക്കാരോടു ചോദിച്ചു അതെല്ലാം അറിഞ്ഞുകഴിഞ്ഞിരിക്കും.

—o—

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press,
Ernakulam-1